871 871

# സാഹിത്യമഞ്ജരി

(ഏഴാം ഭാഗം—സടിപ്പണീകം)

871 871
1702

ഗ്രന്ഥകൎത്താവ്:

## വള്ളത്തോൾ

871

മൂന്നാം പതിപ്പ്, കോപ്പി ൧൦൦൦.

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ.
൧൧൨൦

വില ക. 1—8—0

(പകൎപ്പവകാശം ഗ്രന്ഥകൎത്താവിന്ന്. എല്ലാ പ്രതികളിലും ഗ്രന്ഥകൎത്താവിന്റെ ഒപ്പടയാളമുണ്ടായിരിക്കും.)

# വിഷയാനുക്രമം


| വിഷയം | വൃത്തം | എഴുതിയ കാലം | | ഭാഗം |
|---|---|---|---|---|
| 1. ജ്ഞാനം | പാന | '03 | മകരം | 1 |
| 2. നമ്മുടെ മറുപടി | കാകളി | '01 | എടവം | 6 |
| 3. എന്റെ കൊച്ചുമകൾ | മഞ്ജരി | '04 | കർക്കടകം | 10 |
| 4. സുദിനം | കേക | '04 | എടവം | 15 |
| 5. തിരുമനസ്സിലെ മതം | അന്നനട | '03 | കന്നി | 20 |
| 6. ഓണം | കേക | '00 | കർക്കടകം | 23 |
| 7. ഗുരുദക്ഷിണ | ശ്ലോകം | '99 | മിഥുനം | 26 |
| 8. 'ഖാദിവസനങ്ങൾ കൈക്കൊൾവിനേവരും' | കാകളി | '02 | മിഥുനം | 31 |
| 9. ഹരേ, കൃഷ്ണ! | കേക | '98 | ചിങ്ങം | 36 |
| 10. എന്റെ ഭാഷ | മഞ്ജരി | '02 | മിഥുനം | 41 |
| 11. ഒരു കിഴവൻപേരാല് | കേക | '04 | ചിങ്ങം | 45 |
| 12. പൈശാചയജ്ഞം | പാന | '99 | മീനം | 49 |
| 13. ജാതിപ്രാഭവം | കേക | '98 | ചിങ്ങം | 53 |
| 14. അതിവൃഷ്ടി | ശ്ലോകം | '97 | കർക്കടകം | 57 |
| 15. കൃഷിക്കാരുടെ പാട്ട് | കേക | '03 | മിഥുനം | 63 |
| 16. പാരവശ്യം | അന്നനട | '02 | ധനു | 67 |
| 17. ഇന്ദ്രനും, മാബലിയും | കാകളി | '03 | വൃശ്ചികം | 72 |
| 18. ഫലപ്രാപ്തി | വഞ്ചിപ്പാട്ട് | '00 | എടവം | 77 |
| 19. കാലം മാറി | കേക | '96 | കർക്കടകം | 80 |

# സാഹിത്യമഞ്ജരി

(ഏഴാംഭാഗം)

## ൧. ജ്ഞാനം

(പാന)

1. അപ്രമേയസുവിസ്താരഗാംഭീര്യം
ത്വൽപ്രഭാവമഭംഗമഭിപൂർണ്ണം:
അപ്പെരുമതൻ നാലഞ്ചു തുള്ളിക-
ളബ്ധികൾ സദാ തുള്ളിയിരമ്പുന്നു—
ഇപ്പെരുംപറക്കൊട്ടിനാൽത്തങ്ങൾത-
ന്നല്പതയെപ്പരസ്യപ്പെടുത്തുന്നു;
ഭാസ്വരപ്രഭമായ നിൻവക്ത്രമോ,
ശാശ്വതമൌനമുദ്രം പരാവിദ്യേ!

---

1. അപ്ര......ര്യം=ഇത്രയെന്നറിയാവതല്ലാത്ത വിസ്താരവും ആഴവുമുള്ളത്. അഭംഗം=മുറിവില്ലാത്തത്; ഓളം വെട്ടാത്തതെന്നും. ആ പെരിയ പ്രാഭവത്തെ ഓർക്കുമ്പോൾ, നമ്മുടെ വിശാലഗംഭീരമായ സമുദ്രംപോലും എത്ര തുച്ഛം എന്ന്: 'അപ്പെരു...ന്നു.' ഭാസ്വരപ്രഭം=മിന്നിത്തിളങ്ങുന്ന പ്രഭയോടുകൂടിയത്. ജ്ഞാനം പ്രകാശാത്മകമാണല്ലോ. ശാശ്വ...ദ്രം=എന്നെന്നും മൌനംപൂണ്ടിരിക്കുന്നത്. പരാവിദ്യ=പരമമായ ജ്ഞാനം.

2. നിൻതിരുമൌനമല്ലോ നരൎക്കേകീ
ചിന്തിതാവിഷ്കൃതിയ്ക്കുള്ള ഭാഷയെ;
എന്തുകൊണ്ടെനിയ്ക്കേകീല വാക്കൊന്നും
ബന്ധുരം തവ രൂപം വിവരിപ്പാൻ!

3. പൃത്ഥ്വിതന്നുള്ളിൽനിന്നുൽഗ്ഗമിച്ചിട്ടും
വ്യൎത്ഥവാഞ്ഛകളാകിന ശാഖികൾ
പത്രമൎമ്മരംകൊണ്ടഭ്രമാൎഗ്ഗമോ-
ടെത്ര ചോദിപ്പതില്ല നിൻതത്ത്വത്തെ?
ഉത്തരമിതിന്നെന്തി,ടിവെട്ടലോ,
പൊൽത്തകിടൊളിച്ചുരൽ മിന്നിയ്ക്കലോ?
അസ്തു, ഗൎജ്ജനതൎജ്ജനാധിഷ്ഠിത,-
മജ്ഞരാമുപരിസ്ഥർതൻ ഗൌരവം!

4. ബാല്യകാലത്തു, നാനാസുമങ്ങളെ
പ്രോല്ലസിപ്പിച്ച പൈങ്കിളിപ്പാട്ടുമായ്,

---

2. ഇങ്ങിനെ പരാവിദ്യ നിശ്ശബ്ദമായിരിക്കുന്നതിനാൽ—മനുഷ്യൎക്ക്, അത് അജ്ഞേയമാകയാൽ—ആണ്, ചിന്തിതത്തെ ആവിഷ്കരിക്കാനുള്ള ഭാഷ ഉണ്ടായത്. പരാവിദ്യ വശപ്പെട്ടാൽ, അന്യന്റെ വിചാരം പറയാതെതന്നെ അറിയാമെന്നാവുമല്ലോ.

3. വ്യൎത്ഥവാഞ്ഛ—പരാവിദ്യ എന്തെന്നറിവാനുള്ള നിഷ്ഫലമായ ആഗ്രഹം. പ്രപഞ്ചത്തിന്റെ പരിണാമഗതി പരമജ്ഞാനത്തെ അഭിമുഖീകരിച്ചുള്ളതാകയാലത്രേ, വൃക്ഷങ്ങളെ ജ്ഞാനവാഞ്ഛയായി രൂപണം ചെയ്തത്. അഭ്രമാൎഗ്ഗം=മേഘങ്ങളുടെ വഴി—ആകാശം. പൊൽ...രൽ—മിന്നൽ. അസ്തു=ആകട്ടെ. ഗൎജ്ജ...തം=അലച്ചയിലും പേടിപ്പെടുത്തലിലുമായി നിലനില്ക്കുന്നത്.

4. മേഘങ്ങളുടെ കഥയിരിക്കട്ടെ; ജഗൽപ്രബോധകനും പ്രകാശാത്മകനുമായ സൂൎയ്യൻപോലും, ഇതിൽ അനഭിജ്ഞനാണെന്ന്:

ദാരിതതമസ്സായ തേജോഗുണ-
മേറിയേറി മുതിർന്ന കതിരോനും,
നാകമദ്ധ്യമണഞ്ഞു, മഹേശി, നിൻ-
ലോകമൊട്ടാകെ നോക്കാൻ തുടങ്ങിയാൽ
'എന്തറിഞ്ഞു ഞാനെ'ന്നു വിവർണ്ണനായ്-
ത്തൻതല ചായ്ക്കയല്ലയോ ചെയ്യുന്നു?
പ്രാജ്ഞതാപരകോടി മനസ്വിയ്ക്കീ
സ്വാജ്ഞതാബോധമല്ലാതെ മറെറന്താം!

5. ലോകമുണ്ടായ നാൾതൊട്ടിതേവരെ,
പ്രാകൃതർതൊട്ടു സംസ്കൃതന്മാർവരെ,
എങ്ങിനെയൊക്കെയെങ്ങു തേടിയി-
ല്ലങ്ങയെ സ്വാത്മചോദിതർ മാനുഷർ!

6. ഏതൊരു കൊടുംകാട്ടിൻ നടുത്തട്ടി-
ലേതൊരു ദുർഗ്ഗഭൂവിലോ നില്ക്കുന്നു,

---

ദാരിതതമസ്സ്=ഇരുളിനെ പിളർത്തിയത്. ആദ്യംമുതൽക്കേ, പറവകളെക്കൊണ്ടു പാടിയ്ക്കുകയും, ആ പാട്ടുകൊണ്ടു പൂക്കളെ വിരിയിയ്ക്കുകയും, ലോകത്തിലെ ഇരുളകററുകയും ചെയ്തു തനിയ്ക്കു വാസ്തവത്തിൽ ഒന്നും അറിഞ്ഞുകൂടല്ലോ എന്നോർത്താണ് സൂര്യൻ മദ്ധ്യാഹ്നത്തിനുശേഷം വൈവർണ്ണ്യപ്പെട്ടു തല ചായ്ക്കുന്നതെന്നാശയം. മനസ്വിയ്ക്ക് (=ഉൽക്കനമുള്ള ഒരാൾക്ക്) പ്രാജ്ഞതാപരകോടി (=അറിവിന്റെ അങ്ങേ അററം), ഈ സ്വാജ്ഞതാബോധം (=തനിയ്ക്കൊന്നും അറിഞ്ഞുകൂടെന്നറിയൽ) അല്ലാതെ മറെറന്തൊന്നാണ്?

5. ജംഗമലോകത്തിന്നും, പരാവിദ്യാലാഭവുമത്ര ഫലിച്ചിട്ടില്ലെന്ന്: സ്വാത്മചോദിതർ=സ്വന്തം ആത്മാവിനാൽ പ്രേരിപ്പിയ്ക്കപ്പെട്ടവർ. വിജ്ഞാനാന്വേഷണത്തിൽ പരപ്രേരണയില്ലായ്കയാൽ, പ്രയത്നക്കുറവുണ്ടാവാനിടയില്ലെന്നഭിപ്രായം.

ഏതു വല്ലായ്മയേയും ശമിപ്പിപ്പാ-
നേകസാധനം നിന്റെ ദിവ്യൌഷധി—
ഏതൊരു കല്ലിലുൾച്ചേൎന്നിരിക്കുന്നു
ധൂതജാഡ്യമാം നിൻതീയനാള്യദന്തം,—
ബഹുഗാധമാമേതൊരു പൎവത-
ഗഹ്വരത്തിലോ പൂഴ്ന്നുകിടക്കുന്നു,
സൎവദാരിദ്ര്യസംഹാരശക്തങ്ങ-
ളവ്യയങ്ങളാം താവകരത്നങ്ങൾ?

7. പൂൎവകൎക്കിതാ, ദണ്ഡനമസ്കാരം:
തീവ്രയത്നം തുടൎന്നുതുടൎന്നവർ
ദേവി, നിൻവെളിച്ചത്തിൻനുറുങ്ങോരോ-
ന്നാവതുപോലെ സംഗ്രഹിച്ചാരല്ലോ;
ഇല്ലയെങ്കിലി,ന്നെങ്ങെൻതരക്കാർത-
ന്നല്ലിലും ചില മിന്നാമിനുങ്ങുകൾ!

---

6. എന്നിട്ടും ഫലമൊന്നുമുണ്ടായില്ല: ദൃഗ്ഭ്രുവ്=ചെന്നെത്താൻ പണിയുള്ളേടം. ധൂതജാഡ്യം=തണുപ്പകററുന്നത്, അജ്ഞത നീക്കുന്നതെന്നും. ബഹുഗാധം=ഏററവും ആഴമുള്ളത്. സൎവ...ക്തങ്ങൾ=എല്ലാ ദാരിദ്ര്യങ്ങളേയും സംഹരിപ്പാൻ കഴിവുള്ളവ. അവ്യയങ്ങൾ=നാശമില്ലാത്തവ. ആ ആദിമപ്രാകൃതമനുഷ്യൻ തുടങ്ങിയ മനുഷ്യസമുദായം, ക്രമേണ, കാട്ടുകളിൽനിന്നു ഫലമൂലൌഷധികളേയും കല്ലിൽനിന്നു തീയിനേയും, പൎവതഗുഹാദികളിൽനിന്നു ലോഹരത്നങ്ങളേയും കണ്ടുപിടിച്ചു; അങ്ങയുടെ ഔഷധിയും തീയും രത്നവും മാത്രം ഇന്നേവരെ കണ്ടുകിട്ടിയിട്ടില്ല!

7. സംഗ്രഹിക്കു=സമ്പാദിക്കു. ആ വെളിച്ചത്തിൻനുറുങ്ങുകൾ (ജ്ഞാനശകലങ്ങൾ) എന്നെപ്പോലുള്ളവരുടെ അല്ലിൽ (മുഴുത്ത അജ്ഞാനത്തിൽ) മിന്നാമിനുങ്ങുകളായിട്ടെങ്കിലും പ്രയോജനപ്പെടുന്നുണ്ടല്ലോ.

8. ബുദ്ധികൊണ്ടു ചിറകുകൾ സമ്പാദി-
ച്ചെത്ര മേല്പോട്ടു കേറിപ്പറന്നാലും,
മാനവന്നു മുൻമട്ടിലേ ദൂരസ്ഥം
ജ്ഞാനദേവതേ, നിൻനഭോമണ്ഡലം!
എങ്കിലുമവനുൽഗ്ഗതിസംരംഭ-
ത്തിങ്കൽനിന്നു പിന്മാറില്ലൊരിക്കലും;
തച്ചിദാകാശശുദ്ധമരുത്തിനെ-
യുച്ഛ്വസിക്കാതിലാരുണ്ടുയിർക്കൊൾവൂ!

---

8. ഇന്നത്തെ പരിഷ്കൃതമനുഷ്യന്നോ, ആലോചിച്ചാലോചിച്ചു ആകാശത്തിലെല്ലാം പറക്കാമെന്നായി (വിമാനം കണ്ടുപിടിച്ചു), എന്നിട്ടും, 'മാനവന്നു...ലം!'. ഉൽഗ്ഗതിസംരംഭം=ഉയരുവാനുള്ള ഉത്സാഹം. തച്ചി...ത്ത്=നിന്റെ ജ്ഞാനാത്മകമായ ആകാശത്തിലെ തെളിഞ്ഞ കാറ്റ്.

# ൨. നമ്മുടെ മറുപടി

(കാകളി)

1. ഭാരതമാണെൻെറ ജന്മഭൂവാം;-ശമ-
ധീരരൃഷിശ്രേഷ്ഠരെൻപ്രപിതാമഹർ;
ബോധാർക്കരശ്മ്യങ്കുരങ്ങളുപനിഷൽ-
ഗീതകളെന്നെന്നുമെൻകുലവിദ്യകൾ;
വിശ്വത്രയത്തിൽ മേ പ്രാപ്യമായുള്ളതോ,
നശ്വരമല്ലാത്ത പൂർണ്ണമുക്തിപദം.

2. എത്തേണ്ടതാമിടത്തെത്തിയാലും ശരി,
മദ്ധ്യേ മരണം വിഴുങ്ങിയാലും ശരി,
മുന്നോട്ടുതന്നേ നടക്കും വഴിയിലെ
മുള്ളുകളൊക്കെച്ചവുട്ടിമെതിച്ചു ഞാൻ;
പിന്നാലെ വന്നിടും പിഞ്ചുപദങ്ങൾക്കു
വിന്യാസവേളയിൽ വേദന തോന്നൊലാ.
അല്ലുടൻ വന്നു മറച്ചാൽ മറയ്ക്കട്ടെ,
മുല്ലതൻപൂക്കൾ വിരികതാൻ ചെയ്തിടും;
അന്തരിക്ഷത്തിലണയ്ക്കയും ചെയ്തിടു-
മന്തിക്കുളിർകാററവററിൻപരിമളം.

---

1. ഇന്ത്യയുടെ സ്വാതന്ത്ര്യപരിശ്രമത്തിൽ പല പ്രതിബന്ധങ്ങളും എടുത്തുപറയുന്നവരോടു നമുക്കുള്ള മറുപടി: ബോധാ......രങ്ങൾ=ജ്ഞാനമാകുന്ന സൂര്യൻെറ കിരണങ്ങളുടെ മുളകൾ. ഉപ......തകൾ=ഉപനിഷത്തുകളും, ഭഗവൽഗീതയും. പദം=സ്ഥാനം.

2. മുള്ളുകൾ=പീഡാത്മകങ്ങളായ വിഘ്നങ്ങൾ. വിന്യാസവേള=(കാൽ) വെയ്ക്കുന്ന സമയം. ഇനി വരുന്ന കുട്ടികളെ വിചാരിച്ചു

3. എൻകാൽകളിലനാചാരകാളായസ-
ശൃംഖലക്കെട്ടൊന്നു കെട്ടിയിട്ടുള്ളതോ,
നേരേ വലിഞ്ഞു മുറിഞ്ഞുപോയ്ക്കൊള്ളു,മി-
ങ്ങോട്ടേഴടി നീട്ടിനീട്ടി വെച്ചാൽ മതി.

4. ജാതിമതാദിവഴക്കൊരു നാടിനെ
സ്വാതന്ത്ര്യസിദ്ധിയ്ക്കനർഹമാക്കീടുമോ?
സോദരർ തമ്മിലെപ്പോരൊരു പോരല്ല,
സൌഹൃദത്തിൻെറ കലങ്ങിമറിയലാം.
തങ്ങളിൽത്തല്ലിയിരമ്പുന്നു, വാസ്തവം-
തന്നേ, കടലിൽപ്പലതരമൂർമ്മികൾ;
എന്നാലതേപൊഴുതന്യോന്യമക്കൂട്ടർ
വെൺനുരച്ചാർത്താൽച്ചിരിപ്പതും കാണ്മു നാം.

5. അക്ഷോഭ്യതയാലഗാധാശയതയാ-
ലക്ഷയാത്യുന്നതരത്നാകരതയാൽ

---

ങ്കിലും, നാം അനുഭവിച്ചുതീർക്കേണ്ട പീഡകളെല്ലാം ഞാൻ അനുഭവിച്ചുതീർക്കും. ലോകത്തിൽ പരിമളം പരത്താനുള്ള എൻെറ ഈ വികാസാവസ്ഥയെ തടയുവാൻ ഒന്നിനും കഴിവില്ലെന്ന്: "'അല്ല...മളം.' മുല്ലപ്പൂവു രാത്രിയിലാണല്ലോ വിരിയുക.

3. 'നിങ്ങളുടെ ആചാരങ്ങൾ പലതുംതന്നെ ഇതിന്നു പ്രതിബന്ധമല്ലയോ?' എന്നാണെങ്കിൽ: കാളാ...ല=കാരിരുമ്പിൻചങ്ങല. അനാചാരങ്ങളെ അകററുവാൻ വേറെ യത്നംതന്നെ ആവശ്യമില്ലെന്നു താൽപര്യം.

4. ജാതിമതാദിമത്സരമോ, അങ്ങിനെയൊരു മത്സരമേ അല്ലെന്ന്: ഊർമ്മി=തിര. അതേപൊഴുത്—തല്ലിയിരമ്പിക്കൊണ്ടിരിയ്ക്കേ തന്നെ.

5. സമുദ്രത്തിൽ തിരകൾ തമ്മിൽത്തല്ലുന്നതുപോലെയാണ്, ഭാരതവർഷത്തിൽ ജനങ്ങൾ കലഹിയ്ക്കുന്നത് എന്നു പറഞ്ഞതിനെ, ഭാരതത്തിന്നു സമുദ്രതുല്യത്വം കല്പിച്ചു സമർത്ഥിയ്ക്കുന്നു:—അക്ഷയാ... ത=നശിയ്ക്കാത്തവയും അത്യുൽകൃഷ്ടങ്ങളുമായ രത്നങ്ങളുടെ വിളനില

ആഴിയാണെൻനാടു്; ജീവനവർഷിക-
ളൂഴിയിലെങ്ങുമിതിൻെറ നീരാവികൾ.

6. ഗോഹത്യ നിർത്താൻ നരഹത്യ ചെയ്യുന്നു
സാഹസാൽ സാഹസമെന്നു നണ്ണാതെയും,
ഗീതസ്വരൂപനാമല്ലാഹിനു വാദ്യ-
ഗീതസ്വനം പ്രിയമല്ലെന്നിരിക്കിലോ,
പാഥോനിധികൾ പടഹമടിക്കുമോ,
പാടുമോ പൂംകുയിലെന്നിതോർക്കാതെയും
ഉന്മത്തർ പോലീ വലമിടംകയ്യുകൾ
തമ്മിൽപ്പൊരുതിയൊഴുക്കും നിണത്തിലും
മൽപ്രിയരാജ്യത്തിനാസന്നമാകിയ
സുപ്രഭാതത്തിൻ തുടുപ്പു കാണുന്നു ഞാൻ.

7. മദ്യവിഷോഷ്മാവിലെൻനാടിനിപ്പൊഴും
നിർദ്ദഹിക്കാറായില്ലോജോധനാദികൾ;

---

മായിരിക്കൽ. ഇതിൻെറ നീരാവികൾ (വിജ്ഞാനങ്ങൾ എന്നു സാരം) ഊഴിയിലെങ്ങും ജീവനത്തെ (പൊരുതിയെ, ജലത്തെ എന്നും) വർഷിക്കുന്നവയാണ്. സമുദ്രത്തിലെ ആവിയാണല്ലോ മഴയായിത്തീരുന്നത്.

6. മത്സരങ്ങളിൽ മുഖ്യമായ ഹിന്ദുമുസ്ലീംവഴക്കിനെപ്പററി: ഗീതസ്വരൂപൻ=കീർത്തിക്കപ്പെട്ട സ്വരൂപത്തോടുകൂടിയവൻ; അഥവാ ശബ്ദബ്രഹ്മാത്മകൻ. പാഥോനിധി=സമുദ്രം. തെററിദ്ധാരണയാലുണ്ടാകുന്ന മത്സരം, വൈകാതെ പശ്ചാത്താപത്തിലൂടെ ദൃഢസൌഹാർദ്ദത്തിൽ ചെന്നെത്താതിരിക്കില്ല, അങ്ങിനെ ഒരുമിച്ചാലോ, ഈ വലമിടംകയ്യുകൾ (ഹിന്ദുക്കളും മുസ്ലീമങ്ങളും) ക്ക് എന്തു ചെയ്യാൻ കഴിയില്ല!

7. ഊഷ്മാവ്=ആവി. നിർദ്ദഹിക്കു=വെന്തുപോവുക. ഓജസ്സ്=ദേഹബലം. മദ്യനിരോധനം തികച്ചും സാധിച്ചുകഴിഞ്ഞിട്ടില്ലെന്നുള്ള

നില്ക്കട്ടെ: പീയൂഷധാരകളില്ലയോ,
ചക്രങ്ങളിൽനിന്നു നീളുന്ന നൂല്കളായ്!

8. എന്തെന്തശസ്ത്രനാം പോരാളിയോ ഇവ-
നി,ന്ത്യന്റെ വാളല്ല ധർമ്മമാണായുധം;
ചോര പുരണ്ട വിഭവം ഭുജിക്കുവാൻ
ഘോരപിശാചരെങ്ങീയൃഷിഭൂമിയിൽ?

9. ഇന്ത്യാചരിത്രത്തിലേതേട്ടിലും പാര-
തന്ത്ര്യാക്ഷരങ്ങൾ പതിഞ്ഞുകൂടാ ദൃഢം;
നിർമ്മുക്തിവാതിൽ പരക്കെത്തുറന്നിട്ട
മന്മാതൃഭൂവിത്തുറങ്കിൽക്കിടക്കയോ—
ഇമ്മട്ടിലാകണം നമ്മുടെയുത്തരം,
പിന്മാറുവാനായ്ബ്ഭയാശങ്ക ചൊല്ലിയാൽ!

---

ത്തു വാസ്തവം; എന്നാൽ ഖദറിന്നു പ്രചാരം വർദ്ധിച്ചുവരുന്നുണ്ടല്ലോ— ആ വിഷമത്തെ ഈ അമ്മ പരിഹരിച്ചുകൊള്ളും.

8. 'എന്തായാലും നിങ്ങൾ ആയുധമില്ലാത്ത പടയാളികളല്ലേ!' എന്നു പരിഹസിക്കുകയാണെങ്കിൽ: വിഭവം=സമ്പത്ത്. ആയുധമുണ്ടായാൽത്തന്നെ, അതുകൊണ്ടു നേടുന്ന ഐശ്വര്യം ഭുജിപ്പാൻ ഇന്ത്യയിൽ ആരുമുണ്ടാവില്ല, ഋഷ്യാശ്രമങ്ങളിൽ പിശാചുക്കളുണ്ടാവില്ല.

9. നിർമ്മു...ന്നിട്ട=ലോകത്തിന്നു പരക്കെ മുക്തിമാർഗ്ഗം ഉപദേശിച്ചുകൊടുത്ത. ഭയാശങ്ക—കഴിഞ്ഞ വരികളിൽ മറുപടി പറയപ്പെട്ട ഭയാശങ്ക.

# ൩. എൻെറ കൊച്ചുമകൾ

(മാകന്ദമഞ്ജരി)

1. അന്തിച്ചുകപ്പിതു, വാരുണപൂരിലെ-
ബ്ബന്ധുരച്ചെമ്പനിനീർപ്പൂന്തോട്ടം—
എന്തിനതങ്ങോട്ടു നിൻകൊച്ചുകൈ നീട്ടുന്നു
നിന്തരക്കാക്കൊത്ത പൂക്കൊതിയാൽ?
കിട്ടില്ലതിങ്കൽനിന്നൊരൊററയിതളുമെൻ-
കുട്ടിക്കവിത്വമേ, നിൻകരത്തിൽ.

2. എന്നാൽ ക്ഷണേന വിഭൂഷിതമായ്വന്നി-
തെൻനെഞ്ചൊരഞ്ചിതദിവ്യപ്പൂവാൽ:
കൊണ്ടുവന്നെൻകയ്യിലേകിനാളെന്നുടെ
കൊച്ചുകുമാരിയെത്തജ്ജനനി.
പല്ലങ്കുരിച്ചുതുടങ്ങിയിട്ടില്ലാത്ത
പല്ലവച്ചോരിവായ്കൊണ്ടു പൈതൽ
മെല്ലെച്ചിരിക്കയായു,മ്മവെച്ചുമ്മവെ-
ച്ചുല്ലാസമുൾക്കൊള്ളുമെൻെറ നേരേ.

---

1. വാരുണപുര് =വരുണൻെറ കൊട്ടാരം. കൊച്ചുകൈ— അതുണ്ടോ, ആ പൂന്തോട്ടത്തോളം നീളുന്നു!

2. അഞ്ചിതം=മനോഹരം. ആ ദിവ്യോദ്യാനത്തിലെ ഒരിതളും കിട്ടില്ലെങ്കിൽ വേണ്ട; മറെറാരു ദിവ്യപ്പൂവിനാൽ തൻെറ മാറിടം അലങ്കരിക്കപ്പെട്ടുവല്ലോ എന്നാശ്വസിക്കുന്നു. തജ്ജനനി=അവളുടെ അമ്മ.

3. സഞ്ചിതമായിരിപ്പുണ്ടു തികച്ചുമി-
ച്ചെഞ്ചെറുവായ്മലർപ്പുഞ്ചിരിയിൽ,
പാരിങ്കലെപ്പനിനീർപ്പൂക്കളൊന്നൊന്നായ്
സ്വൈരം വിരിയും വിരിയലെല്ലാം—
സൌന്ദര്യലക്ഷ്മീവിലാസദളങ്ങളോ-
രോന്നായ് നിവരും നിവരലെല്ലാം—
മഞ്ജിമമാണിക്യക്കത്തിയളുക്കുകൾ
മന്ദം തുറക്കും തുറക്കലെല്ലാം—
തൊട്ടാൽത്തിണർത്തുപോം പട്ടുപതുപ്പുകൾ
ചുറ്റിവിരിയ്ക്കും വിരിയ്ക്കലെല്ലാം—
തേൻതുള്ളി താവിക്കളിർത്ത സുഗന്ധങ്ങ-
ളേന്തിത്തുളുമ്പും തുളുമ്പലെല്ലാം—
വിണ്ണിനു ചേർന്ന വിശിഷ്ടവിശുദ്ധികൾ
വിങ്ങി വഴിയും വഴിയലെല്ലാം!

4. ചായത്തിരശ്ശീല നീട്ടിപ്പിടിയ്ക്കട്ടേ
സായമിരുട്ടിൻപുറപ്പാടിന്നായ്;
തൂവെളിച്ചത്തെ വളർത്തുമുഷസ്സല്ലോ
കൈവന്നിരിയ്ക്കുന്നു, ഭാഗ്യത്താൽ മേ.

---

3. കുട്ടികളുടെ ആ ചിരിയിൽ ഏതു ലോകത്തിലുമുള്ള പനിനീർപ്പൂക്കളുടെ മാത്രമല്ല, മററു പലതിന്റേയും സൌന്ദര്യമുണ്ടെന്ന് ആഹ്ലാദിയ്ക്കുന്നു: സഞ്ചിതം=ശേഖരിച്ചുവെയ്ക്കപ്പെട്ടത്. മഞ്ജിമ=മനോഹരത. ഈ ശീലുകളിൽ, കുട്ടി ചിരിയ്ക്കുമ്പോൾ ചെഞ്ചുണ്ടുകൾ വിടരുന്നതിനേയും, മഞ്ജുളങ്ങളായ തൊണ്ണുകൾ അകലുന്നതിനേയും, ലാലാജലവും സുഗന്ധവും പുറപ്പെടുന്നതിനേയും, അതിന്റെ വിശുദ്ധിയേയും വർണ്ണിയ്ക്കുന്നു.

4. ഇനിയെന്തിന് ആ അന്തിച്ചുകപ്പിന്മേലെയ്ക്കു കൊതിച്ചു നോക്കുന്നു എന്ന്: സായം=വൈകുന്നേരം (കർത്തൃപദം). കുട്ടി, ഉഷ

ആജന്മരമ്യമാമാഹ്ലാദരശ്മി നീ-
യാ,നന്ദസാമ്രാജ്യച്ചെങ്കോലു നീ;
ആസ്തിക്യബുദ്ധി നീയ,ദ്വൈതസിദ്ധി നീ-
യാ,ത്മാവു നീയെനിയ്ക്കാരോമലേ!

5. വിണ്ടലത്തുള്ള വിലപ്പെട്ടും വില്ലീസ്സു-
കൊണ്ടാവാം നിന്നിളംചേവടികൾ;
മേലിലിവയ്ക്കു നടക്കേണ്ടുമീ മന്നോ,
നീളെക്കൽമുള്ളു നിറഞ്ഞതത്രേ.
ഈ ലോകയാത്രയിലേശിടും ക്ലേശങ്ങൾ
കാലേ കഥഞ്ചിൽ ഗ്രഹിയ്ക്കയാലോ,
പെറ്റുവീണപ്പൊഴേ ഞെട്ടിക്കരഞ്ഞതെൻ-
കറ്റക്കിടാവേ, കളസ്വരം നീ?

6. നിത്യം പകലുകൾ, വരുമ്പൊഴും പോമ്പൊഴും
രക്താഭമായിബ്ഭവിപ്പൂ വക്ത്രം;
മർത്ത്യനോ, ഹാ, കരയുന്നു പിറപ്പിലും
മൃത്യുകാലത്തിലുമസ്വസ്ഥനായ്!
ശൂന്യതതന്റെ മടിത്തട്ടിൽനിന്നിങ്ങു
പോന്നതിലാണഴലെങ്കില,വൻ,

---

സ്സായതെങ്ങിനെയെന്ന്: ആജന്മരമ്യം=ജന്മംമുതല്ക്കേ മനോഹരം. അരുണകിരണാത്മികയായ ഉഷസ്സ്, ആനന്ദത്തെ നമുക്കധീനമാക്കിത്തരുന്ന ചെങ്കോലാണല്ലോ. 'തൂവെളിച്ചത്തെ വളർത്തു'ന്നതെങ്ങിനെയെന്ന്: ആസ്തിക്യബുദ്ധി=(ഈശ്വരൻ) ഉണ്ടെന്ന ബോധം. അദ്വൈതസിദ്ധി=രണ്ടില്ലെന്ന ബോധമുണ്ടാവൽ. 'ആത്മാ വൈ പുത്രനാമാസി' (=പുത്രനെന്നു പറയുന്നത് ആത്മാവുതന്നെയാണ്) എന്നു ശ്രുതി.

5. കുട്ടിയുടെ സൌകുമാര്യത്തെ കണ്ടു, ജീവിതത്തിന്റെ കാർക്കശ്യത്തെ സ്മരിയ്ക്കുന്നു: കഥഞ്ചിൽ=വല്ലവിധത്തിലും.

6. രക്താഭം=തുടുത്തത്. മുഖത്തിന്റെ തുടുപ്പു ഹർഷത്തെ സൂചിപ്പിയ്ക്കുന്നു. ശൂന്യത=പ്രകൃതിബന്ധമില്ലാത്ത സ്ഥിതി (ബ്രഹ്മാവസ്ഥ).

പിന്നെയങ്ങോട്ടേ ഗമിയ്ക്കൂ സ്വമാർഗ്ഗമെ-
ന്തിന്നു കുതിക്കുന്നു കണ്ണീരിനാൽ?

7. ഞെട്ടിക്കരയുന്നു; പൊട്ടിച്ചിരിയ്ക്കുന്നു,
കുട്ടിയാണിന്നുമുലകിതെന്നോ?

8. ഉത്തരം തോന്നാത്ത ചോദ്യത്താലെന്നുള്ളി-
ന്നുത്തരളത്വം പിണഞ്ഞതിനെ
ചിക്കെന്നമർത്താനോ തല്ലുന്നതെൻനെഞ്ഞ-
ത്തി,ക്കുഞ്ഞിക്കയ്യാലെൻ പൊന്നുമകൾ!

9. അച്ഛന്റെ പാഴ്നര കേറിയ മാറത്തു
നൽച്ചെമ്പവിഴത്തെച്ചാർത്തിയ്ക്കലും,
അമ്മിഞ്ഞക്കണ്ണു തിരുമ്മലുമല്ലാതെ-
ന്നമ്മുവിൻ ചിന്നക്കൈയ്യെന്തറിയാം!
പൂച്ചതൻ വാലു പിടിച്ചുവലിപ്പാനും,
പൂഴികൾ വാരിപ്പൊഴിയ്ക്കുവാനും,
പമ്പരംപന്തെടുത്തങ്ങിങ്ങെറിയാനും
വെമ്പുകയല്ലി നിൻപൂവൽക്കൈകൾ!

---

7. അഥവാ, മനുഷ്യൻ കരയുന്നതും ചിരിയ്ക്കുന്നതും നിരർത്ഥകമായിരിയ്ക്കുമെന്നു്: 'ഞെട്ടിക്കരയുന്നു, പൊട്ടിച്ചിരിക്കുന്നു' എന്നിവ, കരച്ചിലും ചിരിയും പെട്ടെന്നു നിഷ്കാരണമായിട്ടാണെന്നു വ്യഞ്ജിപ്പിയ്ക്കുന്നു. ഇത്ര കാലമായിട്ടും, അതു ചെയ്യാതിരിയ്ക്കാവുന്നേടത്തോളം മനുഷ്യൻ വളർന്നിട്ടില്ലെന്നോ?

8. ഉത്തരളത്വം=തങ്ങിപ്പൊങ്ങൽ.

9. വീണ്ടും ജീവിതചിന്തയിലേയ്ക്കു പ്രവേശിയ്ക്കുന്നു: നൽച്ചെം ...ത്തിയ്ക്കൽ=പവിഴംപോലെ ചുവന്ന കുഞ്ഞിക്കൈകൊണ്ടു തല്ലൽ.

10. എത്ര കനത്തതാണാവോ, മൃണാളത്തി-
നൊത്ത നിൻകയ്യാൽച്ചെയ്യേണ്ടും കൃത്യം?
എത്ര കനത്തതായാലു,മതിന്നൊത്ത
ശക്തിയിതിന്നു വശപ്പെടാവൂ!
ചോരിവായ്ത്തേനിനാലാർദ്രമാം പിഞ്ചുകൈ-
ത്താരിതു തോരാതെ നിന്നിടാവൂ,
ദാരിദ്ര്യദാഹത്താൽ വററിയ വായ്ക്കളെ-
ദ്ദുരിതഖേദം നനയ്ക്കുവാനായ്!

11. അജ്ഞാനഭാരത്താൽ ബാലവൈധവ്യത്താ-
ലസ്വാതന്ത്ര്യത്താലനാചാരത്താൽ
ആവതില്ലാതെത്ര സോദരിമാരുണ്ടീ-
സ്സാവിത്രീദേവിതൻ ജന്മഭൂവിൽ;
ഇക്കൂട്ടക്കാരിലൊരുത്തിയെയെങ്കിലും
ദുഃഖത്തിൽനിന്നു പിടിച്ചുകേററാൻ
തക്ക കരുത്തിനെത്തന്നരുളാവൂ നിൻ-
പൊൽക്കരുന്നാകുമിക്കൈയ്ക്കു കുഞ്ഞേ,
നിന്റെയുമെന്റെയുമെല്ലാച്ചരാചര-
ത്തിന്റെയും വാത്സല്യശീലനച്ഛൻ!

---

10. ദുരിതഖേദം=ഖേദമകററിയിട്ട്. നിനക്കു ലോകത്തിലുള്ള ദരിദ്രന്മാരുടെ ദാരിദ്ര്യദുഃഖം തീർക്കുവാൻ ഇടവരട്ടെ!

11. സാവിത്രീദേവി നല്ല വിദുഷിയായിരുന്നു. തനിക്കിഷ്ടനായ യുവാവിനെ വരിച്ചുകൊള്ളുവാൻ അവൾക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു; യാതൊരനാചാരവും അവളെ അതിൽ തടഞ്ഞില്ല; തനിക്കു് അകാലത്തിലേററ വൈധവ്യത്തെ താൻതാൻ തീർക്കുവാൻ അവൾക്കു ശേഷിയുമുണ്ടായി.

# ൪. സുദിനം

(കേക)

1. അംബികേ, ഗോദാവരി, കൈതൊഴാം: തവ രമ്യ-
നിർമ്മലജലത്തിലൊന്നിറങ്ങിമുഴകാതെ,
ഇമ്മട്ടിൽപ്പുകവണ്ടിയാത്രയിൽപ്പാലം കേറി
നിന്മീതേ കടന്നുപോമെൻ കുററം പൊറുത്താലും!

2. അംബ്വഗ്നിതുരഗമാം തേരിന്റെ കുതിച്ചോട്ടം—
ഇമ്മർത്ത്യലോഭോഷ്മാവിൻ ദുർന്നിവാരമാം വേഗം—
നമ്രനാമെന്നെച്ചിക്കെന്നകലത്താക്കി, പുണ്യ-
കർമ്മത്തിൽനിന്നും നോക്കിക്കാണേണ്ടുന്നതിൽനിന്നും.

3. ഗംഗയും യമുനയും വിളിയ്ക്കപ്പെട്ടാൽപ്പിന്നീ-
ടങ്ങയെയല്ലോ, തീർത്ഥപ്രാർത്ഥികളാവാഹിപ്പൂ;
ഏഴ വൻനദികളിൽ മൂന്നാമത്തവൾ നീ; നിൻ-
താഴെയുള്ളവരത്രേ മററു നാല്വരുമാര്യേ!

---

1. കവി 1104-ൽ ഉത്തരഭാരതത്തിൽ സഞ്ചരിയ്ക്കുവാൻ പോകുമ്പോൾ.

2. അംബ്വ...ഗം=വെള്ളവും തിയ്യുമാകുന്ന കുതിരകളോടുകൂടിയത്. മർത്ത്യ...വ്=മനുഷ്യന്റെ ദുരയുടെ ആവി. ദുർന്നിവാരം=തടുത്തുകൂടാത്തത്. നമ്രൻ=(പാലത്തിന്മേൽവെച്ച ഗോദാവരീദർശനൗത്സുക്യത്താൽ പുറത്തെയ്ക്കു) കുനിഞ്ഞവൻ, ഭക്തിപ്രണതൻ എന്നഭിപ്രായം.

3. 'പുണ്യകർമ്മ'മെന്തായിരുന്നു എന്ന്: തീർത്ഥപ്രാർത്ഥികൾ=തീർത്ഥത്തെ ആവശ്യപ്പെടുന്നവർ. 'ഗംഗേ, ച യമുനേ, ചൈവ ഗോദാവരി, സരസ്വതി, നർമ്മദേ, സിന്ധു, കാവേരി ജലേസ്മിൻ സന്നിധിം കുരു!' എന്നാണ്, തീർത്ഥങ്ങളെ ആവാഹിപ്പാനുള്ള മന്ത്രം. ഇവയാണ്, ഏഴ വൻനദികളും. ഇങ്ങിനെ ആവാഹിയ്ക്കപ്പെടുന്ന തീർത്ഥത്തിന്റെ അടുത്തു ചെന്നിട്ടും അതിൽ സ്നാനം ചെയ്ക എന്ന പുണ്യകർമ്മം ചെയ്യാറിരുന്നുകൂടല്ലോ.

4. ഉത്തരദേശം ജഹ്നുസൂര്യജാനദികളാ-
ലൃദ്ധിമത്ത,തേമട്ടിൽദ്ദക്ഷിണദേശം നിന്നാൽ;
നിർമ്മായം പ്രവഹിപ്പൂ നിങ്ങൾ മൂവ്വരിലൂടേ
കർമ്മഭൂമിതൻ വൃത്തിത്രയവും ത്രിവർഗ്ഗവും.

5. സാദരം സ്നാനം ചെയ്യുമാന്ധ്രിമാരുടെയുമീ-
പ്രാതഃശ്രീയുടെയും മെയ്ക്കുങ്കുമം ക്രമത്താലേ
ക്ഷാളനംചെയ്യപ്പെട്ടും ബിംബിച്ചും ത്വദംബുവി-
ലാലക്ഷ്യമാകുന്നുണ്ടൊരന്യവർണ്ണത്തെ ധന്യേ!

6. സ്വച്ഛഗാത്രികളാമീയാന്ധ്രഗേഹിനിമാർതൻ
പിച്ചളക്കുടങ്ങളിൽപ്പുക്കു ചെന്നനുവേലം
എത്രയായിരം കുടുംബങ്ങളെപ്പോററുന്നീലാ,
മെത്തിന മാതൃമനസ്സലിവീ,ത്തവ തണ്ണീർ!

---

4. ഗോദാവരി പുണ്യതീർത്ഥമായതു വെറുതെയല്ലെന്നു്: ജഹ്നു...ദികൾ=ഗംഗയും യമുനയും. ഋദ്ധിമത്തു് = സമൃദ്ധിയുള്ളതു്. നിർമ്മായം=പരമാർത്ഥത്തിൽ. വൃത്തിത്രയം=മൂന്നു ജീവനോപായങ്ങൾ: കൃഷി, പാശുപാല്യം, വാണിജ്യം. ത്രിവർഗ്ഗം=ധർമ്മാർത്ഥകാമങ്ങൾ. ഈ മൂന്നു നദികളും, ഏരികളെക്കൊണ്ടും കരയ്ക്കുള്ള പുൽമൈതാനങ്ങളെക്കൊണ്ടും ഗതാഗതസൌകര്യംകൊണ്ടും വൃത്തിത്രയത്തിനും, അവവഴി അർത്ഥകാമങ്ങൾക്കും, അങ്ങിനെ പുണ്യതീർത്ഥങ്ങളാകയാൽ ധർമ്മത്തിന്നും സാധകങ്ങളാകുന്നു.

5. 'നോക്കിക്കാണേണ്ടുന്നതെ'ന്തായിരുന്നു എന്നു്: ആന്ധ്രിമാർ=തെലുങ്കുസ്ത്രീകൾ. ഈ പ്രാതഃശ്രീ—പ്രഭാതത്തിലാണു് അതിലേ കടന്നുപോയതു്. ആലക്ഷ്യം=കാണാവുന്നതു്.

6. സ്വച്ഛഗാത്രികൾ=(സ്നാനം കഴിഞ്ഞു) ശരീരം വെടുപ്പായവർ. ഗേഹിനി=കുടുംബേശ്വരി. അനുവേലം=അതാതുസമയത്തു്. മെത്തിന=വർദ്ധിച്ച.

7. പാന്ഥരാൽസ്സാമാനത്താൽനിറയപ്പെട്ടു,ങ്ങിങ്ങു
നീന്തുന്ന നാനാവഞ്ചിവർഗ്ഗത്തെ വീണ്ടും വീണ്ടും
സാന്ത്വനംചൊല്ലിപ്പാർശ്വങ്ങളിലായ്ത്തലോടുന്നു
ശ്രാന്തിഹാരിണിയാം നിൻ വാത്സല്യതരംഗങ്ങൾ.

8. ഉൾത്തിങ്ങുമനുകമ്പയുൽഗ്ഗമിക്കയാലാവാ-
മിത്തിരി പച്ചനിറം കാണ്മതു നിൻതണ്ണീരിൽ;
ഇച്ചെറുപച്ചനിറത്തിന്റെ സദ്വ്യാഖ്യാനങ്ങ-
ളു,ച്ചകൈരുപാന്തത്തിൽത്തഴച്ച സസ്യാദ്യങ്ങൾ!

9. വെണ്ണുരനുറുങ്ങുകൾ ചിന്തിയ നിൻവെള്ളച്ചാൽ,
വെള്ളിപ്പുള്ളികൾ ചേർന്നുള്ളോരിളംപച്ചപ്പട്ടോ;
ആരുവാനിതു നെയ്തതാ,രുവാൻ വിരിച്ചതി-
ങ്ങാ,രുടെയുടുപ്പായിടേണ്ടുവൊന്നിതു ഹാഹാ!

10. കൂലവൃക്ഷങ്ങളുടെ ഭക്ത്യശ്രുകണികകൾ
പോലിതാ, ജലോപരി പൊഴിഞ്ഞ പുതുപൂക്കൾ
വേലവോർമ്മികളാലേ മുറയ്ക്കു കോർക്കപ്പെട്ട
ചേലിലായ് നെടിയോരു മാല ചാർത്തിച്ചു നിന്നെ.

---

7. ഓളങ്ങളുടെ കളകളമാണ്, 'സാന്ത്വനം ചൊല്ലൽ'. ശ്രാന്തി (=തളർച്ച)യകററുന്ന ഗോദാവരി, പിടിപ്പതു യാത്രക്കാരെയും സാമാനം ചുമന്നു നീന്തുന്ന വഞ്ചികളിൽ വാത്സല്യം തോന്നി, അവയെ തിരക്കൈകളെക്കൊണ്ടു തലോടുന്നു.

8. അനുകമ്പയെ പച്ചനിറമായിട്ടാണ് വർണ്ണിക്കാറ്. ഉച്ചൈഃ=ഉയരെ. ഉപാന്തം=സമീപം. നദീജലത്തിൽ വളർന്ന സസ്യാദികൾ, അതിന്റെ ആ അനുകമ്പയെ നല്ലവണ്ണം വ്യാഖ്യാനിക്കുന്നു.

9. ആ പച്ചപ്പട്ടിൽ കൌതുകം തോന്നിയിട്ട്, അതിനെസ്സംബന്ധിച്ച എല്ലാം വിവരങ്ങളും (ആർ നെയ്തു? ആർ വിരിച്ചു? ആർക്കുവേണ്ടി?) അറിവാൻ ആഗ്രഹിക്കുന്നു.

10. കൂലം=കര. വേലവോർമ്മി=ചെറിയ ഓളം. വൃക്ഷങ്ങൾ ഭക്തിയാൽ ഒരു മാലയണിയിച്ചു.

11. ത്വത്തീർത്ഥസംസേവയ്ക്കായ്ത്തിങ്കളിൻവരുതിവി-
ട്ടത്രതാൻ കുടികൊണ്ട പൂനിലാപ്പരിഷയോ,
ഭക്തർക്കു വാരിയെടുപ്പാനായിപ്പരത്തിയ
സത്വമാം ഗുണംതാനോ നിന്മണൽപ്പുറം ശുഭ്രം!
എത്ര താപസരുടെ,യെത്ര യോഗികളുടെ
തത്വചിന്തനം നടന്നിട്ടില്ല നിൻതീരത്തിൽ;
വ്യക്തമായ്പ്പററിക്കിടപ്പുണ്ടതിൻസുനൈർമ്മല്യ,-
മിത്തരിമണലോരോന്നിങ്കലും മഹാഭാഗേ!

12. മൈഥിലീമരാളിതൻ മഞ്ജുസഞ്ചാരാലേറെ
പ്രീതികൃത്തായിത്തീർന്ന തൂമണൽ മിന്നും നിന്നിൽ
അവ്വണ്ണമോളംവെട്ടിസ്സമ്മേളിച്ചതുമൂലം
ഭവ്യഭവ്യതാൻ ഭവഭൂതിതൻ സരസ്വതി!
സന്ത്യക്തരാജ്യൈശ്വര്യനാകിയ ഭർത്താവൊത്തു
നിൻതീരത്തുടജത്തിൽ മേവിന സീതാദേവി
വെൺപട്ടുവിരിപ്പിൽപ്പോലല്ലോ, നിന്മണൽച്ചാ
(ത്തിൽ-
ത്തൻപദച്ചെന്താർകളാൽച്ചരിച്ചു ചിരകാലം.

---

11. വെണ്മ തികഞ്ഞ മണൽത്തിട്ടും നോക്കിക്കാണേണ്ടതുതന്നെ: ത്വത്തീ...വ=അങ്ങയുടെ തീർത്ഥത്തെ സേവിക്കൽ. അത്ര=ഇവിടെ. 'വ്യക്തമായ്പ്പററിക്കിടപ്പുണ്ട്'—വിചാരങ്ങൾ നശിക്കുകയില്ലെന്നാണല്ലോ അഭിജ്ഞമതം.

12. ആ മണൽത്തിട്ടിനുള്ള ഒരു വിശേഷത്തെ സ്മരിക്കുന്നു: മൈഥിലീമരാളി=സീതയാകുന്ന അരയന്നപ്പിട. ഓളംവെട്ടി—ഭവഭൂതിയുടെ വാക്പ്രവാഹത്തെ സ്മരിക്കുക. ഭവ്യ=മംഗളാവഹ. സരസ്വതി=വാക്ക്, നദി എന്നും. 'ഉത്തരരാമചരിത'ത്തിലെ ഗോദാവരീവർണ്ണനം സ്മരിക്കുക. സന്ത്യ...ര്യൻ=രാജ്യവും ഐശ്വര്യവും വെടിഞ്ഞവൻ. ചിരകാലം—ഗോദാവരീതീരത്തിലാണല്ലോ, രാമാദികൾ വനവാസവത്സരത്തിൽ പതിമ്മൂന്നിലധികം വത്സരവും സുഖമായി കഴിച്ചുകൂട്ടിയത്. നിന്റെ മണൽത്തിട്ട സീതാവൃത്താന്തത്തെ സ്മരി

മാതൃകാഗൃഹിണിയാമാരുടെ സാന്നിധ്യത്താൽ-
പ്പൈതൃകപുരി പോലായ് രാമനു പെരുംകാടും,
ശ്രീതാനാമവളുടെ തൃപ്പദം പതികയാൽ
സ്ത്രീധൎമ്മശാസ്ത്രഗ്രന്ഥം നിൎമ്മണൽത്തിട്ടോരോന്നും!

13. നിന്നലകളാലലക്കൊണ്ടിതു ഹൃദയം മേ;
നിന്നുടെ പതകളാൽപ്പതഞ്ഞു. സന്തോഷം മേ;
ഉത്ഥിതൻ തവ വീചിവായുവോ, മമ തനു
പുത്തനാമൊരു ജീവവായുവെ ക്ഷണത്താലേ!
ആദിമകവീന്ദ്രന്റെ ദിവ്യമാം നാരായത്താൽ
യാതൊന്നെൻകരൾത്താളിൽക്കുറിക്കപ്പെട്ടു പണ്ടേ,
പുണ്യമഗ്ഗോദാവരീരൂപമൊട്ടൊരുനോക്കു
കണ്ണിനാൽക്കണ്ടേനല്ലോ; ഇദ്ദിനം സുദിനം മേ!

---

പ്പിച്ചു, സ്ത്രീധൎമ്മം എന്താണെന്ന്—ഏതൈശ്വൎയ്യമില്ലാതായാലും ഭൎത്താവിനെ അനുവൎത്തിച്ച് അയാൾക്ക് ഒരു ദുഃഖവും തോന്നാതെ കഴിക്കുകയാണ് സ്ത്രീകളുടെ ധൎമ്മം എന്നും മററും ശരിയായി ഉപദേശിക്കുന്നു.

13. അലക്കൊള്ളുക=(മുകളിൽപ്പറഞ്ഞവിധത്തിലുള്ള വിചാരങ്ങളാൽ) ഓളംവെട്ടുക. ഉത്ഥിതൻ=(പുകവണ്ടിയുടെ ഉള്ളിലേക്കു) പൊന്തിവന്നത്. ഇവ എന്തുകൊണ്ടുണ്ടായി എന്ന്: ആദിമകവീന്ദ്രൻ=വാല്മീകി. വാല്മീകിരാമായണത്തിൽ വിശേഷാൽ വൎണ്ണിക്കപ്പെട്ടിട്ടുള്ളതാണ്, ഗോദാവരീനദി.

## ൫. തിരുമനസ്സിലേ മതം

(അന്നനട)

1. നടന്നു വാടിയ പകലിന്നലെപ്പോയ്-
ക്കിടന്നതേതിലോ പടിഞ്ഞാറേട്ടിക്കിൽ,
സുതാമ്രമാകുമസ്സുഖശയ്യയിൽത്താ-
നിതാ, കാണാകുന്നു കിഴക്കേതാം ദിക്കിൽ;
പതുക്കെയത്തല്പമിടംമാററിയിടു-
ന്നതായിരുന്നുവോ, രജനിതൻജോലി!

2. വെളിവററു കിടന്നുറങ്ങി നാം; രാവോ,
ചളി പററിപ്പോയ ജഗൽക്കടാഹത്തെ
കുളിർനീരാൽ മോറിസ്സുനിർമ്മലമാക്കാ-
നിളവെന്ന്യേ ശ്രമിയ്ക്കുകയായിരുന്നു!

3. മുകളിൽ വൻനീലക്കടലാസ്സിൽക്കണ്ട
സുകാഞ്ചനാക്ഷരങ്ങളിൽനിന്നല്പാല്പം
പൊരുളറിഞ്ഞു യാതൊരു വെളിച്ചത്തെ-
ത്തിരഞ്ഞുപോന്നുവോ തമസ്വിനിയിവൾ,

---

1. സുതാമ്രം=ഏററവും ചുട്ടത്തത്. സായംപ്രാതഃസന്ധ്യാരാഗങ്ങളെ, സുഖാവഹമായ ഒരു തൂട്ടമെത്തയായി കല്പിച്ചിരിയ്ക്കുന്നു. പതുക്കെ കിടന്നുറങ്ങുന്ന ആൾ ഉണൎന്നുകളയരുതല്ലോ. ഇടംമാററിയിടുക=പടിഞ്ഞാറെട്ടിക്കിൽനിന്നു കിഴക്കെട്ടിക്കിൽ കൊണ്ടിടുക.

2. കുളിർനീർ—രാത്രിസമയത്തെ മഞ്ഞത്. ഇരുൾച്ചളി പുരണ്ട ബ്രഹ്മാണ്ഡത്തെ പ്രഭാതമാകുമ്പോഴെയ്ക്കു മോറി വെടുപ്പാക്കുകയായിരുന്നു രാത്രി എന്നു കല്പനം.

3. ആകാശത്തിലെ നക്ഷത്രങ്ങളിൽനിന്നു വെളിച്ചത്തിന്റെ സ്വരൂപം അല്പാല്പം മനസ്സിലാക്കി, പ്രഭാതമാകുന്ന പരമപ്രകാശ

ചിരാലതിനോടു സമീപിച്ചപ്പോഴെ-
ക്കുരുതി പെട്ടതിശ്ശമവതിക്കയ്യോ;
നിജശവാച്ഛാദപടമായിട്ടല്ലോ
നിശക്കു കൈവന്നത,ഹമ്മുഖാലോകം!
മറന്നുപോയാലും മറക്കാവുന്നത-
ല്ലി,രവു തൻെറയായിരുൾപ്പള്ളിക്കൂടം;
അവിടെവെച്ചല്ലോ പഠിച്ചു പൂക്കളേ,
സുവിശദോല്ലാസകലയിത്തു നിങ്ങൾ.

5. ഉലകുമായ് സ്വല്പം പരിചയപ്പെട്ടു
ചില വരി വായിച്ചിടാമെന്നാംവിധൌ,
കരുത്തേറുമേതോ കരം വന്നു പൊത്തി-
ക്കളയുന്നു നിൻകൺകളെജ്ജീവിതമേ!

6. സുവിശ്രമം നമുക്കുതകിയ രാവെ-
ങ്ങ?-വല്ലടെ ദേഹം ദഹിപ്പിയ്ക്കൽക്കൂടി
കഴിഞ്ഞുപോയല്ലോ, മുറയ്ക്കുദയാദ്രി-
കടകത്തിൽക്കത്തും തുടുപ്പായ തീയ്യാൽ!

---

ത്തെ തേടുകയായിരുന്നു രാത്രി എന്നും, അതു വന്നപ്പോഴെയ്ക്കു് അവർ മൃത്യുവടഞ്ഞുപോയി എന്നും മറെറാരുല്ലേഖം: തമസ്വിനി=രാത്രി, അജ്ഞാനിനി എന്നും. ഈ ശമവതി=ശാന്തയായ രാത്രി, ശമം (മനോനിഗ്രഹം) ഉള്ളവൾ എന്നും. നിജ...ടം=തൻെറ ശവത്തിന്നുള്ള മൂടുതുണി. അഹമ്മുഖാലോകം=ഉഷഃപ്രകാശം.

4. സുവി...ല=മലർക്ക് വിരിയുക എന്ന കലാവിദ്യ.

5. മുൻപറഞ്ഞ രാത്രിയ്ക്കുണ്ടായ ആ അനുഭവം പ്രപഞ്ചജീവിതത്തിൽ പരക്കെ കാണുന്നതാണെന്നു്: ലോകവുമായി കുറെ ഇടപെട്ടു് അതിൻെറ ചില തത്വങ്ങൾ മനസ്സിലാക്കാമെന്നാകുമ്പോഴെയ്ക്കും ജീവിതം അവസാനിയ്ക്കുന്നു!

6. കടകം=താഴ്വര. മഞ്ഞുതുള്ളികളെ, താൻ തേടിപ്പോന്ന വെളിച്ചം കാണാഞ്ഞു രാത്രി ഒടുവിൽ കരഞ്ഞതിറിയ്ക്കാവുന്നതിലെ കണ്ണു

നവബലം നമുക്കരുളിയ രാവെ-
ങ്ങു?-വല്ലടേതായ്പ്പുൽക്കൊടിമേലും മററും
അവശേഷിച്ചിട്ടുണ്ടൊരു നിമിഷത്തേ-
യ്ക്കു,വസാനക്കണ്ണീർക്കണികകൾമാത്രം!

7. ഭവത്സൃഷ്ടരേവം വിഭോ, കാലാത്മാവേ,
ഭുവനമാകുമിത്തവ കളിത്തോട്ടം
നയനനീർകൊണ്ടേ നനയ്ക്കണമെന്നോ,
ദയാലുവാം തിരുമനസ്സിലെ മതം!

---

നീർത്തുള്ളികളായിക്കല്പിച്ചിരിക്കുന്നു. ഒരു നിമിഷത്തെയ്ക്ക്—വെയിലുദിച്ചാൽ അവ പോകുമല്ലോ.

7. ഭവൽസൃഷ്ടർ=നിന്തിരുവടിയാൽ സൃഷ്ടിക്കപ്പെട്ടവർ. പ്രസ്തുതാത്ഥം രാത്രിയാകയാലാണ്, 'കാലാത്മാവേ,' എന്നു വിളിച്ചത്. ലോകത്തെ, അതിലെ ജീവികൾ ഇങ്ങിനെ വ്യസനിച്ചുകൊണ്ടുതന്നെയാണോ, അഭിവൃദ്ധിപ്പെടേണ്ടത്!

# ൯. ഓണം

(കേക)

1. കാലഭേദത്താലോരോ കാർ വന്നുമൂതിന്നതിൻ
മാലിന്യം ക്രമത്താലേ കഴുകിക്കളഞ്ഞുടൻ
കൺകളാലദൃശ്യമായ്ദ്ദിവ്യമാമേതോ ഹസ്തം
വെൺകളി വീശിപ്പോരുമെന്നു ദിഗ്ഭിത്തികളിൽ;
വന്ദ്യമാം രവിബിംബമാകിയ ചക്രത്തിന്മേൽ-
നിന്നു നിർവിഘ്നം കതിർനൂലുകൾ നീളുകയാൽ
പൊറുതികെട്ടു തണ്ടത്തിരുന്ന പാരിന്നെന്നോ
പരക്കെക്കിടക്കുന്നു തൂമഞ്ഞപ്പുടവകൾ;
തുമ്പകൾപോലും നല്ലവേലയാലെന്നോ വെൺനൂൽ-
ത്തുമ്പുകൾ വെളിപ്പെടുത്തുന്നു തൻ ചക്രത്തിന്മേൽ;
കേവലസത്വഗുണസ്വച്ഛനാം കലാധീശൻ
തൂവിന നിലാവെന്നു നീളെ നിർവൃതി നല്കും;
അമലനക്ഷത്രപ്പൊന്നലരിമലർകളാൽ
സമലംകൃതമായ ഗഗനാങ്കണമെന്നോ,
പൈതങ്ങളുടെ വില്ലുകൊട്ടൽ പൂവിളിയെന്നീ
സ്വാതന്ത്ര്യനിർഗ്ഗോഷത്താൽക്കിടന്നുമുഴങ്ങുന്നു;

---

1. ഓണക്കാലത്തു കേരളത്തിന്റെ പ്രകൃതിയേയും ജനങ്ങളുടെ സ്ഥിതിയേയും വർണ്ണിക്കുന്നു: കാലഭേദം=ഋതുക്കളുടെ മാററം. വെൺകളി = ശരീരത്തിലെ പ്രസന്നത. നിർവിഘ്നം=(കാർമൂടലില്ലായ്കയാൽ) തടവില്ലാതെ. തൂമഞ്ഞപ്പുടവകൾ=പൊൻനിറമായ വെയിൽ. വെൺനൂൽത്തുമ്പ്=തുമ്പപ്പൂവ്. തൻചക്രം=തുമ്പക്കുടം. കലാധീശൻ=ചന്ദ്രൻ, കലാവിദഗ്ദ്ധൻ എന്നും. നിലാവിനെ, ചന്ദ്രന്റെ നിർവൃതിപ്രദമായ ഒരു കലാവിദ്യയായി ഭാവനചെയ്തിരിക്കുന്നു. അങ്കണം=മുററം. സ്വാതന്ത്ര്യനിർഗ്ഗോഷം=യഥേഷ്ടം നടന്നു തിമക്കാമെന്ന

എന്നു നിസ്തീർണ്ണക്ലേശർ നെൽകൃഷിത്തൊഴിലാളർ
ചെന്നുചേർന്നിടും ചെമ്പൊൻ വിളഞ്ഞുമിന്നുംനാടം;
കുട്ടിയും കിഴവനു,മാഢ്യനും ദരിദ്രനും,
വിഡ്ഢിയും വിരുതനും, വിപ്രനും പറയനും—
സർവരുമൊരേമട്ടിൽസ്സ്വാദന്നസദ്വസ്ത്രാദി-
സന്തൃപ്തരായിട്ടെന്നു സാഹ്ലാദം വിഹരിക്കും;
അന്നല്ലോ നമുക്കോണ—മന്നല്ലോ, സമത്വത്തിൽ
നന്ദിക്കുമൃഷിരാജ്യത്തിന്നുററ മഹോത്സവം!

2. ഓണമേ, വെൽവൂതാക, മാബലി മലയാളം
കാണുവാനെഴുന്നള്ളിവന്നിടും സുദിനമേ!
സദ്ദിനസമ്രാട്ടെന്ന നിലക്കു ചേരുംവണ്ണം;-
മുത്തമാതിഥിയാകുമങ്ങയെക്കൈക്കൊൾവാനായ്,
പത്തു നാളിനു മുന്നേ 'ചമയൽ' നടത്തുന്നു
ഭക്തിയാൽബ്ഭൂസുരാമട്ടുവിലെക്കൊട്ടാരങ്ങൾ;

---

സ്വാതന്ത്ര്യം കിട്ടിയവന്റെ കോലാഹലം. നിസ്തീർണ്ണക്ലേശർ=കഷ്ടപ്പാടിനെ കടന്നവർ. ചെമ്പൊൻ—നെല്ല്. സ്വാദ...പ്തർ=സ്വാദുള്ള ആഹാരം, നല്ല വസ്ത്രം മുതലായവയാൽ തൃപ്തിയടഞ്ഞവർ.

സമത്വം=മുകളിലെ ശീലുകളിൽ വർണ്ണിച്ചതിൻപടി, വന്ദ്യമായ സൂര്യബിംബവും തുച്ഛമായ തുമ്പക്കുടവും ഒരുപോലെ നൃൽ നുല്ലുക, തുമ്പത്തെപ്പൂടവയും നിലാനിർവൃതിയും പരക്കെ നൽകപ്പെടുക, ഭൂമിയിലെന്നപോലെ ആകാശത്തും പൂവിടലും മാറും നടക്കുക മുതലായത്.

2. സദ്ദിനസമ്രാട്ട്—ത്രൈലോക്യചക്രവർത്തിയായിരുന്ന മാബലി എഴുന്നള്ളിവരുന്ന ദിവസംതന്നെയാണല്ലോ, സുദിനങ്ങളിൽ വെച്ചു ചക്രവർത്തി. ചമയൽ=കേരളത്തിലെ രാജകുടുംബങ്ങളിൽ പ

അഗ്രത്തിൽക്കൊളുത്തിയ മംഗളത്തിരി നീട്ടി
നില്ക്കുന്നു നിന്നച്ച്യ്ക്കായ്പ്പൂവണിമുക്കററികൾ;
നൈതൽതാമരയാമ്പൽപ്പൂക്കൾ പുഞ്ചിരി പൂണ്ടു
നൂതനപരിമളം തളിപ്പൂ തവ മുന്നിൽ!

3. ഓണമേ, വെൽവൂതാക, മാബലി മലയാളം
കാണുവാനെഴുന്നള്ളിവന്നിടും സുദിനമേ!
ധർമ്മത്തിൻമുറി കെട്ടാനാരഴിച്ചെടുത്തുവോ
തന്മണിമുടിയിൽനിന്നമ്പർകോൻപട്ടംപോലും,
ഹന്ത, യാതൊരു ജീവന്മുക്തനാം മഹാത്മാവു
ബന്ധവും വരിച്ചുവോ സത്യരക്ഷണത്തിന്നായ്,
ഏതൊരു നിത്യശ്രീമാൻ വാണരുളുകമൂലം
പാതാളത്തുറുങ്കതും മീതെയായ് സ്വൎഗ്ഗത്തെക്കാൾ,
മൂർത്തിമത്ത്യാഗംതാനാമത്തിരുവടി തൃക്കൺ-
പാർത്തനുഗ്രഹിക്കുന്നതേതു നാട്ടിനുമോണം!

---

തിവുള്ള 'അത്തച്ചമയ'ത്തെ ഓർക്കുക. അർച്ച=പൂജ. മുക്കററിയുടെ നീണ്ട തണ്ടോടുകൂടിയ മഞ്ഞപ്പൂവിനെ, തിരി നീട്ടിയ മംഗല്യവിളക്കായി കല്പിച്ചിരിക്കുന്നു.

3. ധർമ്മത്തിൻമുറി=മാബലിയുടെ കീഴിലായിരുന്ന മൂന്നു ലോകവുംകൂടി മൂന്നടിക്കു തികയാക്കയാൽ അദ്ദേഹത്തിനു പററിയ സത്യസന്ധതാഭംഗം. അതു തീർത്തു, തന്നെ ബന്ധിച്ച തന്റെ ശിരസ്സിൽ കാൽ വെച്ചു മൂന്നാമത്തെ അടി തികക്കണമെന്നപേക്ഷിച്ചിട്ടാണല്ലോ. മാബലി ഇപ്പോഴും പാതാളത്തിൽ വസിക്കുന്നു. മഹാത്മാഗാന്ധിയുടെ ചരിത്രം സ്മരിക്കുക. ജീവന്മുക്തൻ=ജീവിച്ചിരിക്കെത്തന്നെ മുക്തി നേടിയവൻ. നിത്യശ്രീമാൻ=(ഇന്ദ്രപട്ടശ്രീ പോയാലും) എന്നും ശ്രീയോടുകൂടിയവൻ. മൂർത്തിമത്ത്യാഗം=ശരീരമെടുത്ത ത്യാഗം.

## ൯. ഗുരുദക്ഷിണ

1. "ജ്ഞാനശ്ലാഘ്യ, ഗുരോ, ജയിച്ചു ഭവദാ-
ദേശം: വിദേശീയരാം
ഹീനന്മാരുടെ കല്പരസ്സുകൂടിയിൽനി-
ന്നുത്തീർണ്ണമായിട്ടിതാ,
വാനത്തെയ്യൊരു വീർപ്പയച്ചു, സുചിരാ-
ലാശ്വസ്തമീ ഹൈന്ദവ-
സ്ഥാനം, ധർമ്മവിപത്തി കണ്ട വിബുധ-
ർക്കുത്താപമാറുംവിധം!"

2. ആരണ്യക്ഷിതിസീമ്നി, വന്ന വഴിയേ
സാഷ്ടാംഗമാകും നമ-
സ്കാരം ചെയ്തു ശിവൻ നൃപൻ, ഗുരുവിനാ-
ലുത്ഥാപിതാശ്ലേഷിതൻ,
ധീരം തന്നുടവാൾ നടുക്കിലിരുകൈ-
കൊണ്ടും പിടിച്ചാജ്ഞഗൽ-
സാരജ്ഞൻറെ പദപ്രയിച്ചുപദയായ്
വെച്ചോതിനാൻ പിന്നെയും:—

---

1. മഹാരാഷ്ട്രാധിപതിയായ ശിവജി, മഹാരാഷ്ട്രത്തിൽനിന്നു മുകിലന്മാരെ അകററിയതിന്നുശേഷം, അദ്ദേഹത്തിൻെറ ഗുരുവും മുകിലോത്സാരണത്തിൽ അദ്ദേഹത്തെ ഉത്സാഹിപ്പിച്ചുമായ രാമദാസസ്വാമിയെ ചെന്നു വന്ദിച്ചു പറയുന്നു: ജ്ഞാനശ്ലാഘ്യൻ=ജ്ഞാനംമൂലം ശ്ലാഘിക്കപ്പെടേണ്ടവൻ. ആദേശം=ആജ്ഞ. ഉത്തീർണ്ണം—കരയേറിയത്. സുചിരാൽ ആശ്വസ്തം=വളരെക്കാലത്തിനുശേഷം ആശ്വാസംകൊണ്ടത്. വിപത്തി=ആപത്ത്. വിബുധർ=ദേവകൾ. ഉത്താപം=മുതിന്ന ദുഃഖം; ചൂട് എന്നും.

2. ആര...മ്നി=കാട്ടിൽ. ഉത്ഥാ...ഷിതൻ=എഴുന്നേല്പിച്ച് ആലിംഗനം ചെയ്യപ്പെട്ടവൻ. ഉടവാൾ=രാജഖഡ്ഗം. ഉപദ=കാണിക്ക.

3. “രേരേ നിഷ്ഠുരരെന്നു ചീറി, മുകില-
ന്മാർതൻ ഗളം കൊയ്യുവാൻ
നേരേ പാഞ്ഞ മറാട്ടവാളലകുമേ-
ലേറിജ്ജയശ്രീയിതാ,
പാരേവം പരിശുദ്ധമാക്കിയരുളും
ത്വൽപുണ്യപാദങ്ങൾതൻ
ചാരേ വന്നു വണങ്ങിടുന്നു; കനിവിൽ-
ക്കൈക്കൊള്ളുകിദ്ദാസിയെ!

4. തങ്കത്തൃക്കഴലങ്ങണഞ്ഞു: ഭവദാ-
രോഹത്തെയാഹ്ലാദിയാം
സങ്കല്പത്തൊടു കാത്തിരിപ്പിതു മഹാ-
രാഷ്ട്രീയസിംഹാസനം;
വൻകർമ്മാസ്പദമായ്ഭവിതു വിഭോ,
മ്ലേച്ഛാഭിമർശോത്ഥമാം
പങ്കത്തെക്കഴുകട്ടെ സംപ്രതി ഭവൽ-
പട്ടാഭിഷേകാംബുവാൽ!”

5. ശ്രീമാനാം പ്രിയശിഷ്യനാലിതുവിധം,
വൈരാഗ്യപീഠത്തിൽനി-
ന്നാ, മാരാഷ്ട്രനൃപാസനസ്ഥിതിയിലെ-
യ്ക്കാകൃഷ്ടനാകുംവിധൌ

---

3. യുദ്ധത്തിൽ വാളലകിന്റെ ചീറ്റൽ, ‘രേരേ നിഷ്ഠുരർ!’ എന്നു പറയലാണെന്നു കല്പനം. മറാട്ടവാളലക്=ദേശഭക്തനായ ശിവജിയ്ക്കു, തന്റെ വാൾ മഹാരാഷ്ട്രത്തിന്റെ വാളാണ്.

4. ജയശ്രീയെ കൈക്കൊള്ളേണ്ടതെങ്ങിനെയാണെന്ന്: ആരോഹം=കയറൽ. മ്ലേച്ഛാ...ത്ഥം=നീചന്മാരുടെ സമ്പർക്കത്താലുണ്ടായത്. പങ്കം=ചളി; പാപം എന്നും.

പ്രേമാർദ്രസ്മിതനായ്ക്കഥിച്ചു ഭഗവാൻ:—
“സ്വാസ്ഥ്യസ്തു നിൻസൌഹൃദ-
സ്ഥേമാവിന്നു! തപഃസ്ഥർ ഞങ്ങൾ കൃതിയാം
നിന്നാൽസ്സനാഥീകൃതർ!

6. ചെങ്കോലിൻകനമിത്തപഃകൃശഭുജാ-
ഗ്രത്തിന്നു താങ്ങാവതോ?
പൊൻകോടീരമിണങ്ങുമോ ജടകളാൽ
മൂടുന്ന മൂർദ്ധാവിതിൽ!
പങ്കോത്താരിത രാജ്യലക്ഷ്മി വളരെ-
ക്കാലം യുവാവായ നി-
ന്നങ്കോല്ലാസിനിയാക; പാറയിതുതാൻ
ഞങ്ങൾക്കു സിംഹാസനം!

7. ഹൃച്ചാഞ്ചല്യമൊഴിക്കു, ചെല്ലുക, മഹാ-
രാജ്യം സ്വവീര്യാർജ്ജിതം
സച്ചാരിത്രമൊടും ഭരിക്കുകി,തുതാൻ
കൃത്യം ശിവന്നിന്നിമേൽ!”

---

5. ആകൃഷ്ടൻ=പിടിച്ചുവലിക്കപ്പെട്ടവൻ. സ്വാസ്ഥ്യ...വിന്നു!— 'അങ്ങേക്ക് എന്നിലുള്ള സൌഹാർദ്ദം, ഇപ്പോൾ രാജ്യാധിപത്യം കിട്ടിയിട്ടും ക്ഷയിക്കാതിരിക്കുന്നുണ്ടല്ലോ; ആ സൌഹാർദ്ദസ്ഥിരതയ്ക്കു സ്വാസ്ഥി ഭവിക്കട്ടെ!' എന്നഭിപ്രായം. കൃതി=കുശലൻ. തപഃസ്ഥർ=തപസ്സിലിരിക്കുന്നവർ. സനാഥീകൃതർ=നാഥനുള്ളവരാക്കിച്ചെയ്യപ്പെട്ടവർ.

6. എനിക്കോ, പ്രജാഭരണത്തിൽ കുശലത ഇല്ലതാനും: തപഃ...ഗ്രം=തപസ്സുകൊണ്ടു ചടച്ച കൈപ്പടം. കോടീരം=കിരീടം. പങ്കോത്താരിത=ചളിയിൽനിന്നു പിടിച്ചുകേറ്റപ്പെട്ടവൾ. അങ്കോല്ലാസിനി=മടിയിലിരുന്നു വിലസുന്നവൾ.

7. ഫലിതം നിർത്തി ഉപദേശിക്കുന്നു: ഹൃച്ചാഞ്ചല്യം=(ഗുരുവിരിക്കെ ഞാൻ രാജ്യം ഭരിക്കുകയോ എന്നോർത്തുണ്ടായ) ഹൃദയത്തിന്റെ

ഇച്ചാടൂക്തിയൊടത്ര ഭക്തിവശനാം
ശിഷ്യന്റെ കയ്യിൽപ്പിടി-
പ്പിച്ചാൻ മുന്നിലിരുന്ന ഖഡ്ഗമതെടു-
ത്താചാര്യനാജ്ഞാബലാൽ.

8. ധൃത്യക്ഷോഭ്യ, ശിവക്ഷിതീശ, മിഴികൾ-
ക്കിന്നാർദ്രമായശ്രു ചേ-
ർത്തത്യന്താശയൊടെന്തിനായ്ഗ്ഗുരുമുഖം
വീക്ഷിപ്പു വീണ്ടും ഭവാൻ?
പ്രത്യഗ്രാരുണനാൽജ്ജഗത്തിരുളിൽനി-
ന്നഭ്യുദ്ധരിപ്പിയ്ക്കയാം
കൃത്യം ചെയ്തുകഴിച്ചടങ്ങുക വിഭാ-
തത്തിൻ സ്വഭാവം ധ്രുവം!

9. ഇച്ഛയ്ക്കൊത്തു തിമർക്കുവാൻ തുടരവേ,
പാഠാലയത്തിങ്കലെ-
യ്ക്കച്ഛൻ തള്ളിയയച്ച ബാലനുടെ മ-
ട്ടങ്ങിക്കരഞ്ഞാ നൃപൻ,
ഉച്ചം തൻജ്ജയമൊക്കെയെന്നു, വസന-
ത്തുമ്പാലെ ബാഷ്പോദക-

---

പതച്ച്. ആർജ്ജിതം=സമ്പാദിച്ചത്. സച്ചാരിത്രം=ശ്രേഷ്ഠമായ ധർമ്മനിഷ്ഠ. ചാടൂക്തി=നല്ല വാക്ക്.

8. ശിഷ്യൻ ഗുരുവിന്റെ ആജ്ഞയാൽ ഉടവാളെടുത്തുവെങ്കിലും, വീണ്ടും 'ഇതു സ്വീകരിയ്ക്കേണമേ!' എന്നർത്ഥത്തിൽ, അശ്രുപൂർണ്ണാക്ഷനായി ഗുരുമുഖത്തിൽ നോക്കുന്നതു കണ്ടു കവി പറയുന്നു: ധൃത്യക്ഷോഭ്യൻ=ധൈര്യംമൂലം അക്ഷോഭ്യൻ. പ്രത്യഗ്രാരുണൻ=പുതിയ (പ്രഭാതത്തിലെ) സൂര്യൻ. ധ്രുവം=എന്നെന്നുമുള്ളത്. രാമദാസനു, മുകിലരുടെ ദുർഭരണാന്ധകാരത്തിൽ ആണ്ട മഹാരാഷ്ട്രത്തെ അങ്ങയെക്കൊണ്ട് ഉദ്ധരിപ്പിയ്ക്കേണമെന്നേ ഉദ്ദേശമുണ്ടായിരുന്നുള്ളു.

പ്രച്ഛന്നാക്ഷി തുടച്ചുകൊണ്ടു തിരിയേ
പോന്നാൻ ജഡപ്രായനായ്!

10. പോയിദ്ദക്ഷിണയായ് സ്വരാജ്യമഖിലം
നല്കുന്നു ശിഷ്യൻ; തനി-
യ്ക്കായിട്ടിങ്ങൊരു പാഴ്മണൽത്തരിയുമേ
വേണ്ടാത്തവൻ ദേശികൻ;
മായില്ലിക്കനകാക്ഷരങ്ങൾ: ഭൂരതൻ
കീഴാളർ ഗീതാംബികേ,
വായിക്കട്ടെ തവോത്തരോത്തരഗുണ-
ത്യാഗപ്രബന്ധങ്ങളെ!

---

9. ബാഷ്പാ...ക്ഷി=കണ്ണീരിനാൽ മൂടിയ കണ്ണ്. ജഡപ്രായൻ=ചൈതന്യംകെട്ടവനെപ്പോലുള്ളവൻ. പ്രജാരക്ഷണമാകുന്ന പെരുംചുമടില്ലാതെ സ്വച്ഛന്ദം ജീവിയ്ക്കാമല്ലോ എന്നു ശിവജി ആഗ്രഹിച്ചു; ഭാരതീയരാജാക്കന്മാർക്കു രാജ്യം കേവലം ഒരു ഭോഗ്യവസ്തുവല്ലല്ലോ. എന്നാൽ, ശിവജി അതു ചെയ്യു കഴികയു എന്നു രാമദാസനുമാത്രമറിയാം.

10. ദേശികൻ=ഗുരു. ഗീതാംബിക=ഭഗവൽഗീതയുടെ അമ്മ—ഭാരതഭൂമി. ഉത്തരോ...ന്ധങ്ങൾ=ഒന്നിനേക്കാൾ ഒന്നിനു മികവുകൂടിയ ത്യാഗങ്ങളുടെ തുടർച്ചകൾ. ഗുരുവിന്ന് എന്തും കൊടുക്കുന്ന ശിഷ്യന്റെ ത്യാഗത്തേക്കാൾ മികച്ചതുതന്നെയാണല്ലോ, തനിയ്ക്ക് ഒരു മണൽത്തരിപോലും വേണ്ടാത്ത ഗുരുവിന്റെ ത്യാഗം.

# വ്യ. "ഖാദിവസനങ്ങൾ

## കൈക്കൊൾവിനേവരും"

---

(കാകളി)

1. ആയിരമായിരമാണ്ടിനു മുമ്പുതൊ-
ട്ടാർതൻ മൃദൂൽക്കൃഷ്ടചേഷ്ടിതമാം കരം
പട്ടുകൾ നെയ്തു പുതപ്പിച്ചുപോന്നുവോ
പറ്റെത്തണുത്തു ചുരുണ്ട രാജ്യങ്ങളെ,
അക്കർമ്മഭൂവിതു—വാനിലനങ്ങാതെ
നില്ക്കുന്നതെന്തിനു നിങ്ങൾ താരങ്ങളേ?
ചക്രതൻഗീതമിങ്ങില്ല, തിൻസ്ഥാനത്തു
ദുർഗ്ഗതിക്കാർതൻ ദുരന്തഞെരക്കമാം!—
ഒക്കെ മുടിഞ്ഞൊ,രു നൂറ്റാണ്ടിനിപ്പുറം,
നഗ്നതാച്ഛാദനം നിർവ്വഹിച്ചീടുവാൻ,
ദൂരദൂരാൽ വരും കപ്പലിൻ തീപ്പുക
പാറുന്നതും പാർത്തിരിക്കയായ് കേവലം!

2. കൈവിരൽ പത്തുമിന്നില്ലയോ നമ്മൾക്കു;
പൂവിടുന്നില്ലേ മുറക്കു പരുത്തികൾ;

---

1. മൃദൂ...തം—മൃദുവും ഉൽക്കൃഷ്ടവുമായ ചേഷ്ടയോടുകൂടിയത്. പണ്ട്, ഇന്ത്യയിലുണ്ടാക്കിയിരുന്ന പട്ടുകൾ യൂറോപ്പു മുതലായ തണുപ്പുരാജ്യങ്ങളിലേക്കയച്ചിരുന്നവല്ലോ. പട്ടു വിശേഷാൽ തണുപ്പകറ്റുന്നതാണ്. കർമ്മഭൂവ്=കർമ്മം ചെയ്യാനുള്ള ഭൂമി. വാക്യം ഇവിടെയെത്തുമ്പോൾ, പണ്ടത്തെ ചക്രയുടെ ഗീതം കേട്ടുപോന്ന നക്ഷത്രങ്ങൾ ഇന്നും അതു കേൾപ്പാനുണ്ടോ എന്നു ചെവിയോർക്കുന്നതായിക്കല്പിച്ചു പറയുന്നു: ദുർഗ്ഗതിക്കാർ=ദരിദ്രന്മാർ. ദുരന്തം=അവസാനമറ്റത്.

2. കൈവിരൽ...നമ്മൾക്ക്=ഇന്നു നമ്മുടെ പെരുവിരൽ അ

ചക്രമേൽ നൂൽനൂല്ക്കൽ പൈതങ്ങളെക്കളി-
പ്പിയ്ക്കുപോലുമുള്ളൊരു വിശ്രമമല്ലയോ;
എന്തിനെന്നിട്ടു,മുടപ്പിരന്നാ ലുബ്ധ-
യന്ത്രങ്ങളെക്കൊണ്ടലറിച്ചിടുന്നു നാം?

3. വെണ്മയിണങ്ങി മിനുങ്ങും മലമലീ
നമ്മെക്കുറിച്ചു ചിരിപ്പതു നോക്കുവിൻ!
പാടേ മലമൽ പരുത്തുകകാരണം
പാഴ്ച്ചെൺമണൽപ്പുറമ്പായിതിപ്പാരിടം!
എപ്പൊഴും കണ്ണുനീരിന്ത്യയ്ക്കു ശേഷിപ്പു:
തൽപ്പുഞ്ചിരിയായ പഞ്ഞിയൊട്ടുക്കഹോ;
അങ്ങിങ്ങു പാറിപ്പറന്നു പോയ്പ്പോകയാ-
ണെ,ങ്ങുനിന്നോ വന്നടിപ്പൊരു കാററിനാൽ!

4. നാട്ടിലെയഞ്ചിലൊരംശം മനുഷ്യര-
ല്ലാട്ടിയോടിയ്ക്കപ്പെടേണ്ടവരങ്ങയാൽ;
മദ്യത്തിനും വിദേശീയവസ്ത്രത്തിനു-
മത്രേ വിധിയ്ക്കേണ്ടു തീണ്ടൽ വിശുദ്ധതേ!
ഭിന്നഭിന്നസമുദായപുഷ്പങ്ങളീ
മന്നിന്നൊരോമനമാലയായ്ത്തീരുവാൻ,
ചക്രനൂൽ വിട്ടു മറെറന്തിനാൽക്കോർത്തിടും?
സൽഗ്ഗുരു ചോദിച്ചരുളുന്നു ഗാന്ധിജി:

---

രും മുറിച്ചുകളയാറില്ലല്ലോ. ലുബ്ധയന്ത്രങ്ങൾ=ദുര മുഴുത്ത മില്ലുകൾ.

3. എപ്പൊഴും...കാററിനാൽ=ഇന്ത്യയ്ക്കു ദാരിദ്ര്യമില്ലാതെ സന്തോഷിയ്ക്കുവാൻ കാരണമായ പരുത്തി, ഏതോ വാണിജ്യതന്ത്രവിശേഷത്താൽ വിദേശങ്ങളിലേയ്ക്കു പോകമൂലം ഇന്ത്യ എന്നും ദാരിദ്ര്യദുഃഖമനുഭവിയ്ക്കുന്നു.

4. നാട്ടിലെ...മനുഷ്യർ—ആറുകോടിയിലധികമുള്ള അധഃകൃ

ഹിന്ദു-മുസൽമാൻഗണങ്ങളെ വേഴ്ചയിൽ-
ബ്ബന്ധിയ്ക്കുവൊന്നെന്തു ചക്രത്തിലെന്നിയേ?

5. ഇന്നു,മീജിപ്തിലെക്കന്യമാർ കൈകൊണ്ടു
നന്നായ് വിരചിച്ചയസ്സും വിരിപ്പുതാൻ
ഉള്ളിൽ നിലത്തു വിരിച്ചുപോരുന്ന തൂ-
പ്പള്ളിയെപ്പാർത്തു പണിഞ്ഞിടും മൈകളിൽ
യന്ത്രത്തുണി തൊടുവിച്ചിടാമോ, മത-
തന്ത്രസ്ഥർ നിങ്ങളെൻമുസ്ലീംസഹജരേ?

6. മാതൃഭൂഭക്ത്യുത്ഥബാഷ്പോദസിക്തങ്ങൾ
ഖാദിവസനങ്ങൾ കൈക്കൊൾവിനേവരും;
മേലിൽദ്ദുരിതക്കൂട്ടംചൂടു തട്ടാതെ
പാലിച്ചുകൊള്ളുമുടപ്പിതു നിങ്ങളെ,
സാംസാമരുവിയിൽ മുക്കിയ ശീലയാൽ
സാദരം തീർത്ത നിലയങ്കി പോലവേ!

---

തർ; "ചക്രത്തൊഴിലിന്റെ തൃപ്തികരമായ പ്രചാരം ഹിന്ദുമുസ്ലീമൈക്യത്തിനു ഗണ്യമായ സാഹായ്യം ചെയ്യുമെന്നാണ് എന്റെ പൂർണ്ണവിശ്വാസം" എന്നു മഹാത്മജി ഒരിക്കൽ പറഞ്ഞിട്ടുണ്ട്.

5. മുസ്ലീമങ്ങൾ വിശേഷിച്ചും സ്വദേശവസ്ത്രമേ ധരിക്കാവൂ എന്ന്: മതതന്ത്രസ്ഥർ=മതത്തിന്ന് അധീനരായിരിക്കുന്നവർ. കെയിറോവിലെ കന്യകാതരുണിമാർ നിർമ്മിക്കുന്ന ഒരുതരം പരവതാനിയത്രേ, പരിശുദ്ധമക്കാദേവാലയത്തിൽ നിലത്തു വിരിക്കുന്നത്.

6. സാംസാം എന്ന തീർത്ഥവിശേഷത്തിൽ മുക്കിയ വെള്ളശ്ശീലകൊണ്ടു തുന്നിച്ച നീളൻകുപ്പായം ധരിച്ച 'നിസ്കരിച്ച'വർക്ക് 'ദൈവത്തിന്റെ അന്ത്യവിധിനാളി'ലെ ചൂടേല്ക്കേണ്ടിവരില്ലെന്നു മുസ്ലീമങ്ങൾ വിശ്വസിക്കുന്നു. മാതൃ...ക്തങ്ങൾ=മാതൃഭൂമിയുടെ നേർക്കുള്ള ഭക്തിയാൽ പുറപ്പെട്ട കണ്ണീർകൊണ്ടു നനഞ്ഞവ. സാംസാമരുവിനീരിൽ മുക്കിയ നിലയങ്കിയോടു സാദൃശ്യം. ദുരിതം=(മാതൃഭൂമിക്കുവേണ്ടി മുസ്ലീമങ്ങൾ ഒന്നും ചെയ്യില്ലെന്ന) പാപം.

7. സത്യരക്ഷാത്ഥമായ്സ്സവ്വവും കൈവിട്ടു
വത്തിപ്പു യാതൊരാൾ മാബലി പോലവേ?
ആ മഹാത്മാവിന്റെയാഗമനോത്സവ-
മാസന്നമായ് നമുക്കോണം കണക്കിനേ;
അഗ്ഗാന്ധിദേവനെത്തക്ക ശുചിത്വമോ-
ടച്ചിച്ചനുഗ്രഹം വാങ്ങേണമെങ്കിലോ,
യന്ത്രങ്ങൾ തുപ്പിയ നൂലുകളാൽത്തീത്തിട-
മന്തരീയങ്ങളശേഷം ത്യജിച്ചു നീ
ഹസ്തവിനിമ്മിതം ചക്കനൂൽവസ്ത്രമേ
ഭക്ത്യാ ധരിക്കുകെൻകേരളദേശമേ!

8. കഷ്ടം,മിബ്ഭാരതമാണ്ടുകിടക്കുന്ന
പൊട്ടക്കുഴിയുടെയാഴമെന്തോതിടാം
ചെറ്റൊന്നിതിലെക്കു നോക്കിയെന്നാൽത്തല
ചുറ്റിയേക്കാം ഹിമപവ്വതത്തിനുമേ!
ഇക്കുണ്ടിൽനിന്നു പിടിച്ചുകേറാനുറ-
പ്പൊക്കുന്ന രാജതക്കമ്പികളേവയോ,
അക്കമ്രനൂലുകൾ നീണ്ടുതുടങ്ങാവു
ചക്രങ്ങളിൽനിന്നു കാലചക്രേച്ഛയാൽ—
സമ്പൽസുരഭിതൻ സൽക്ഷീരധാരകൾ,
സവ്വഗമൈത്രിതൻ സുസ്മിതരേഖകൾ,

---

7. കേരളീയരോട്: 1102-3 വഷങ്ങളിലായി മഹാത്മജി ഖദർനിധിയിലേക്കു ധനം ശേഖരിക്കുവാൻ ഇന്ത്യയിലാകെ സഞ്ചരിച്ചിരുന്ന കാലത്തെഴുതിയതാണ്, ഈ കൃതി. യന്ത്രങ്ങൾ തുപ്പിയ—തുപ്പിയതു തൊട്ടാലുണ്ടോ, ശുചിത്വം? അന്തരീയം=ഉടുപ്പ്.

8. സ്വാതന്ത്ര്യസിദ്ധിക്കും ഖദർധാരണം അത്യാവശ്യമാണെന്ന്: ഹിമപവ്വതത്തിനുമേ—അത്ര സുസ്ഥിരാത്മാവായ ഹിമവാനെ പോലും! രാജതം=വെള്ളികൊണ്ടുള്ളത്. സുരഭി=പശു. സവ്വഗം=എ

സ്വാശ്രയവൃത്തിതൻ പ്രാണഞെരമ്പുകൾ
വാഴ്ക, തുടരട്ടെ കൈച്ചക്രനൂലുകൾ!

9. ഭൂതകാലത്തിൻ പ്രഭാവതന്തുക്കളാൽ
ഭൂതിമത്താമൊരു ഭാവിയെ നെയ്ക നാം:
വാസരാന്തത്തിൻ കതിർകളിൽനിന്നല്ലി
ഭാസുരമാകുമുഷസ്സിൻെറയുത്ഭവം!

---

ല്ലാവരിലും ചെല്ലുന്നത്. ആർത്ഥികമായ അധഃപതനം, പരസ്പരമത്സരം, പരാശ്രയമയമായ ജീവിതവൃത്തി എന്നിവയാണല്ലോ ഇന്ത്യയുടെ അസ്വാതന്ത്ര്യത്തിനുള്ള കാരണങ്ങൾ; അവയെയെല്ലാം ഖദർനിർമ്മാണംകൊണ്ടു തീർക്കാമെന്നു വിവരിച്ചുകഴിഞ്ഞു.

9. ആയിരമായിരമാണ്ടിനു മുമ്പുണ്ടായിരുന്ന ആ പ്രഭാവ(മാഹാത്മ്യ)ത്തെ അവലംബിച്ചുവേണം നാം ഭാവിയെ ഭൂതിമത്ത് (ഐശ്വര്യമുള്ളത്) ആക്കുക. വാസരാന്തം=സന്ധ്യ.

# ൯. ഹരേ, കൃഷ്ണ!

(കേക)

1. അശ്രു വാൎന്നീലെന്നല്ല, വിട്ടതില്ലൊരു വീൎപ്പും—
അത്തലിൻ ചെറുതായൊരാവിയും—വെളിയ്ക്കവൾ;
തല തെക്കോട്ടായന്ത്യവസ്ത്രാച്ഛാദനത്തോടേ
നിലത്തു കിടക്കുന്ന ഭൎത്താവിൻമൃതദേഹം
ചലനരഹിതയായ് നോക്കുകമാത്രം ചെയ്താൾ,
തലയ്ക്കൽ വെയ്ക്കപ്പെട്ട വിളക്കിൻ ജ്വാലയ്ക്കൊപ്പം!

2. അത്രയും വരണ്ടതാണ,ത്രയും നിബിഡമാ-
ണത്തന്വിയ്ക്കകാലത്തു പററിയ പതിദുഃഖം;
അതിനെക്കൊടുതായൊരഗ്നിശൈലത്തെപ്പോലോ-
ൎത്തതിയായ്ബ്ഭയപ്പെട്ടു ബന്ധുമിത്രാദിജനം.

3. തരുണി ഗൃഹത്തിൽനിന്നിറങ്ങി,ച്ചെഞ്ചുണ്ടി
മുറുകിക്കാണപ്പെട്ട കൃത്യനിശ്ചയത്തോടും, (ന്മേൽ
പിറകേ ചില ചാൎച്ചക്കാരുമായ,ടുത്തുള്ള
മുരജിൽക്ഷേത്രത്തിലേയ്ക്കഞ്ജസാ നടകൊണ്ടാൾ;

---

1. ഒരു പത്രത്തിൽക്കണ്ട വൎത്തമാനത്തെ ആസ്പദമാക്കി എഴുതിയതു്. അന്ത്യവസ്ത്രം=ശവമൂടുതുണി.

2. ഒരിററു കണ്ണീരുമില്ലാത്തവിധം അത്ര വരണ്ടതും, ഒരു വീൎപ്പിന്നു പുറത്തു കടക്കാൻ വയ്യാത്തവിധം അത്ര നിബിഡവുമായിരുന്നു, അവളുടെ ഭൎത്തൃമരണദുഃഖം; അതു് ഒരിക്കൽ ഭയങ്കരമാംവണ്ണം പൊട്ടിപ്പുറപ്പെടാനിരിക്കുന്ന ഒരഗ്നിപൎവ്വതമായിരിക്കുമോ! എന്നു ബന്ധുമിത്രാദികൾ പേടിച്ചു.

3. ചുണ്ടുകൾ മുറുകിച്ചേൎന്നതിൽ, അവളുടെ കൃത്യനിശ്ചയം

871



അമ്പലക്കുളത്തിൽച്ചെന്നിറങ്ങി മുങ്ങി,ച്ചേല-
ത്തുമ്പിൽനിന്നിറ്റിറ്റ നീർത്തുള്ളിയാം‘പുണ്യാഹ’
ആവോളം വിശുദ്ധമാമധ്വാവിലൂടേപിന്നെ- (ത്താൽ
ക്കോവിലുൾപ്പുക്കാൾ, കാൺമോർ കോൾമയിർ
(ക്കൊള്ളും ഭക്ത്യാ.

4. അപ്പൊഴേ സമുദ്രോത്ഥയായ താർമകൾ പോലേ
ചിൽപ്പുരുഷങ്കലണഞ്ഞാർദ്രസർവ്വാംഗിയവൾ,
ചക്രശംഖാബ്ജഗദാപാണിയാമദ്ദേവന്റെ
തൃക്കഴലിങ്കൽ വീണു വണങ്ങി,ത്തിരുമുമ്പിൽ
അഴിച്ചുവെച്ചാൾ തന്റെ ഭൂഷകളോരോന്നായി-
ട്ട്;-ഴകാമണിമാത്രം ശേഷിച്ചു തദംഗത്തിൽ.

5. ‘നിസ്തുലസൗഭാഗ്യമാം മാർത്തടം ശ്രീദേവിക്കു
നിത്യമന്ദിരമായി നല്കിയ ഭഗവാനേ,
കനകവിഭൂഷകളിവയാലടിയത്തി-
ന്നിനിയെന്തുള്ളൂ കാര്യ?-മിവിടെസ്സമർപ്പിച്ചേൻ;
അർത്ഥനം മറ്റൊന്നില്ലി,ദ്ദാസിയിൽ പ്രസാദിച്ചു
ഭർത്തൃസാലോക്യം മമ തന്നരുളേണം സ്വാമിൻ!’
ഇത്രയും വീണാലാപരീതിയിലുണർത്തിച്ചു,
ലബ്ധാനുഗ്രഹ പോലെ മടങ്ങിപ്പോന്നാളവൾ.

---

വെളിപ്പെട്ടു. മുരജിത്ത്=വിഷ്ണു. ഭക്ത്യാ=ഭക്തിയോടേ. ഈ ഇതിവൃത്തം നടന്ന രാജ്യത്തു പുലക്കാർക്ക് അമ്പലത്തിൽ കടക്കാമായിരിക്കാം.

4. സമുദ്രോത്ഥ=സമുദ്രത്തിൽനിന്നു പൊന്തിവന്നവൾ. ആർദ്രസർവ്വാംഗി=ഉടൽ മുഴുക്കെ നനഞ്ഞവൾ. സമുദ്രോത്ഥയായ ശ്രീദേവിയോടു സാദൃശ്യം. അഴകാം അണി=സൗന്ദര്യമാകുന്ന ഭൂഷണം.

5. ഭർത്തൃസാലോക്യം=ഭർത്താവു ചെല്ലുന്ന ലോകത്തിൽ ചെല്ലാനുള്ള അർഹത. ലബ്ധാനുഗ്രഹ (=അനുഗ്രഹം കിട്ടിയവൾ) പോലെ അത്രയും പ്രസന്നഭാവത്തോടേ എന്നഭിപ്രായം.

6. സ്ഫടികപ്രാസാദത്തിൽ വാഴുന്ന ധന്യന്മാരു-
മൊട്ടുവിൽച്ചെന്നെത്തേണ്ടും ചുടലക്കളം പൂകാൻ,
ആതുരഹൃദയരായ്ബ്ബാഷ്പാർദ്രനയനരാം
ജ്ഞാതികളുടെ തോളത്തേറിനാൻ മൃതൻ കാന്തൻ.
അവനെത്തൊട്ടുംകൊണ്ടു നടന്നാൾ ഗൃഹിണിയും;
ശിവനേ, ബന്ധുക്കൾതൻ വാരണശ്രമം വ്യർത്ഥം!
ചിതയിൽദ്ദഹിപ്പിച്ചുകൊള്ളട്ടെ പാപമിവൾ
പുത്രവൈധവ്യാതങ്കമെന്നാമോ വിധിമതം!

7. യാതൊന്നോ മനുഷ്യരെച്ചുട്ടതിന്നനുവേലം
പ്രീതമായ്ച്ചിരിക്കുന്നു തദ്ദേഹാസ്ഥികളാലേ,
അച്ചുടുകാടിൻ ദ്വാരമവൾക്കു കാണായ്വന്നു,
സ്വച്ഛമാം സ്വർഗ്ഗത്തിന്റെ ഗോപുരം കണക്കിനേ!

8. ശവവാഹകർ പിന്നീടിറക്കിവെച്ചീടിനാ-
രവർതൻ ചുമടിനെച്ചിതയിൽ വിധിപോലേ;
ആ വധൂടിയും മണ്ണിൽസ്സാഷ്ടാംഗം പ്രണമിച്ചു,
മൂവുരുവലംവെച്ചു, തെക്കുഭാഗത്തായ്ക്കേറി,
അല്ലൽ വിട്ടവസാനക്കട്ടിലിൽക്കിടപ്പായ
വല്ലഭന്നുപധാനമാക്കിനാൾ നിജോത്സംഗം!

---

6. ആതുരഹൃദയർ=ഹൃദയത്തിൽ ദുഃഖം പൂണ്ടവർ. വാരണശ്രമം=തടഞ്ഞുനിർത്തുവാൻ ചെയ്യു ശ്രമം. അവളുടെ ഉദ്ദേശമെന്തെന്നു് ഇപ്പോൾ ബന്ധുക്കൾക്കൂഹിപ്പാൻ കഴിഞ്ഞു എന്നു് ഒടുക്കത്തെ ശീലു സൂചിപ്പിക്കുന്നു.

7. വെളുത്ത മനുഷ്യാസ്ഥികൾ ചിന്നിക്കിടക്കുന്ന ശ്മശാനം, അവൾക്കു സ്വച്ഛമായ (=വെളുത്ത) സ്വർഗ്ഗഗോപുരമാണു്!

8. വാഹകർ=ചുമക്കുന്നവർ. വധൂടി=പ്രായം ചുരുങ്ങിയ സ്ത്രീ (യുവതി). അല്ലൽ വിട്ടു്—മരിച്ചവർക്കു പിന്നെ എന്തു ദുഃഖമാണു്?

9. തീക്കൊള്ളി വലംകയ്യിലേന്തിയ ബന്ധുക്കളോ,
നോക്കിനില്പായീ മാഴ്കും കണ്ണിനാൽ തമ്മിൽത്തമ്മിൽ;
അതു കണ്ടവൾ ധീരസ്വരത്തില,പരാഹ്ന-
ക്കതിരോൻ ഗോരോചനം പൂശിച്ച കവിളുമായ്,
'നഷ്ടജീവിത ഞാനും നാഥന്റെ നിര്യാണത്താൽ;
ഒട്ടുമേ മടിക്കേണ്ടാ ശവദാഹത്തിന്നെ'ന്നാൾ!
ആവതില്ലാഞ്ഞക്കൂട്ടർ ചേക്കതൻ കോണുകളിൽ-
ത്തീ വെച്ചാർ വിറക്കൊണ്ട കൈകളാലെന്നേവേണ്ടൂ!
10. ഇമ്മഹാസതി ചെയ്യും ജീവിതാഹൂതിമൂലം
ബ്രഹ്മാണ്ഡമിടിഞ്ഞുവീണേയ്ക്കുമെന്നാശങ്കിച്ചോ,
മുല്ലാടച്ചിതാനലൻ സാന്ദ്രധൂമോൽഗാരത്താൽ-
ക്കെല്ലെഴുമിരിമ്പിന്റെ തൂണൊന്നു നാട്ടിക്കൊണ്ടാൻ!
അളിനീലാകാരമാമാകാശസരസ്സീങ്ക-
ലലകളായിച്ചുമഞ്ഞിളകീ ധൂമവ്രാതം!
കട്ടിടയ്ക്കേരിചെന്തി പടന്നുപിടിക്കയാൽ
പട്ടടയൊരു തുടംപട്ടുമെത്തയായ്ത്തീന്നു!

---

ഉത്സംഗം=മടി. കട്ടിലിൽ സസുഖം കിടക്കുന്ന ഭർത്താവിന്റെ ശിരസ്സ മടിയിൽ വെയ്ക്കുകയാണെന്നേ അവൾക്കു ഭാവമുള്ളു!

9. അപരം...ശിച്ച—വൈകുന്നേരത്തെ വെയിൽ തട്ടി ഗോരോചനം പൂശിയപോലിരിക്കുന്നു. ഉടന്തടിചാടുന്ന സ്ത്രീകൾ മഞ്ഞൾ മുതലായ മംഗളപദാർത്ഥങ്ങൾ അണിയാറുണ്ടത്രേ.

10. തീ കത്തിപ്പിടിക്കുന്നതിനെ ക്രമേണ വർണ്ണിക്കുന്നു: ആഹൂതി=ഹോമം. സാന്ദ്ര......രം=ഇട തിങ്ങിയ പുക പുറപ്പെട്ടുവിക്കൽ. ചിതയിൽ അധികവും പച്ചവിറകായിരിക്കുന്നതിനാൽ, നിബിഡമായ ഒരു പുകക്കൂട്ടമാണല്ലോ, ആദ്യം അതിൽനിന്നു പുറപ്പെടുക. അളി......രം=വണ്ടിനെപ്പോലെ കറുത്തത്. തൂണു പോലെ ഉയരെപ്പൊങ്ങിയ പുക ആകാശത്തു ചെന്നു പറന്നു. റാൽക്കൂതി='റാൽ, റാൽ

കത്തിന വിറകിൻെറ ാൽക്കൂതിഘോഷം വാസ്ലു-
മത്തീയിൻ നടുവിൽനിന്നുയന്നുക്രമത്താലേ,
ഭത്തൃസംയുതയാമസ്സാധ്വിസ്ലു വിണ്ണിൽപ്പോകാ-
നൊത്തൊരു തനിത്തങ്കവിമാനം—ജ്വാലാജാലം!

11. കക്കയും കഴിഞ്ഞു: രണ്ടുൽക്കൃഷ്ടയുവാക്കളോ-
ടുഗ്രമാം വേർപാടേവം പിണഞ്ഞ ജഗത്തിന്നോ,
തീക്കുടില്ലുകത്തുനിന്നൊരു പാട്ടല്പം നേരം
കേൾക്കായീ:—'ഹരേ,കൃഷ്ണ! കേശവ, ഹരേ, കൃഷ്ണ!'

---

എന്നു ശബ്ദിസ്ലൽ. ഈ ചിതാഗ്നിവണ്ണനം, ആ സാധ്വിയുടെ മനോഭാവത്തെ അനുസരിച്ചത്രേ.

11. തീക്കുടിൽ—കത്തിപ്പൊന്തിയ ചിതത്തിയ്യ് ആ സാധ്വിക്കു് ഒരു കൊച്ചുപുരയായി! 'ഹരേ,......കൃഷ്ണ!'—തീജ്ജ്വാലകൾ ശരീരത്തിൽത്തട്ടുമ്പോൾ, ആ സാധ്വി പാടിയത്. ഈ മഹാത്യാഗമന്ത്രം, അതു കേട്ട ലോകത്തിൻെറ സ്മരണയിൽനിന്ന് ഒരിസ്ലലും വേർപെട്ടു പോകയില്ല!

## ൧൦. എന്റെ ഭാഷ

(മാകന്ദമഞ്ജരി)

1. സന്നികൃഷ്ടാബ്ധിതൻ ഗംഭീരശൈലിയും,
സഹ്യഗിരിതന്നടിയുറപ്പും,
ഗോകർണ്ണക്ഷേത്രത്തിൻ നിർവൃതികൃത്ത്വവും,
ശ്രീകന്യാമാതിൻ പ്രസന്നതയും,
ഗംഗ പോലുള്ള പേരാറ്റിൻ വിശുദ്ധിയും,
തെങ്ങിളംകായ്നീരിൻ മാധുര്യവും,
ചന്ദനൈലാലവംഗാദിവസ്തുക്കൾതൻ
നന്ദിതഘ്രാണമാം തൂമണവും,
സംസ്കൃതഭാഷതൻ സ്വാഭാവികൌജസ്സും,
സാക്ഷാൽത്തമിഴിന്റെ സൌന്ദര്യവും,
ഒത്തുചേർന്നുള്ളൊരു ഭാഷയാണെൻഭാഷ—
മത്താടിക്കൊൾകഭിമാനമേ, നീ!

2. മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം-
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം,

---

1. സന്നികൃഷ്ടം=അടുത്തുള്ളത്. നിർവൃതികൃത്ത്വം=ആശ്വാസപ്രദത്വം. കന്യാമാത്=കന്യാകുമാരി. നന്ദിതഘ്രാണം=ഘ്രാണേന്ദ്രിയത്തെ ആനന്ദിപ്പിക്കുന്നത്. തമിഴും സംസ്കൃതവുമായി ചിരന്തനസംബന്ധമുള്ളതുകൊണ്ട്, ആ രണ്ടു ഭാഷകളുടേയും സവിശേഷതകൾ ഈയൊരു ഭാഷയ്ക്കു കിട്ടിയിട്ടുണ്ട്. ഗംഭീരാർത്ഥമായ ശൈലി, വ്യാകരണവ്യവസ്ഥ, ആനന്ദപ്രദത്വം, പ്രസാദഗുണം, ശബ്ദശുദ്ധി, മാധുര്യം, സുഗന്ധം (ഭാഷയ്ക്ക് അങ്ങിനെയൊരു ഗുണമുള്ളതായി വ്യവഹാരമുണ്ട്.), ഓജോഗുണം, സൌകുമാര്യഗുണം—എന്നീ ഭാഷാഗുണങ്ങളെല്ലാം തികഞ്ഞതാണ് കൈരളി; നമുക്കഭിമാനിക്കുവാൻ മറ്റെന്തു വേണം!

അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്?
മററുള്ളഭാഷകൾ കേവലം ധാത്രിമാർ;
മർത്ത്യനു പെററമ്മ തൻഭാഷതാൻ.
മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ;
അമ്മ താൻതന്നേ പകർന്നുതരുമ്പൊഴേ
നമ്മൾക്കമൃതുമമൃതായ്ത്തോന്നൂ.

3. ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽനിന്നു താൻ കേൾക്കവേണം.
ഹൃദ്യം സ്വഭാഷതൻശീകരമോരോന്നു-
മുൾത്തേനായ്ച്ചേരുന്നു ചിത്തതാരിൽ;
അന്യബിന്ദുക്കളോ, തൽബഹിർഭാഗമേ
മിന്നിച്ചു നില്ക്കുന്ന തൂമുത്തുകൾ!

4. ആദിമകാവ്യവും പഞ്ചമവേദവും
നീതിപ്പൊരുളുമുപനിഷത്തും

---

2. സമ്മേളിക്കുക=ചേരുക. വാത്സല്യദുഗ്ദ്ധം = വാത്സല്യമാകുന്ന പാൽ. ചെറുപ്പംമുതല്ക്കേ ശീലിച്ചതാകയാൽ, തന്റെ മാതൃഭാഷയോളം ഉള്ളിൽത്തട്ടുന്നതാകയില്ല, മററുഭാഷയും.

3. 'അമ്മതാൻ......ത്തോന്നൂ' എന്നതിനെ വിവരിക്കുന്നു: ഹൃദ്യം=ഹൃദയത്തിന്നിഷ്ടം. തൽബഹിർഭാഗം=ചിത്തതാരിന്റെ പുറവശം. തൂമുത്തുകൾ—മഞ്ഞുതുള്ളികൾ. കേവലം അലങ്കാരങ്ങൾ മാത്രമാണെന്നു വ്യംഗ്യം.

4. പക്ഷേ, നമ്മുടെ ഭാഷയ്ക്കു് അതിന്നൊക്കെ ശേഷിയുണ്ടോ എന്നാണെങ്കിൽ: നീതിപ്പൊരുൾ=ചാണക്യസൂത്രം മുതലായവ. ഉപ

പാടി സ്വകീയരെക്കേൾപ്പിച്ച കൈരളി
പാടവഹീനയെന്നാർ പറയും?

5. കൊണ്ടാടി നാനാവിചിന്തനതന്തുക്കൾ-
കൊണ്ടാത്മഭാഷയെ വായ്പിയ്ക്കായ്കിൽ,
കേരളത്തിന്നീയിരുൾക്കുണ്ടിൽനിന്നൊന്നു
കേറാൻ പിടിക്കയറെന്തു വേറേ?
എപ്പോൾവരെയ്ക്കുമില്ലേവർതൻ ഭാഷയ്ക്കു
കെല്പും പരപ്പും നടപ്പുമൊന്നും,
അപ്പോൾവരെയ്ക്കുവരാവതില്ലാത്തവ-
രപ്രഫുല്ലാശയരപ്രശസ്തർ.

6. വിൺമൊഴിയാം മഹാറാണിയെൻഭാഷയ്ക്കു
നന്മ പുലർത്തുന്ന തോഴി പണ്ടേ;
പോരെങ്കിൽ, ദ്വീപാന്തരങ്ങളിൽനിന്നുമൊ-
ട്ടേറെ വിദ്യാധനം നേടിയോരായ്
എത്ര പേരില്ലിന്നു നമ്മക്കളെ,ന്നിട്ടു-
മത്രഭവതി ദരിദ്രയെന്നോ!

---

നിഷത്തു് = ചിന്താരത്നം മുതലായവ. സ്വകീയർ=തന്നെസ്സംബന്ധിച്ചവർ—കേരളീയർ. പാടവഹീന=സാമർത്ഥ്യമില്ലാത്തവൾ.

5. നാനാ......ന്തുക്കൾ=പല ആലോചനകൾ (മഹാന്മാരുടെ ചിന്തനങ്ങളടങ്ങിയ സൽഗ്രന്ഥങ്ങൾ) ആകുന്ന നൂലുകൾ. സ്വഭാഷാഭിവൃദ്ധിയില്ലാത്ത രാജ്യത്തിന്നു് അഭിവൃദ്ധിയില്ലെന്നു മഹാന്മാർ പറയുന്നു. അപ്രഫുല്ലം=വികസിയ്ക്കാത്തതു്. സ്വഭാഷയുടെ ശേഷിയും വിശാലതയും പ്രചാരവുമാണ്, ജനങ്ങളുടെ ശേഷിയ്ക്കും ഹൃദയവികാസത്തിന്നും പ്രശസ്തിയ്ക്കും കാരണം.

6. വിണ്മൊഴി=സംസ്കൃതം. ദ്വീപാന്ത......നേടിയോർ=ദ്വീപാന്തരഭാഷകൾവഴി വിദ്യാഭ്യാസം ചെയ്യുവർ. ദരിദ്രയെന്നോ!—ദരിദ്രയായിരിയ്ക്കുന്നതു് അത്ഭുതകരംതന്നെ!

7. അന്യഭാഷാബ്ധിയിലാണ്ടാണ്ടു മുങ്ങിയ
ധന്യരേ, നിങ്ങൾതൻ വേല പാഴിൽ,
മാൽ പെട്ടതിൽനിന്നുപാൎജ്ജിച്ച രത്നങ്ങൾ
മാതാവിന്നായിസ്സമൎപ്പിയായ്കിൽ.
ചെല്ലക്കിടാങ്ങൾതൻ സൽഗ്രന്ഥക്ഷുത്തിനെ-
ത്തെല്ലു ശമിപ്പിപ്പാനാളല്ലാതേ
അല്ലൽപ്പെടുന്ന കുചേലകുടുംബിനി-
യല്ലയോ നമ്മുടെ ഭാഷയിന്നും!

8. എത്ര ലജ്ജാകരം, മെത്ര ദുഃഖപ്രദം—
പുത്രധൎമ്മങ്ങൾ മറന്നിടായ്കിൻ:
മാതൃഭാഷയ്ക്കിഹ ദാസ്യം നടത്തായ്കി-
ലാധിപത്യത്തിന്നനൎഹർ നിങ്ങൾ—
ഭക്ത്യാ സ്വഭാഷതൻ കാല്ക്കൽക്കുനിയായ്കി-
ലത്തലയെങ്ങിനെ പൊങ്ങിനില്ക്കും?
ബുദ്ധിമാന്മാരേ, സ്വഭാഷത്തറവാട്ടിൽ-
സ്സ്വത്തു വളൎത്തുവാൻ യത്നം ചെയ്വിൻ—
ആലസ്യത്തിന്നു നിവാപാംബു നല്കുവിൻ
ഫാലത്തിലോലും വിയൎപ്പിനാലേ!

9. ഏറെ വാക്കെന്തിനു? നാളെമുതല്ക്കിനി-
ക്കേരളിതൻെറ ഗൃഹാങ്കണത്തിൽ
പാണ്ഡിത്യഭിക്ഷുക്കളായ് വന്നവർ വന്നവർ
ഭാണ്ഡം നിറച്ചേ തിരിച്ചുകൂട്ടൂ:
കേടററൊരൌദാൎയ്യശീലത്തിലെന്നെന്നേ
കേളി കേട്ടുള്ളവർ കേരളീയർ!

---

7. സൽഗ്രന്ഥക്ഷുത്ത്=നല്ല ഗ്രന്ഥങ്ങൾ വായിപ്പാനുള്ള ആഗ്രഹമാകുന്ന വിശപ്പ്.

8. നിവാപാംബു=പ്രേതത്തിന്നു നല്കുന്ന ജലം.

## ൧൧. ഒരു കിഴവൻപേരാല്

(കേക)

1. രത്നഗർഭതന്നുള്ളിൽനിന്നെങ്ങും മരകത-
രത്നരശ്മികൾ തല കാട്ടിയ മൈതാനങ്ങൾ,
പല ഭാഗത്തെയ്ക്കായ്പ്പോമാപാണ്ഡുനിറത്തിനാൽ
വിലസീടുന്നു വക്കിൽ ച്ഛായമിട്ടവ പോലെ;
ഏറിയ വള്ളിപ്പടപ്പുകളാലിറയത്തു
നേരിയ വെള്ളിയട തൂക്കിയ ബംഗ്ലാവുകൾ
പാളിനോക്കുന്നു, ചാരേ സായന്തനാദിത്യാംശു-
പാളിയാലൊളി മിന്നും നദിതന്നോളങ്ങളെ;
ജനമെങ്ങെങ്ങും തിങ്ങും നഗരാൽപ്പോന്നേകാന്തേ
വനഭോജനസൌഖ്യം സാധിച്ച വിലാസികൾ
പൂവള്ളിക്കുടിൽകളിലിരുന്നു പാടീടുന്നു,
മാവിളംതളിരുണ്ട കോകിലങ്ങളെപ്പോലെ;
ഉന്മദവിഹംഗമധ്വനിയാൽ തമ്മിൽത്തമ്മിൽ
നർമ്മസല്ലാപം ചെയ്വൂ വിവിധവിടപികൾ—
കല്ക്കത്താനഗരത്തിൽനിന്നൊട്ടു ദൂരേ ഗംഗാ-
വക്കത്തുള്ളൊരു പെരുംതോട്ടത്തിലാണിപ്പോൾ നാം;

---

1. രത്നഗർഭ=ഉള്ളിൽ രത്നങ്ങളുള്ളത്—ഭൂമി. പല രത്നങ്ങളുമുള്ള ഭൂമിയുടെ അന്തർഭാഗത്തുനിന്നു മരകതരത്നങ്ങളുടെ കിരണാഗ്രങ്ങൾ പുറത്തെയ്ക്കു പുറപ്പെട്ടിരിയ്ക്കുന്നു എന്നാശയം; പച്ചപ്പുല്ലുകൾ മുളച്ച മൈതാനങ്ങൾ എന്നു താൽപര്യം. ആപാണ്ഡു=തെല്ലു വെളുത്ത. അംശുപാളി=കിരണസമൂഹം. ഒരു പുഴയും, അതിന്റെ വക്കത്ത് അവിടവിടെ ബംഗ്ലാവുകളുമുണ്ട്. ഏകാന്തേ=നിർജ്ജനസ്ഥലത്ത്. വി

തക്ക കന്മതിലിനാലാവൃതമതിസ്വച്ഛ-
മുൽകൃഷ്ടവിഭവാഢ്യമിക്കൃഷീശ്വരീക്ഷേത്രം.
നില്ക്കട്ടെ മറെറല്ലാമെൻനേത്രമേ; നോക്കിക്കാണ്കൊ-
പ്പൊക്കവും വിസ്താരവുമേറിയ പേരാലിനെ.

2. പൊരുത്തു വേടാം തൂണു ചുഴന്ന പച്ചപ്പട്ടു-
വിരിപന്തലിൽ നില്പായ് തത്തലമണഞ്ഞ ഞാൻ;
വെൺചേല വിരിച്ചിട്ടുണ്ടിന്നിലത്തങ്ങിങ്ങല്ലോ,
ചഞ്ചലദളരന്ധ്രച്യുതമാം പോക്കവെയിൽ.
'അമ്മാമ, വയസ്സെത്രയായിട്ടുണ്ടിവിടെയ്ക്കു?'–
ന്നിമ്മരക്കിഴവനോടിന്നൊരാൾ ചോദിച്ചാലോ,
'ഒരുനൂററുപതെ'ന്നാവുംപോൽ മറുപടി,
ചെറുതു സംസാരിപ്പാൻ കഴിവുണ്ടിതിനെങ്കിൽ.
ഒരു നാഴികയോളം ചുററളവൊത്തുള്ളൊന്നീ-
ത്തരുസമ്രാട്ടിൻ രാജ്യമന്യരാലനാക്രാന്തം.
പുത്രർ നൂറെറാന്നേ ചേർന്ന വൈചിത്രവീര്യൻതൻെറ
മുത്തശ്ശി, ഭീഷ്മർക്കമ്മയാകുമാഗ്ഗംഗാദേവി,
മക്കൾ വേടുകളരുനൂറെറാന്നു ചൂഴും നിന്നെ-
ത്തൂക്കണ്ണാത്തൾക്കൊൾവൂ സന്തതമാഹ്ലാദത്താൽ.

---

ലാസികൾ=സുഖാനുഭവതൽപരർ. ഉന്മദ...നി=മദം മുഴുത്ത പറവകളുടെ ശബ്ദം. വിടപി=മരം. ആവൃതം=ചുററപ്പെട്ടത്.

2. തത്തലം=അതിൻെറ ചുവട്. വെൺചേല—മഞ്ഞുമൂലം, പോക്കവെയിലിനും ഉഷ്ണം കാണപ്പെട്ടില്ല. ചഞ്ചല...തം=ഇളകുന്ന ഇലകളുടെ പഴുതിലൂടേ വീഴുന്നത്. അനാക്രാന്തം=ആക്രമിക്കപ്പെടാത്തത്—അത്രയും സ്ഥലത്തു മററു വൃക്ഷലതാദികളൊന്നുമില്ല. വൈചിത്രവീര്യൻ=ധൃതരാഷ്ട്രൻ. ആ മുത്തശ്ശി, അത്രയും പുത്രസമ്പത്തോടുകൂടിയ ധൃതരാഷ്ട്രനെ എത്ര ആഹ്ലാദത്തോടുകൂടി കാണുമോ, അതിലുമധികം ആഹ്ലാദത്തോടുകൂടിയാവും താങ്കളെ കാണുന്നതെന്നഭിപ്രായം.

3. ബ്രിട്ടീഷുകാർതന്നിന്ത്യാഭരണപ്പരിചന്നു-
തൊട്ടിന്നുവരെയും കണ്ടറിഞ്ഞോനല്ലോ താങ്കൾ;
തിട്ടമോതാമോ, മുക്തിനാടിതിൻ കൈകാല്ക്കിട്ട
കട്ടിച്ചങ്ങല തീർത്തതെത്ര കാരിരിമ്പാലോ!
4. ഭർത്താവിൻശവത്തിനെദ്ദഹിപ്പിച്ചീടും തിയ്യിൽ-
ബ്ഭാര്യതൻസചേതനാംഗത്തെയും ഹഠാൽപ്പൂഴ്ത്തി,
ചുട്ടുതിന്നിമ്പംകൊള്ളും പൈശാചികാചാരത്തെ-
ശ്ശിഷ്ടഭൂവിതിൽനിന്നുച്ചാടനംചെയ്വാൻവേണ്ടി,
അവ്വണ്ണമെല്ലാം, രാജാ രാമമോഹനരായി
മുവ്വാറുവർഷം ചെയ്ത മാന്ത്രികപ്രയോഗങ്ങൾ,
പത്രമർമ്മരംകൊണ്ടു വർണ്ണിച്ചിത്തനുജരെ-
സ്സുസ്ഥിരാത്ഭുതസ്തബ്ധരാക്കമാറുണ്ടാം താങ്കൾ.
5. നിൻതണൽപ്പരപ്പിതിലെങ്ങാനും വനസ്പതേ,
സന്ത്യക്തതൃഷ്ണൻ രാമകൃഷ്ണനാം ഭഗവാനും,

---

3. നൂററമ്പതുകൊല്ലത്തെ പഴക്കമുള്ള ആ പേരാലിനെക്കണ്ട്, അത്രത്തോളംകാലമായി ഇവിടെ നിലനില്ക്കുന്ന ബ്രിട്ടീഷ ഭരണത്തെ സ്മരിക്കുന്നു: പരിചു്=രീതി. മുക്തിരാജ്യത്തെ ബന്ധിക്കുവാനുള്ള ചങ്ങലക്കു് ഇരിമ്പു കാച്ചായാൽ പോരല്ലോ. അത്രയും ധർമ്മനിഷ്ഠമായ ഈ രാജ്യത്തെ എങ്ങിനെയെല്ലാമാണു് കൂട്ടിലാക്കിയതു്?

4. അടുത്തുള്ള കല്ക്കത്തയിലെ ചരിത്രപ്രധാനങ്ങളായ സംഗതികളെ സ്മരിക്കുന്നു: ഹഠാൽ=ബലാൽക്കാരമായി. ഉത്തരേന്ത്യയിൽ നടന്നിരുന്ന സനിബന്ധമായ ഉടന്തടിച്ചാട്ടം, രാജാ രാമമോഹനരായിയുടെ പതിനെട്ടു സംവത്സരത്തെ നിരന്തരപരിശ്രമംകൊണ്ടാണല്ലോ നിർത്തപ്പെട്ടതു്. സ്തബ്ധർ=സ്തംഭിച്ചവർ. വേട്ടകൾ എന്നും സ്തംഭിച്ചുനില്ക്കുന്നതു്, ആ വക കഥകൾ കേട്ടു സുസ്ഥിരമായുണ്ടായ അത്ഭുതംകൊണ്ടാവാമെന്നഭിപ്രായം.

5. വനസ്പതി=പൂക്കാതെ കായ്ക്കുന്ന വൃക്ഷം. സന്ത്യക്തതൃഷ്ണൻ=

'സ്വാതന്ത്ര്യ,മാത്മാവിൻെറ സംഗീതം',ബഹുജന-
വ്രാതത്തെ ശ്രവിപ്പിച്ച തച്ഛിഷ്യപ്രവരനും,
മൌനിയായ്ച്ചിരം പടിഞ്ഞിരുന്നു ജഗദംബാ-
ധ്യാനത്തിൽ മുഴുകിയിട്ടുണ്ടാവാം പലപ്പോഴും.

6. വന്ദ്യരഗ്ഗുരുക്കന്മാര,ന്നവിശ്വാസികളെ
'വന്ദേമാതര'മെന്നു പാടുവാൻ പഠിപ്പിച്ചോർ;
നിന്നയൽപക്കത്തേവമെത്ര പേർ പിറന്നീലാ
ധന്യധന്യന്മാർ; വെല്ലുതാക നിന്നായുരൈശ്വര്യം!

7. കന്നരശ്ശതാബ്ദത്തിൻതന്ത്രങ്ങൾ നീണ്ടുകിട-
ക്കുന്നതുണ്ടല്ലോ, മുററും നിൻവൃദ്ധസ്മരണയിൽ;
എന്തു തോന്നുന്നു ഭവാന്നെ,ത്രനാളിനിപ്പാര-
തന്ത്ര്യത്തിൽക്കിടന്നേസ്സമുൽബുദ്ധമാമീ രാജ്യം!

---

തൃഷ്ണ വെടിഞ്ഞവൻ. തച്ഛിഷ്യപ്രവരൻ=അദ്ദേഹത്തിൻെറ ശിഷ്യരിൽവെച്ച ശ്രേഷ്ഠൻ—ഭഗവദ്വിവേകാനന്ദൻ. 'സ്വാതന്ത്ര്യം ആത്മാവിൻെറ സംഗീതമാണെ'ന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. ബഹുജന...പ്പിച്ച—വിവേകാനന്ദൻ ഭൂമണ്ഡലം ചുററി പ്രസംഗിച്ചാളാണല്ലോ.

6. 'വന്ദേ മാതര'മെ...ച്ചോർ—ബങ്കിമചന്ദ്രചാറ്റർജ്ജി മുതലായവർ. ആയുരൈശ്വര്യം=ആയുസ്സിൻെറ നീളം.

7. തന്ത്രങ്ങൾ=നീതിഭേദങ്ങൾ. ഉൽബുദ്ധം=ഉണർന്നത്. ഉണൎന്ന ആൾ പിന്നെയും എത്ര കണ്ടു കിടക്കും? ഇതേവരെയുള്ള നീതിവിശേഷങ്ങളെ കണ്ടോർമ്മയുള്ള ആ 'വലിയമ്മാമ'ൻെറ അഭിപ്രായം ശരിയായേ വരൂ; അതാണല്ലോ, വയോവൃദ്ധന്മാരുടെ വൈശിഷ്ട്യം.

## ൧൨. പൈശാചയജ്ഞം

(പാന)

1\. ഭദ്രകാളി, ഭയാപഹേ കൈതൊഴാം!
ഭദ്രദേ, തൊഴാം ലോകൈകമാതാവേ!

2\. അങ്കമിട്ട മയിൽപ്പീലിയെ വെല്ല-
മങ്കവാലും, നിറുകയിൽച്ചെംപൂവും,
കിട്ടിയ വസ്തുവിങ്കലലംഭാവാൽ
പുഷ്ടി പൂണ്ടു കൊഴുത്ത ശരീരവും,
ചെമ്പൊളിച്ഛായമിട്ട ചിറകുമായ്
മുമ്പിൽ വന്നു വണങ്ങുമിക്കോഴിയെ
ത്തൃക്കൺപാർക്കമ്പൊഴംബികയ്ക്കുമ്മിഞ്ഞ
നൽക്കുളിർപ്പാൽ ചുരത്തുന്നതില്ലയോ!

3\. കണ്ടു തൃപ്തി വരുന്നതിൻ മുമ്പതാ,
മിണ്ടുവാനസമർത്ഥനാമപ്പക്ഷി,
കാവിലെബ്ബലിവേദിമേൽ—മർത്ത്യൻെറ
കാഠിന്യപരിണാമമാം കല്ലിന്മേൽ—
ദേവി, ഹാ, പാഠി—നിർദ്ദോഷമാം നിജ-
ജീവരക്തം പൊഴിച്ചു നിലംപൊത്തി!

---

1\. മീനമാസത്തിലെ ഭരണിനാൾ കേരളത്തിലെ കാളികാവുകളിൽ നടക്കുന്ന ജന്തുബലിയെ ഓർത്തെഴുതിയത്: ഭയാപഹ=ഭയം നീക്കുന്നവൾ. ഭദ്രദ=ശുഭം നല്കുന്നവൾ.

2\. അങ്കമിട്ട്=യുദ്ധംവെട്ടിയിട്ട്. ലോകൈകമാതാവിനു തൻെറ ഏതു പുത്രനെ (ലോകത്തിലെ ഏതു ജീവിയെ) കാണുമ്പോഴും മുല ചുരക്കുമല്ലോ.

3\. മർത്ത്യ.....കല്ല്—മനുഷ്യൻെറ കാഠിന്യം (നിർദ്ദയത്വം)ത

ഛേദകന്റെ കരാളമാം വാളേററ-
സ്സാധുവിൻ തല മെയ്യോട വേർപെട്ടു;
അന്നെടുഗളം കാഹളമൂതുകി-
ല്ലി,ന്നിമേലിൽ നിനക്കായ് പ്രഭാതമേ!

4. കൊററനാടേ, തപസ്വിയെപ്പോലില
കൊററുമായ് നാൾ പുലത്തും പ്രശാന്തനേ,
തച്ചരിതത്തിലാദരംകൊണ്ടല്ലോ
തെച്ചിമാലയണിയിച്ചതു നിന്നെ:

5. നിന്റെ പൂവ്രിൽപ്പംഗുവാമേകനെ-
ത്തന്റെ തോളത്തെടുത്താർ നടന്നിതോ,
അത്തിരുവടി—ബുദ്ധഭഗവാനീ
മർത്ത്യമണ്ഡലത്തിന്റെയുവർമണ്ണിൽ
ഭൂതകാരുണ്യധർമ്മമൊഴുക്കുവാൻ
ചെയ്ത തീവ്രപ്രയത്നം വൃഥാവിലേ!
ആടിന്നും ഗതി കോഴിയുടേതുതാ-
നാ,രു കേൾക്കുമവററിൻ നിലവിളി!

---

ന്നെ ഒരു കല്ലായിപ്പരിണമിച്ചതാണ്, കാവിലെ ബലിവേദി എന്ന ഭിപ്രായം. ഛേദകൻ=വെട്ടുന്നവൻ.

4. തച്ചരിതം=(തപസ്വിയെപ്പോലെ ഇല തിന്നു ജീവിക്കുക എന്ന) നിന്റെ ചരിത്രം. കൊററനാടിനെ വെട്ടുവാൻ കൊണ്ടുപോകുമ്പോൾ തെച്ചിമാല ഇടുവിക്കാറുണ്ട്.

5. ആവക അഹിംസാപ്രതിപത്തിയൊന്നും ഇവിടെയില്ല; അതുണ്ടാക്കുവാൻ ബുദ്ധദേവനുപോലും സാധിച്ചില്ലെന്ന്: ബിംബിസാരനെന്ന രാജാവിന്റെ യജ്ഞത്തിന്നായി കൊണ്ടുപോകപ്പെടുന്ന ആട്ടിൻകൂട്ടത്തിൽ, എന്തോ കാരണത്താൽ പരിക്കു പററി പംഗു (നൊണ്ടി) ആയ ഒരാട്ടിൻകുട്ടിയെ അനുകമ്പാർദ്രനായ ബുദ്ധദേവൻ എടുത്തുംകൊണ്ടു നടന്നു എന്നും മററും 'പൌരസ്ത്യദീപം' അഞ്ചാം സർഗ്ഗത്തിൽ വർണ്ണിക്കുന്നുണ്ട്. ഉവർമണ്ണിൽ (ഉപ്പുളിയുള്ളേടത്ത്) നനച്ചിട്ടെന്തു ഫലം?

6. കട്ടിടക്കേവമെത്ര സത്ത്വങ്ങളെ
വെട്ടി, വെട്ടി,ബ്ഭരണിയാം നക്ഷത്രം
തന്നധിദേവതയ്ക്കു നിവേദിച്ചു!
നിന്നെയാർ തീർത്തു പൈശാചയജ്ഞമേ!

7. നിഷ്ഠുരം വഴിപാടിതു ചെയ്യോനേ,
വെട്ടുവോനേ, മുറുകെപ്പിടിപ്പോനേ,
ഭദ്രതൻ തിരുനാമത്തിന്മേൽ, നിങ്ങൾ
ഭക്തരായ്നിന്നു ചോര തെറിപ്പിപ്പൂ—
ചോരയെസ്സുധയാക്കുന്ന മന്ത്രത്താൽ
ഘോരയക്ഷിയായ് മാററുന്നു ദേവിയെ!

8. ഘാതകർ നിങ്ങൾ, നിങ്ങൾക്കൊരു പെരും-
വൈതരണിയിച്ചോരയാൽ നിർമ്മിച്ചു—
നിങ്ങൾതൻ കാളരാത്രിതൻ സന്ധ്യയാ-
ണിങ്ങു കാണ്മതു രക്തക്കരുതിയായ്!
'കൊല്ലുവോൻ കൊലയേല്ക്കു;' 'വിതച്ചതേ
കൊയ്യുകയുള്ളു;' കർമ്മമനുല്ലംഘ്യം.

---

6. സത്ത്വങ്ങൾ=ജീവികൾ. യമനാണ് ഭരണിയുടെ ദേവത.

7. ചോരയെസ്സുധയാക്കുന്ന മന്ത്രം—'മന്ത്രപൂതം ശോണിതം തു പീയൂഷം ജായതേ സദാ' എന്നത്രേ, ബലികർമ്മക്കാരുടെ വിശ്വാസം. ചോരയെ സുധയാക്കുകയല്ല, ദേവിയെ കൊടുംയക്ഷിയാക്കുകയാണ് ചെയ്യുന്നതെന്നഭിപ്രായം.

8. 'ഉപദേഷ്ടാ വധേ ഹന്താ കർത്താ ധർത്താ ച വിക്രയീ ഉത്സൃഷ്ടകർത്താ ജീവാനാം, സർവ്വേഷാം നരകം ഭവേൽ' എന്നു പ്രമാണം. വൈതരണി=നരകത്തിലെ രക്തനദി. കാളരാത്രി=മൃത്യുദിവസത്തിന്റെ തലേ രാത്രി. അനുല്ലംഘ്യം=അതിക്രമിക്കാവതല്ലാത്തത്.

9. പുൽക്കൊടിത്തല നുള്ളുന്നതുപോലു-
മുഗ്രപാപമായ്ക്കണ്ട കണ്ണുള്ളവർ,
ഉള്ളുകൊണ്ടുമുടൽകൊണ്ടുമാവിധം
ചൊല്ലുകൊണ്ടുമഹിംസയെസ്സേവിച്ചോർ,
മംഗലാത്മാക്കളേറെപ്പെരുത്തുപേ-
രെങ്ങു ജാതരായെ,ങ്ങു കുടികൊണ്ടു,
മാനനീയമാ രാജ്യം സഹിക്കുമോ
മാനവൻെറയീ മാംസാദചേഷ്ടിതം—
യജ്ഞസംജ്ഞം നിരപരാധവധം
വിജ്ഞഗർഹിതം വിശ്വഭയാനകം?

10. ഭദ്രകാളി, ഭയാപഹേ, കൈതൊഴാം!
പുത്രവത്സലേ, ലോകൈകമാതാവേ,
ഇന്നുതന്നെ നിന്മക്കളീ മൌഢ്യത്തിൽ-
നിന്നു കേറാൻ കനിവരുളേണമേ!

---

9. മാംസാദചേഷ്ടിതം=മാംസത്തീനികളുടെ പ്രവൃത്തി. യജ്ഞസംജ്ഞം=യജ്ഞം എന്നു പേരുള്ളത്. വിജ്ഞഗർഹിതം=അറിവുള്ളവരാൽ നിന്ദിക്കപ്പെട്ടത്.

10. മൌഢ്യം=അറിവില്ലായ്മ.

## ൫൩. ജാതിപ്രാഭവം

(കേക)

1. ഭൈരവന്നഴകില്ലാ, പണമില്ല,റിവില്ലാ,
പോരെങ്കിലവനൊരു ഹീനവർണ്ണനുമത്രേ;
എങ്ങിനെയവങ്കലഗ്ഗൌരി— മേന്മയും സ്വത്തും
തിങ്ങിന തറവാട്ടിൽജ്ജനിച്ചവളന്നവൾ—
ബദ്ധരാഗയായ്ത്തീൎന്നു സുന്ദരി, പഠിപ്പുള്ളോൾ?
ഉത്തരമിച്ചോദ്യത്തിന്നവളും കണ്ടിട്ടില്ല!

2. ഏറവും കറുത്തിരുണ്ടിരുന്നു, കാറവും വൈരൂ-
മേറവുപോരുമത്തോട്ടപ്പണിക്കാരൻതൻ ഗാത്രം;
അക്കരിക്കട്ടയെയും വൻവൈരമണിയാക്കി,
മയ്ക്കണ്ണാളുടെ മനശ്ശില്പസംസ്കാരം ക്രമാൽ!
സരസം കാർമേഘത്തോടിണങ്ങി വെള്ളിൽപ്പിട,-
യിരുളിൻപിമ്പേ നടകൊൾകയായ് ദീപോദ്ദീപ്തി!

3. ഒരുനാളിസ്സംസാരം പരക്കെക്കേട്ടുംകൊണ്ടാ-
ണരുണൻ തെളിക്കും തേർ വന്നതുമ്പർകോൻ
(ദിക്കിൽ:—

---

1. തന്നിലുള്ളതെല്ലാമുണ്ടോ, അതൊന്നുമില്ലാത്ത ഒരാളിലാണ് ഗൌരി ദൃഢാനുരക്തയായിത്തീൎന്നത്!

2. പക്ഷേ, അതിൽ അസ്വാഭാവികമായിട്ട് ഒന്നുമില്ലെന്ന്: മന...രം=മനസ്സിന്റെ ശില്പവിദ്യ. കരിക്കട്ടയിൽനിന്നു വൈരക്കല്ലുണ്ടാക്കാം. വെള്ളിൽപ്പിട=വൎഷകാലത്തു ഗൎഭാധാനത്തിന്നായി കാർമേഘത്തെ അനുഗമിക്കുന്ന ഒരുതരം വെളുത്ത കിളി. ഉദ്ദീപ്തി=ഉജ്ജ്വലപ്രഭ. ഇരുട്ടു മുമ്പിലും ദീപപ്രഭ പിമ്പിലുമായി നടക്കുന്നതു നാം കാണുന്നു.

3. അരുണൻ=സൂൎയ്യന്റെ സാരഥി. ഉമ്പർകോൻദിക്ക്=കിഴ

'ഭൈരവൻ വശീകരണൌഷധപ്രയോഗത്താൽ-
ഗ്ഗൌരിയെഗ്ഗൂഢം രാവിൽക്കൊണ്ടുപോയ്ക്കളഞ്ഞു
(പോൽ.'
എങ്കിലുമയൻ്റൊളികൊൾകതാൻചെയ്ത സൂര്യ-
നെ,ന്തിതു, ജാതിഭ്രംശമവിടെയ്ക്കഗണ്യമോ!

4. തിരഞ്ഞു പലേടത്തും ഗൌരിതൻ ഭവനക്കാർ;
തിരിയേ ലഭിച്ചീലാ പോയ്പ്പോയ കുലമാനം;
ലജ്ജയും വ്യസനവുമവരിലരിശത്തെ-
യുജ്ജ്വലിപ്പിച്ചു,പ്പെണ്ണിൻ നാമമേ നഞ്ഞെന്നാക്കി:
അസ്വതന്ത്രയാം നാരി,യാണുങ്ങൾ തീർത്ത മതി-
ലത്രയും ചാടിക്കടന്നാലതു സഹിയ്ക്കാമോ!

5. ജ്ഞാതിവർഗ്ഗത്തെപ്പേടിച്ചകലത്തൊരേടം പോയ്
പ്രീതരായ്ക്കൂടികൊണ്ടാർ ഗൌരീഭൈരവരെ;ന്നാൽ,
അതുലോത്സവമാകും വസന്തം രണ്ടാമത-
പ്പുതുദംപതിമാർതൻ പാർപ്പിടത്തണഞ്ഞീലാ:
ആണ്ടെത്തുന്നതിന്മുന്നേ, കടന്നുകൂടിലിന്നെ-
ത്തീണ്ടുവാൻ തുടങ്ങി, ഹാ, ദുർഭിക്ഷ;-മതോടൊപ്പം
ആർത്തശയ്യയിലുമായ് ഭൈരവൻ; പാവം ഗൌരി
വൈദ്യന്നോ വയററിന്നോ വല്ലതും കൊടുക്കേണ്ടു!

---

ക്കേട്ടിക്ക്. ജാതിഭ്രംശഭീരുക്കളായ ഗൌരീബന്ധുക്കൾക്കു സൂര്യൻ ഉയ ന്നു പ്രകാശിയ്ക്കുന്നത് ഇഷ്ടമായിരുന്നില്ല!

4. ഗൌരിയെ തിരിച്ചുകിട്ടുന്നതിനേക്കാൾ, കുലാഭിമാനം തിരിച്ചുകിട്ടുന്നതായിരുന്നു അവരുടെ ആവശ്യം!

5. പ്രണയികൾക്ക് ഏററവും അഭിലഷണീയമായ വസന്തത്തെ ഒരു തവണയേ അവക്ക് അനുഭവിപ്പാൻ തരപ്പെട്ടുള്ളു. എന്തുകൊണ്ട്: ആർത്തൻ=രോഗി. 'വൈദ്യ......ക്കേണ്ടു'-രണ്ടിനും കൊടുക്കുവാൻ ആ പാവത്തിന്റെ കയ്യിലെന്തുണ്ട്?

6\. ദാരിദ്ര്യ,മവളുടെ കൃത്രിമവിഭൂഷക-
ളോരോന്നായ്ച്ചില നാളാലശിച്ചു കഴികയാൽ,
ഒടുവിൽസ്സഹജമാം ഭൂഷണം — സത്സൌന്ദര്യം —
ഒടുവാ കണക്കിനേ നിന്നുതിന്നുകയായീ!
തന്നുടെ ശരീരത്തെപ്പോലുമത്തപസ്വിനി-
യന്വഹം പ്രേമാഗ്നിയ്ക്കു ഹവിസ്സായ്സ്സമർപ്പിച്ചാൾ;
വിലസത്താരുണ്യമായിരുന്ന പൂമെയ്യതു
തൊലിയിൽപ്പൊതിഞ്ഞുള്ളോരസ്ഥികൂടമായ്ത്തീർന്നു!
7\. ഉച്ചമാമവസ്ഥയിൽപ്പുലർന്ന ഗൌരിയെയും
പിച്ചതെണ്ടിച്ചു ജാതിപ്രാഭവമെന്നേ വേണ്ടു!
ജാതി — ഹാ, നരകത്തിൽനിന്നു പൊങ്ങിയ ശബ്ദം!
പാർ തിന്നും പിശാചിന്റെയേട്ടിലെ രണ്ടക്ഷരം!
അയൽവീടോരോന്നിലുമിരന്നു കഴിഞ്ഞു താൻ;
ദയ തൻതവിടുമില്ലങ്ങിനിക്കിട്ടാനെന്നായ്;
അതിനാലഗതിയാമവൾ തൻ പിച്ചപ്പാള-
യ്ക്കകലെയ്ക്കകലെയ്ക്കു നീളേണ്ടതായും വന്നു.

---

6\. കൃത്രിമവിഭൂഷകൾ=ഉണ്ടാക്കിക്കെട്ടിയ പണ്ടങ്ങൾ. അശിച്ചുക=തിന്നുക. പണ്ടങ്ങളെല്ലാം വിററുതിന്നുതീർന്നതിന്നുപിമ്പു പട്ടിണി പാറിത്തുടങ്ങുകയാൽ അവളുടെ സൌന്ദര്യം കാണെക്കാണെ ക്ഷയിച്ചുതുടങ്ങി. തപസ്വിനി=പാവം; തപസ്സുചെയ്യുന്നവൾ എന്നും. അന്വഹം=നാൾതോറും. 'ശരീരത്തെപ്പോലും'— കുലാഭിമാനവും കുടുംബസ്വത്തും ആഭരണങ്ങളും ആദ്യമേ ഹോമിച്ചുകഴിഞ്ഞല്ലോ.

7\. ഗൌരി പിച്ചയ്ക്കു നടന്നുതുടങ്ങുകയും ചെയ്തു: പ്രാഭവം=പ്രഭുത്വം. 'ജാതി' സമുദായത്തിന്നു തീവ്രവേദനാകരമാകയാൽ നരകോചിതവും, പ്രജാവിനാശകമാകയാൽ പാർ തിന്നും പിശാചിന്നുള്ള പ്രമാണങ്ങളിലൊന്നുമാണ്. ദയതൻതവിടും=തവിടു കൊടുക്കുവാൻ വേണ്ട ദയപോലും.

8. പട്ടിണിക്കുഴിയിങ്കൽപ്പതിച്ച കണ്ണും, വിള-
ത്തൊട്ടിയ കവിളും, മെല്ലുന്തിനില്പൊരു നെഞ്ചും,
ദാരിദ്ര്യാനലധൂമരേഖകൾ പോലേ, കാററിൽ-
പ്പാറിന ചകിരിനേർക്കേശത്തുമ്പുകളുമായ്,
പാഴ്ക്കീറത്തുണിയുടുത്തി,ടർ തേടീടും തേഞ്ഞ
കാൽകളാലിഴഞ്ഞെ,ത്തോ സാധുവാം പിച്ചക്കാരി
ഒരുനാൾ ഗൌരീജന്മഗൃഹത്തിൻ മുററത്തെത്തി;
പെരുതാമാവീടൊന്നു ഞെട്ടിപ്പോയടിയോളം:

9. ആരിതാ?-ച്ചാടിപ്പോയ ചേട്ടയോ—തറവാട്ടിൻ
പേരിനും പെരുമയ്ക്കും പരിക്കു തട്ടിച്ചവൾ—
ആട്ടിയോടിപ്പിൻ ചിക്കെന്നാങ്ങളമാരേ; കരം
നീട്ടിടായ്ക,നുകമ്പയെങ്ങോ പോയലിയട്ടേ:
ഭ്രഷ്ടിനെക്കണ്ണീർകൊണ്ടു നനച്ചു വളർക്കയോ?
ഭ്രഷ്ടിയുമടച്ചല്ലു മേവുന്നു പുരോഹിതൻ!

---

8. അവളുടെ അകലെയ്ക്കകലെയ്ക്കുള്ള പിച്ചതെണ്ടൽ എവിടെച്ചെന്നെത്തി?—ദാരിദ്ര്യം......ഖകൾ=ദാരിദ്ര്യത്തിയ്യിന്റെ പുകനൂലുകൾ. ഇത്ര പാവമായ പിച്ചക്കാരിയുടെ ഇഴഞ്ഞുവരവ്, ആ വലിയ വീടിനെ ഞെട്ടിച്ചുകളഞ്ഞു!

9. ഗൌരിയിൽ അനുകമ്പാവാനായ കവി, ആക്ഷേപത്തെയും അർഹിക്കാത്തവിധം ഗൌരീസഹോദരന്മാർ ചെയ്യു പ്രവൃത്തിക്കു പ്രേരകമായ അവരുടെ മനസ്ഥിതിയെ എടുത്തുപറയുകമാത്രം ചെയ്യുന്നു: ആങ്ങളമാരേ!—മറെറാരാളെക്കൊണ്ടു ചെയ്യിച്ചാൽപ്പോര; ആങ്ങളമാർതന്നെ വേണം. ഭ്രഷ്ടരുടെ നേക്ക് അനുകമ്പ കാണിക്കുന്നതുപോലും പ്രായശ്ചിത്താർഹമാണെന്നത്രേ സ്മാർത്തമതം.

## ൫൪. അതിവൃഷ്ടി

1. ദിവസംപ്രതി ദീർഘപീഡയാ-
ലവശപ്പെട്ടുവരുന്ന പാരിതിൽ
പവമാനപഥത്തിൽ നിന്നിതാ,
നവമായുള്ളോരനർത്ഥവർഷണം!

2. തനിവെള്ളിയുലക്ക വാനിൽനി-
ന്നനിശം ചാട്ടിയനേകകോടിയായ്
ജനിതാമയമിജ്ജഗത്തിനെ-
ക്കനിവില്ലാതെ ചതച്ചു കാറുകൾ.

3. തുടരട്ടെയഹേതുമർദ്ദനം
‘കെടകെട്ടീ’ടിന ദേവനീതികൾ;
ഉടൽ മുററുമുടഞ്ഞു വിണ്ടു നാ-
ലിടവും വാർന്നൊഴുകട്ടെ ചെന്നിണം;

4. മലകൾക്കു കുലുക്കമെന്തു? തൻ-
നിലയിൽത്താനവ പൊങ്ങി നില്പു ഹാ!
ബലമാരുടെ മുഷ്ടിനുള്ളു നിൻ
തല താഴ്ത്താൻ, ശരിയാം മഹത്ത്വമേ! (യുഗ്മകം)

---

1. സമാസോക്തിപ്രധാനമായ ഒരു കൃതി: പവമാനപഥം= വായുമാർഗ്ഗം—ആകാശം, അനർത്ഥവർഷണം=നിഷ്പ്രയോജനമായ മഴ; അതുകൊണ്ടുതന്നെ ആപത്തു പെയ്യൽ എന്നും.

2. വെള്ളിയുലക്കകൾ വലിയ നീർധാരകളാണ്. ജനിതാമയം=പരിക്കേല്പിച്ചുകൊണ്ട്.

3; 4. മഴകൊണ്ടു മലകളിൽനിന്നു കുത്തിയൊലിച്ചുവരുന്ന തുടുചോരവെള്ളമാണ് ചെന്നിണം.

5. ഇളയിൽ പ്രവഹിയ്ക്കയായ് വിപ-
ത്തി,ളവില്ലാതെ മുതിൎന്ന വൃഷ്ടിയാൽ;
വളൎനീലവലാഹകങ്ങളാ
പ്രളയപ്പേമഴയഭ്യസിയ്ക്കയോ!

6. പ്രചുരാസ്മദുദഗ്രദുഷ്കൃത-
പ്രതിഘാതാലടിയിൽത്തുളഞ്ഞിതോ,
പ്രകൃതിയ്ക്കെഴുമീടുവെപ്പിലെ
പ്രതനാംഭഃകലശങ്ങൾ മിക്കതും!

7. പല തുംഗഗൃഹങ്ങൾ കൂടിയും
തല ചായ്ച്ചിങ്ങു വണങ്ങി വീഴ്കവേ,
ബലദൎപ്പമൊടേറെ മുഷ്ക്കടി-
ച്ചലറിക്കേറുകയായ് ജലോൽക്കരം!

8. ഹരിതത്തുകിൽ ചാൎത്തിയമ്മതൻ-
വിരിമാറത്തു കളിച്ച നെല്ലുകൾ

---

5. വളർ...കം=വളൎന്ന കരിംകാറ്.

6. പ്രചുര...താൽ=പ്രചുരങ്ങളും (പെരുത്തവ) ഉദഗ്രങ്ങളും (കൊടിയവ, മുനകൂത്തവ എന്നും) ആയ നമ്മുടെ ദുഷ്കൎമ്മങ്ങൾ ചെന്നു കുത്തിയതിനാൽ. പ്രതനാം...ശങ്ങൾ=പഴയ വെള്ളക്കുടങ്ങൾ; പുഷ്കരാവൎത്തകം തുടങ്ങിയ പ്രളയമേഘങ്ങൾ.

7. ബലദൎപ്പം=(ഗൃഹങ്ങളെ വീഴ്ത്തുവാൻ) തനിയ്ക്കു കെല്പുണ്ടായല്ലോ എന്ന ഗൎവ്വ്. ജലോൽക്കരം=വെള്ളക്കൂട്ടം; മൂഢക്കൂട്ടം എന്നും. വീടുകൾ വീഴുംതോറും വെള്ളം തടവററ് അടിച്ചുകേറുമല്ലോ; മൂഢർ, മററുള്ളവരാൽ വന്ദിയ്ക്കപ്പെടുംതോറും അധികമധികം ഗൎവ്വിഷ്ഠരാകുന്നു.

കരിവാർമുകിലിൻ കഠോരദു-
ശ്ചരിതത്തിന്നടിപെട്ടദൃശ്യരായ്!

9. ദ്രുതമീയപമൃത്യുവാൽത്തിരോ-
ഹിതരാകാസ്സിലി,ളംകിടാങ്ങളേ,
പ്രതതോദ്യമർ നിങ്ങൾ നാട്ടിലെ-
സ്സ്ലതകം പൊൻ വിളയിസ്സയില്ലയോ!

10. ബത കർഷകരേ, ഭവൽപ്രതീ-
ക്ഷിതമാം സവ്സമൃദ്ധിയേയുമേ
വിതതം മഴവെള്ളമഞ്ജസാ
മൃതദേഹത്തുണിയിട്ടു മൂടി ഹാ!

11. ഇതിലേറെയസഹ്യമായ ദു-
സ്ഥിതിയെന്തുണ്ടി?_നിയെന്നു നീങ്ങുമോ,
അതിനിഷ്ഠുരദിങ്മുഖങ്ങളിൽ-
പ്പതിയും നീലനിചോളപാളികൾ?

12. ലയമിക്കൃഷികൾക്കമേററുപോയ്;
ഭയദം ഭാവിദശാവിചിന്തനം;

---

8. ഹരിതം=പച്ചനിറത്തിലുള്ളത്. ദുശ്ചരിതം=ദുഷ്പ്രവൃത്തി.

9. തിരോഹിതർ=മറഞ്ഞവർ. പ്രതതോദ്യമർ=വർദ്ധിച്ച ഉദ്യമത്തോടുകൂടിയവർ.

10. വിതതം=പരന്നത്.

11. നീല...ളി=കറുത്ത മൂടുപടങ്ങളുടെ കൂട്ടം—കരിംകാറുകൾ. നാട്ടിലൊക്കെ പരന്ന കഷ്ടപ്പാട് എന്നു തീരുമോ!

12. ഭാവി...നം=മേലിലെ സ്ഥിതിയെപ്പററി വിചാരിക്കൽ. മഹേശി=പ്രകൃതീശ്വരി:

സ്വയമിങ്ങിനെയോ, മഹേശി, നിൻ–
ദയ തൂകേണ്ടു വലഞ്ഞ പാരിതിൽ?

13. ധ്രുവമിത്ര കരാളകാളിയായ്–
ബ്ഭുവനം ദുർദ്ദിനപൂർണ്ണമാകൊലാ;
തവ പുഞ്ചിരി—സൂര്യരശ്മി—യൊ–
ന്നിവരെക്കാട്ടുക ഭീതി നീക്കി നീ!

14. നിറയും പ്രണയത്തൊടൊ,ന്നിനും
തിറമില്ലാത്ത പൊടിക്കിടാങ്ങളെ
വിറ പൂണ്ടു നനഞ്ഞു ചാഞ്ഞ തൻ–
ചിറകാകുന്നൊരു കൂട്ടിലാക്കിയും,

15. ഘനകർദ്ദമദിഗ്ദ്ധമാം നിജാ–
യനമാകാശമിടയ്ക്കു നോക്കിയും,
ദിനമെത്ര കഴിച്ചു വിസ്മൃത–
സ്വനരിപ്പക്ഷികൾ വൃക്ഷശാഖമേൽ! (യുഗ്മകം)

16. ഇരുളിൻനിറമാർന്നരയ്ക്കലു–
ണ്ടൊരു കീറത്തുണി,യീറനാണതും;
പെരുതാം മഴയത്തു വേലയെ–
ങ്ങു?–രുകുന്നു പശിമൂലമുൾത്തടം;

---

13. കരാളകാളി=ഭയങ്കരമാംവണ്ണം കറുത്തവൾ; ഉഗ്രയായ ഭദ്രകാളി എന്നും. ദുർദ്ദിനം=കാർമൂടിയ ദിവസം.

14; 15. തിറം=സാമർത്ഥ്യം. ഘന...ദ്ധം=മഴക്കാറാകുന്ന ചളി ഇഴുകിയത്. അയനം=സഞ്ചാരസ്ഥലം. വിസ്മൃതസ്വനർ=ശബ്ദിയ്ക്കലിനെ മറന്നവർ.

17. കുടിലുള്ളതൊലിച്ചുപോയ,ടി-
സ്ഥലൂടി വന്നേന്തിയ മാരിനീരിനാൽ;
തടിയിൽക്കുറെയെല്ലുമാത്ര!-മി-
പ്പടിയായ് വല്ല മരച്ചുവട്ടിലും

18. കുളിരാൽ മരവിച്ചു നില്ക്കുമീ-
യെളിയോർതൻ കഥയെന്തറിഞ്ഞിടും,
ലളിതോൽഗതധൂപഗന്ധിയാം
തെളിമച്ചിൽപ്പുലരുന്ന ഭാഗ്യവാൻ? (വിശേഷകം)

19. തനിയേ ധര മുക്കിയാലു,മ-
ദ്ധനികക്ക്ക്ഷിയിൽ, വൃഷ്ടിദേവതേ,
കനിവിൻെറയൊരിററുപോലുമേ
കനിയിപ്പാനസമത്ഥതന്നെ നീ!

20. അവശം വയർ കാഞ്ഞു വേല ചെ-
യ്തിവർ നട്ടെല്ലു വളച്ചതല്ലയോ,
വ്യവസായികളാം പ്രഭുക്കളേ,
ഭവദീയോജ്ജ്വലഹർമ്മ്യതോരണം?

21. ചൊടി പൂണ്ട കമുങ്ങുചാട്ടയാം
മുടി പാറിച്ചുലറുന്ന കാററിനാൽ,

---

16—18. പ്രകൃതികോപത്തിന്നു പുറമേ, മനുഷ്യൻെറ സമസൃഷ്ടസ്നേഹമില്ലായ്മയും: ലളി...ന്ധി=സുഖകരമായി പൊന്തിയ ധൂപത്താൽ മണം തിരണ്ടത്.

20. അവശം=സ്വാതന്ത്ര്യമില്ലാതെ. വ്യവസായികൾ=വ്യവസായത്തിൽ ഏർപ്പെട്ടവർ. തോരണം=കമാനം. പാവങ്ങൾ വയർ കാഞ്ഞു കുമ്പിട്ടുനിന്നു വേല ചെയ്തു ചെയ്തു ക്രമേണ കൂനുള്ളവരാകുന്നു; അതുകൊണ്ടു പ്രഭുക്കൾ തങ്ങളുടെ മാളികയ്ക്കു കമാനംകെട്ടുന്നു.

കൊടിയോരു പിശാചിയേററതിൻ-
പടി വീണിലുടനെത്ര കാശ്മലം!

22. പരിതസ്സുലഘുക്കൾ നിങ്ങൾതൻ-
പരിഷക്കാർ പവനൻെറ ചീററലിൽ
ശരിയായ്ത്തലയാട്ടിടട്ടെ, നൽ-
ഗ്ഗരിമാവൊത്ത മഹീരുഹങ്ങളേ;

23. ജനനീപദലഗ്നർ നിങ്ങളോ,
ഘനസൌഭാഗ്യസരിന്നിഷേവയാൽ
വിന വിട്ടൊഴുകീടുവിൻ സനാ-
തനപൂർണ്ണായതനത്തിലെക്കു താൻ!

---

22; 23. പരിതഃ=ചുററുപാടും. സുലഘുക്കൾ=കനമില്ലാത്തവ. ഗരിമാവ്=ഗൌരവം. മഹീരുഹം=മരം. ജനനീ...ഗ്നർ=അമ്മയുടെ കാല്ക്കൽ വീണവർ. ഘന...വ=കനത്ത സൌഭാഗ്യമുള്ള പുഴയെ സേവിക്കൽ. സനാ...നം=നിത്യവും പൂർണ്ണവുമായ ഗൃഹം—സമുദ്രം. കനത്ത മരങ്ങൾ പുഴങ്ങിവീണു മഴവെള്ളത്തിൽ ഒഴുകിപ്പോകുന്നു.

# ൫൬. കൃഷിക്കാരുടെ പാട്ട്

(കേക)

1. ചെറുണ്ടാമിരിമ്പിനും കണ്ണുനീരെങ്കില, തി-
ങ്ങിററിറുവീണീയക്ഷരങ്ങളായ്ക്കാണാമേനേ:—
“ജീവരക്തത്തെപ്പോററിപ്പുലർത്തും കൃഷിയ്ക്കുള്ള
കേവലായുധങ്ങളായ് മേവേണ്ടുമെൻകൂട്ടക്കാർ
ജീവരക്തത്തെപ്പോർകൊണ്ടൊഴുക്കിക്കളയുന്ന
കൈവേലയ്ക്കുപയുക്തരാവുകയല്ലോ ചെയ്വൂ:

2. എങ്ങാനുമൊരു ശിരസ്സൊന്നുയർന്നതായ്ക്കണ്ടാ-
ല, ങ്ങതിൻനേരേ ചലിച്ചിളിച്ചുകാട്ടും ഖഡ്ഗം,
കുതിച്ചു ചാടും കുന്തം, കുരച്ചുതുപ്പും തോക്കെ-
ന്നിതുകളാക്കിത്തീർക്കപ്പെട്ടുപെട്ടവശർ നാം
ദുഷ്പ്രഭുക്കൾക്കായെത്ര ഘോരക്കൊല നടത്തുന്നീ-
ലി?–പ്പാപക്കറപ്പെന്നു നീങ്ങുന്നു നമുക്കയ്യോ!”

---

1. അഹിംസാനിഷ്ഠരായ ഭാരതീയകർഷകന്മാർ, ലോകത്തിലെ വമ്പിച്ച സാമ്രാജ്യങ്ങളിൽ ക്രമേണ ഏറിയേറിവരുന്ന യുദ്ധസന്നാഹത്തെ കണ്ടു പാടുന്നു: കർക്കശമായ കട്ടിയിരിമ്പിനെപ്പോലും കരയിച്ചുകളയുന്നതാണ്, ആ സാമ്രാജ്യത്തിൻെറ ആയുധനിർമ്മാണസംരംഭം. കേവലായുധം=മററുവിധത്തിൽ കൂടാതെ കഴിയ്ക്കാവതല്ലാത്ത ആയുധം.

2. യുദ്ധായുധങ്ങളുടെ നീചതയെ കാണിക്കുന്നു: വാളിളകുമ്പോഴത്തെ വായ്ത്തലത്തിളക്കമാണ് അതിൻെറ ഇളിച്ചുകാട്ടൽ. ഇപ്പാപ...യ്യോ!—സ്വതേ കറുത്ത ഇരിമ്പിനും അറയ്ക്കത്തക്കതാണ്, ഈ പാപക്കറപ്പ്. ഇരിമ്പിൻെറ ഈ വിചാരം, ഉയർന്നുവരുന്ന അന്യരാജ്യക്കാരെ അടിച്ചമർത്താൻ കൊണ്ടുപോകപ്പെടുന്ന പട്ടാളക്കാർക്കുമുണ്ടാവാം.

3. ആരിതു വായിപ്പാനുണ്ടിന്ന,നക്ഷരർകൃഷി-
ക്കാരധിവസിയ്ക്കുമീക്കറുത്ത നാടല്ലാതെ?
പീരങ്കിപ്പുകകളാൽദ്ദിക്കെട്ടും കറുപ്പിച്ചു
പേരിനെ വെളുപ്പിയ്ക്കും വീരരല്ലീ രാജ്യക്കാർ.

4. അന്യരെയടിച്ചമർത്താർജ്ജിയ്ക്കുമൊരൗന്നിത്യ;-
മന്യായവിമുഖരായുള്ളോർക്കു മിഥ്യൗന്നത്യം:
മററു പർവതങ്ങളെത്താഴ്ത്തിനിർത്തിയിട്ടാണോ,
മുററുമുന്നതി കൊൾവതിന്ത്യതൻ കുലാദ്രീന്ദ്രൻ?
ആ മഹാത്മാവെന്നെന്നുമവതൻ പൊക്കം കണ്ടു
സാമോദം ചിരിച്ചുകൊണ്ടരുൾവൂ തെളിമഞ്ഞാൽ!

5. ഒന്നിനും കാലക്കേടു നേരിടാതിടതിങ്ങി
നിന്നുകൊള്ളട്ടേ നാനാസസ്യങ്ങൾ വയൽകളിൽ;
എന്നോളം മുളയ്ക്കുകില്ലസ്സമസ്പഷ്ടസ്നേഹ,-
മന്നോളം നമുക്കവ തരിശുനിലങ്ങൾതാൻ!

6. ചാണകം വാരാൻവേണ്ടിക്കുമ്പിട്ടുകൊൾകെന്നമ്മേ,
താണുനില്ക്കൊല്ലേ കെട്ടനീതിതൻ തിരുമുമ്പിൽ;

---

3. അനക്ഷരർ=വായിപ്പാനറിയാത്തവർ. വിദ്യാഭ്യാസം ഉള്ളോർ ചുരുക്കമാണെങ്കിലും, ഭാരതീയർക്കേ ഇന്നിതു മനസ്സിലാവുകയുള്ളൂ. 'പീരങ്കി...ക്കാർ'—ലോകമഹായുദ്ധത്തെ സ്മരിയ്ക്കുക.

4. എന്തുകൊണ്ട് അവരതു ചെയ്യുന്നില്ല!—മിഥ്യൗന്നത്യം=അയഥാർത്ഥമായ ഉയർച്ച. കുലാദ്രീന്ദ്രൻ=കുലപർവതശ്രേഷ്ഠൻ—ഹിമവാൻ.

5. എന്നാൽ പരസ്പരം എടുത്തുവിഴുങ്ങുവാൻ തക്കംനോക്കിക്കൊണ്ടാണെങ്കിലും, പല സാമ്രാജ്യങ്ങളും ഇന്നും നിലനിന്നുപോരുന്നുണ്ടല്ലോ എന്നുവെച്ചു നമുക്കവ ബഹുമാന്യങ്ങളല്ലെന്നു്.

6. അതുകൊണ്ടു നമുക്കു നമ്മുടെ ധർമ്മം—ചാണകം വാരലും കലപ്പ ചുമക്കലുമാണല്ലോ കൃഷിക്കാരുടെ ധർമ്മം—ചെയ്യുക; ആയുധ

ച്ചുമലേ, വഹിച്ചുകൊൾകാസ്ഥയാ കലപ്പയെ,-
ച്ചുമന്നുപോകായ്ക നീ സ്വാർത്ഥത്തിൻനിയോഗത്തെ.

7. പോരിനു വിളിയ്ക്കുന്നില്ലാരെയും, കുടിൽകളിൽ-
ച്ചാരുവായ്ത്തിരിയുമിച്ചർക്കകളുടെ ശബ്ദം;
പാരതന്ത്ര്യത്താൽ നഗ്നപ്രായരായോരെ പ്രിയ-
ഗീരിനാൽസ്സമാശ്വസിപ്പിയ്ക്കയേ ചെയ്യുന്നുള്ളൂ.

8. പരർതൻ കഷ്ടപ്പാടാൽപ്പൊറുതി നെയ്ത്തുണ്ടാക്കാൻ—
പരർതൻ മുതുകെല്ലാൽസ്സൌധതോരണംകെട്ടാൻ—
പരർതൻ ശവങ്ങളാൽ സ്വർഗ്ഗസോപാനം തീർപ്പാ-
നൊരുങ്ങില്ലൊരുനാളു,മഹിംസയുടെ രാജ്യം.

9. കാമംപോലുലകിനെക്കശക്കിപ്പിഴിയാന-
ല്ലീ, മഹാകർമ്മക്ഷേത്രമാത്മീയകരങ്ങളെ
ആമത്തിൻകുടുക്കിങ്കൽനിന്നൂരിയെടുപ്പതി,-
ങ്ങാമയവ്യഥിതരെത്തലോടുന്നതിനത്രേ—

10. ഭാരതമതംഗജം ചങ്ങല പൊട്ടിപ്പതു
പാരിനെച്ചതച്ചുകൊണ്ടങ്ങിങ്ങു പായാനല്ല;

---

ബലത്താൽ നിലനില്ക്കുന്ന അധികാരത്തിനു കീഴ്വഴങ്ങരുത്.

7. ഇന്ത്യയുടെ രാഷ്ട്രീയോദ്യമമാകട്ടെ, പരഹിംസാപരമല്ലെന്ന്: പ്രിയഗീര്=ഇഷ്ടമായ വാക്ക്; 'നിങ്ങളുടെ നഗ്നത തീർത്തുതരാം' എന്ന്.

8. സോപാനം=ഒതുക്ക്. മററുള്ളവരെ ഉപദ്രവിച്ചു പൊറുതിയ്ക്കുള്ള വകയോ, ധാരാളം സമ്പത്തോ, സ്വർഗ്ഗംതന്നെയോ നേടുവാൻ ഭാരതഭൂമി ഒരുങ്ങുകയില്ല.

9. ഖദർ ഇരിയ്ക്കട്ടെ;പൂർണ്ണസ്വാതന്ത്ര്യത്തിനു യത്നിയ്ക്കുന്നതോ? അതും പരപീഡനത്തിന്നല്ലെന്ന്: ആത്മീയം=തന്റേത്. ഇങ്ങ് — ഇന്ത്യയിൽ. ആമയവ്യഥിതർ=രോഗംകൊണ്ടു വലയുന്നവർ.

10. തന്നെ മാത്രമല്ല, തന്നെപ്പോലെ അസ്വാതന്ത്ര്യത്തിൽ വീ

വാരിയിൽ വീഴിയ്ക്കപ്പെട്ടുഴലും തൻകൂട്ടരെ-
ക്കൂററ തുമ്പിക്കയ്യാൽപ്പിടിച്ചു കേററാനത്രേ—

11. ഒട്ടേറെനാൾകൊണ്ടാർഷഭൂനദിയിതു ചിറ-
ക്കെട്ടടച്ചൊഴുകുന്നതുഴിയെ മുക്കാനല്ല;
ചുട്ടെരിപൊരിക്കൊള്ളും വിവിധദേശങ്ങളെ-
ക്കഷ്ടമാം ദാഹം പോക്കിജ്ജീവിപ്പിപ്പതിനത്രേ.

12. മംഗളാത്മാവാം ജഗൽക്കർത്താവിൻ കൃഷിനില-
ത്തെങ്ങെങ്ങു മനുഷ്യത്വം ചാഴികൾക്കിരയായ്പ്പോം,
അങ്ങങ്ങാ വിനകളെപ്പേർത്താട്ടിക്കളയുവാ-
നെങ്ങിനെ വീശിയ്ക്കും നാം പ്രാണനവായുവെപ്പോലും?

13. നന്നായിസ്സുഖിയ്ക്കുമാറാകട്ടെ ലോകം സർവ്വ-
മെന്നല്ലോ, ഭരതോർവ്വി പണ്ടേ പാടിയ ഗാനം!

---

ണ മററു രാജ്യങ്ങളേയും പിടിച്ചുകേററാനാണെന്ന്: ഭാരതമതംഗജം=ഇന്ത്യയാകുന്ന ആന. വാരി=ആനയെ വീഴ്ത്തുവാനുള്ള കുഴി.

11. എന്നല്ല, ഏതു രാജ്യത്തിലേയും കഷ്ടപ്പാടു തീർക്കാനാണെന്ന്: ആർഷഭൂനദി=ഋഷികളുടെ ഭൂമിയാകുന്ന പുഴ.

12. ചാഴികൾ=വിള നശിപ്പിയ്ക്കുന്ന ഒരുതരം അണുജീവികൾ. വിന=കെടുതി. വയലിൽ ചാഴിവന്നാൽ വീശിക്കളയുന്നു. ലോകത്തിൽ എവിടെ മനുഷ്യത്വത്തെ നശിപ്പിയ്ക്കുന്ന നിയമങ്ങൾ വരുമോ, അവിടെ പ്രാണൻ കളഞ്ഞും നാം അവയെ അകററും.

13. 'ലോകാസ്സമസ്താസ്സുഖിനോ ഭവന്തു' എന്നത് ഭാരതീയരുടെ ദൈനന്ദിനപ്രാർത്ഥനകളിലൊന്നാണല്ലോ.

# ൨൬. പാരവശ്യം

(അന്നനട)

1. ഇരവുതന്നെയോ മദീയരാജ്യത്തി-
ന്നൊരു പുലർകാലമിവിടെയില്ലെന്നോ!
ശമദമജ്യോതിസ്സ്വരൂപനാം ശുക്രൻ
വിമലശോഭമാം വിളക്കു കാണിയ്ക്കേ,
വളർപൂങ്കോഴികൾ ഗളം നീട്ടിക്കാളം-
വിളിപ്പതു കേട്ടു വിഹംഗജാതികൾ
ചിറകടികളാലുറക്കത്തെപ്പോക്കി
സ്വരഭംഗ്യാ പാടും പ്രബോധഗീതിയാൽ
പുതുചോരയോട്ടമിയന്നതിൻവണ്ണം
പുരഃപ്രദേശത്തിൻമുഖം തുടുത്താലും;
തരുലതാപത്രമൃദുമർമ്മരത്താ-
ലൊരു ദിവ്യമായ മഹാസന്ദേശത്തെ
കഥിച്ചുകൊണ്ടൊരു കമനീയാനിലൻ
പ്രതിദിശം ചുററി നടന്നാലും ഹാ, ഹാ,

---

1. ഇന്ത്യക്കു 'സ്വാതന്ത്ര്യം കിട്ടണം, സ്വാതന്ത്ര്യം കിട്ടണം' എന്നു കരുതി പരിശ്രമിയ്ക്കവേ, 'നിങ്ങൾക്കതു തരാറായിട്ടില്ല' എന്നല്ല, 'നമുക്കതു കിട്ടാറായിട്ടില്ല' എന്നുപോലും മററുള്ളവർക്ക് ഉദാഹരിച്ചു പറയാറാകുമാറ്, ആര്യസമാജനേതാവായ ശ്രദ്ധാനന്ദജിയെ രോഗശയ്യയിൽവെച്ച് ഒരു മുസൽമാൻ കടന്നു വെടിവെച്ചു എന്നു കേട്ടു കവി വിഷാദിയ്ക്കുന്നു; പുലർകാലത്തിൻെറ പല ലക്ഷണങ്ങളും —സ്വാതന്ത്ര്യം കിട്ടുവാൻ മതിയായ പല ഏർപ്പാടുകളും— ഇന്ത്യയിലുണ്ടായിട്ടുകൂടി സ്വാതന്ത്ര്യം കൈവരുന്നില്ലല്ലോ എന്നു വിഷാദം: ശമ...പൻ=ശമദമങ്ങളുടെ തേജസ്സുതന്നെയായ. ചിറക...ക്കി=പക്ഷികൾ ചിറകടിയ്ക്കുന്നത് ഉറക്കത്തെപ്പോക്കാനാണെന്നു സംഭാവനം. പ്രബോധം=ഉണർവ്. പുരഃപ്രദേശം=കിഴക്കുഭാഗം. പ്രതിദിശം—ദി

ഇരവുതന്നെയോ മദീയരാജ്യത്തി-
ന്നൊരു പുലർകാലമിവിടെയില്ലെന്നോ!

2. വിമോചനമില്ലാപ്പെരുംഗ്രഹണമോ
മമ പൂന്തിങ്കൾക്കു പിണഞ്ഞിരിക്കുന്നു—
എരിവെയിൽ വന്നു കുടിച്ചു വററിച്ച
സരിത്തിതിന്നില്ല മഴക്കാലമെന്നോ—
ശിശിരദഗ്ദ്ധമെൻമലർവാടിയിതു
വസന്തലക്ഷ്മിയാൽ മറക്കപ്പെട്ടിതോ!

3. അഹോ, കാലാത്മാവേ, ജഗന്നിയന്താവേ,
അഖിലക്കുമേകപിതാവായുള്ളോവേ,
ഇനിയുമെത്രനാൾ കിടക്കണം, തവ
തനയർ ഞങ്ങളീയടിമച്ചേക്കുണ്ടിൽ!
വടക്കുഭാഗത്തു, വരദിവ്യൌഷധീ-
പടലശാലിയാം പെരിയ പർവ്വതം;
മറുഭാഗത്തിലോ, മഹാർഗ്ഘമായ്പ്പുകൾ
പെറും മണിമുത്തു നിറഞ്ഞ വങ്കടൽ—
ഇതുകൾതൻമദ്ധ്യേ, പല രോഗങ്ങൾക്കും
മുതുവറുതിക്കുമിരയായ മെയ്യാൽ

---

ക്കുതോറും. പുലർകാലലക്ഷണങ്ങൾ ഇത്രയൊക്കെയായിട്ടും, പുലർകാലം വരാത്തത് എത്ര വിഷാദകരം!

2. ശിശിരദഗ്ദ്ധം=കാററുകാലത്താൽ ഇലയും പൂവും മുടിഞ്ഞ് അലക്ഷ്മി പിടിച്ചത്. ലോകത്തിലെ ഉൽകൃഷ്ടവസ്തുക്കളായ ചന്ദ്രൻ നദി ഉദ്യാനം എന്നിവയ്ക്കെല്ലാം ചിലപ്പോൾ ഹാനി പററാറുണ്ട്; താമസിയാതെ അതു തീരാറുമുണ്ട്. ഉൽകൃഷ്ടയായ ഭാരതഭൂമിക്കു പററിയ ഹാനി തീരില്ലെന്നോ!

3. പടലം = കൂട്ടം. ദിവ്യൌഷധികളും വിലയേറിയ രത്നങ്ങളും ഇത്രയുണ്ടായിട്ടുകൂടി—ഇന്ത്യയിലെ പ്രകൃതി ഇത്ര സമൃദ്ധമായിട്ടു

ഇനിയുമെത്രനാൾ ചുമന്നുപോരേണം
കനമേറും ദാസ്യച്ചുമടിതു ഞങ്ങൾ!
തുടന്നെത്രയടി നടക്കുമോ മുന്നോ-
ട്ടു,ടനത്രയടി പിറകോട്ടേ പോരും;
അരുതിപ്പോഴ് പണി, കഴൽ കഴയ്ക്കുന്നു;
വെറും തേക്കകന്നാലികളായീ ഞങ്ങൾ!

4. മറിച്ചാമോ ഫലം, മനുഷ്യധർമ്മമേ
മറന്നു തങ്ങളിൽപ്പൊരുതുവാൻ നിന്നാൽ?
മതങ്ങളൊക്കയും സദൈക്യദർശികൾ;
മതഭക്തർ നാമോ വിഭേദശീലികൾ:
ഇരുളുണ്ടാക്കുന്നു വെളിച്ചത്താൽ നമ്മൾ—
മുറുക്കുന്നു ബന്ധം മുമുക്ഷയാൽ നമ്മൾ!

5. യതിശ്രദ്ധാനന്ദഗുരുവൃദ്ധനുടെ-
യതിവിശുദ്ധമാം തിരുമാറിടവും—
ശിഖ-ഹിന്ദു-കൃസ്ത്യ-മുഹമ്മദീയാദി-
നിഖിലജാതിക്കുമൊരേവിധം സ്ഥാനം

---

കൂടി—രോഗങ്ങളാലും ദാരിദ്ര്യത്താലും കഷ്ടപ്പെടുക; പോരാത്തതിന്ന് ഈ കഷ്ടപ്പാടിൽ ഒരു ചുമടും പേറി നടക്കുക! സ്വാതന്ത്ര്യോദ്യമത്തിൽ പുരോഗതി ഇല്ലായ്കയില്ല; പക്ഷേ, അപ്പോഴും തെളിച്ചുംകൊണ്ടു പുറകേ ഒരാളുള്ളതിനാൽ മുന്നോട്ടു നടന്നേടത്തോളംതന്നെ പിന്നോട്ടും നടക്കുന്നു. ഇങ്ങിനെ ഉദ്ദിഷ്ടസ്ഥാനത്തെത്താതെ ക്ലേശം ബാക്കിയാവുന്നു!

4. സദൈക്യദർശികൾ=ശരിയായ ഐക്യം കാണിക്കുന്നവ. വിഭേദശീലികൾ = തമ്മിൽത്തല്ലിശ്ശീലിക്കുന്നവർ. ഇരുൾ=മതസ്പർദ്ധ. വെളിച്ചം=മതം. വെളിച്ചംകൊണ്ട് ഇരുളുണ്ടാക്കുന്നേടത്തുണ്ടോ, പുലർകാലത്തിന്നു വരുവാൻ പാറുന്നു! ബന്ധം=കെട്ട്. മുമുക്ഷ=വിടുതി കിട്ടുവാനുള്ള ഇച്ഛ.

5. എല്ലാം മതക്കാർക്കും ഒരേവിധം സ്ഥാനം നല്കുന്ന സ്ഥലം

തനതന്തർഭാഗത്തരുളിപ്പോന്നോരു
സനാതനസ്നേഹമസൃണമാം ഹൃത്തും—
വെടിയുണ്ടകളാൽപ്പിളർത്തുവാൻമാത്ര-
മടിപെട്ടിതല്ലോ മതസ്പർദ്ധയ്ക്കു നാം!

6. പെരുതന്തിച്ചുകപ്പിയന്ന വാനിൽനി-
ന്നരുണനെന്നപോല, രക്ഷണത്താലേ,
സ്വരക്താർദ്രരോഗക്കിടക്കയിൽനിന്നു
മറഞ്ഞാനാ മഹാമഹസ്സെന്നേയ്ക്കുമായ്;
അതേ, ഹിന്ദുസ്ഥാനമസൂര്യപ്രായമായ്;
അനാര്യമായ് തത്താദൃശമാര്യസംഘം;
അഭാഗ്യതയിൽനിന്നഭാഗ്യതയിലെ-
യ്ക്കുവപതിച്ചുപോയ് പരവശർ നമ്മൾ!

7. കടന്നു 'കാഫ'റെ വധിച്ചു, വിണ്ണേറാൻ
നെടുംകോണിവെച്ച മുസൽമാൻഭ്രാതാവേ,
കൊലപാതകത്താൽക്കിടച്ചിടും സ്വർഗ്ഗം
കൊടുംപിശാചിന്റെ വകയായിരിക്കും!

---

പോലും പിളർത്തിക്കളയേണമെങ്കിൽ, എത്രമാത്രം മതസ്പർദ്ധ വേണം! നാം—ഇതിൽ ആ മുഹമ്മദീയനോ മുസ്ലീംസമുദായമോ മാത്രമല്ല, മറ്റുള്ളവരും കാരണഭൂതന്മാരാണെന്നു താൽപര്യം.

6. സ്വരക്താർദ്രം=ഉണ്ടയേറ്റു മുറിപ്പെട്ട തന്റെ ചോരകൊണ്ടു നനഞ്ഞത്. മഹാമഹസ്സ്=വലിയ തേജസ്സ്. അസൂര്യപ്രായം=മുക്കാലും സൂര്യനില്ലാത്തത്. (പിന്നെയുണ്ടോ, പുലർകാലം!) അനാര്യം=ആര്യനില്ലാത്തത്—നേതാവില്ലാത്തത്.

7. വികൃതി കാട്ടിയ കുട്ടിയോടെന്നപോലെ ആ ഘാതുകനോടു പറയുന്നു: കാഫർ=മുഹമ്മദുമതം വിശ്വസിക്കാത്തവൻ. 'ഒരു കാഫറെ വധിച്ചാൽ മതി സ്വർഗ്ഗം കിട്ടാൻ' എന്നൊരന്ധബോധമുണ്ട്, ചില മുസ്ലീമങ്ങൾക്ക്. സ്വർഗ്ഗം കിട്ടും; അതു പിശാചിന്റേതായിരിക്കുമെന്നേ ഉള്ളൂ!

8. അഹോ, കാലാത്മാവേ, ജഗന്നിയന്താവേ,
അഗതികൾക്കേകഗതിയായുള്ളോവേ,
ദയചെയ്തു പൊറുത്തരുൾക കുററങ്ങൾ:
ഭയസ്ഥനുനിജനിഴലും ഭീതിദം!
കരൾ കലങ്ങാതേ, കുറ കരുതാതേ,
ഭരതരാജ്യക്കാരഖിലരുമൊപ്പം
ഒരു കുടുംബം പോലിണങ്ങിനിന്നിതാ,
തിരുമുമ്പിലേകസ്വരത്തിലർത്ഥിപ്പൂ:
ഇതേനിമിഷത്തിലൊഴിയാവൂ ഞങ്ങൾ-
ക്ക,തിദുസ്സഹമിച്ചിരപാരവശ്യം!

---

8. ഭയസ്ഥ...ദം = ഭയത്തിൽ (അസ്വാതന്ത്ര്യത്തിൽ) പെട്ടവൻ തന്റെ നിഴലിനെപ്പോലും (അവനവനെപ്പോലും) പേടിക്കുന്നു; ആ ഭയം പരസ്പരദ്രോഹത്തിന്നു കാരണമായിത്തീരുന്നു! ചിരപാരവശ്യം = വളരെക്കാലമായി നിലനില്ക്കുന്ന പാരതന്ത്ര്യം.

## ൫൦. ഇന്ദ്രനും, മാബലിയും

(കാകളി)

1. ഇന്ദ്രപദച്യുതനാകിലുമുൾച്ചലി-
പ്പെന്ന്യേ വിജനത്തിൽ വാണ വൈരോചനൻ
ശ്രീപുനല്ലാഭപ്രഹൃഷ്ടനാം ശക്രന്റെ
സാപഹാസാക്ഷേപവാക്കുകൾ കേൾക്കയാൽ,
ഉന്നമ്രശാന്തിസുധാകണം പോലൊരു
മന്ദസ്മിതമിട്ടു ചൊല്ലിനാനിങ്ങിനെ:—

2. "ഇന്ദ്രവിഭൂതികൾ നില്ക്കട്ടെ, പോകട്ടെ,-
യന്നുമിന്നും സഖേ, മാബലിതന്നെ ഞാൻ:
വെള്ളിപ്പതയെപ്പരത്തും തരംഗങ്ങൾ
തള്ളിയേറട്ടേ, തിരിയ്ക്കട്ടെയഞ്ജസാ;

---

1. വാമനമൂർത്തിയാൽ കീഴടക്കപ്പെട്ടതിന്നുശേഷം മഹാബലി ഒരു പ്രച്ഛന്നരൂപത്തിൽ ഒരൊഴിഞ്ഞ വീട്ടിൽ കഴിച്ചുകൂട്ടിപ്പോന്നു; ഇന്ദ്രൻ തന്റെ ത്രൈലോക്യസാമ്രാജ്യപട്ടം വീണ്ടുകിട്ടിയപ്പോൾ, ആ സ്ഥിതിയിൽ പണ്ടേത്തെ മാബലിയെ ഒന്നു കാണേണമെന്നു കരുതി, ബ്രഹ്മാവിൽനിന്ന് അദ്ദേഹം പാർക്കുന്ന സ്ഥലം അന്വേഷിച്ചറിഞ്ഞ് ഐരാവതപ്പുറത്തേറി അവിടെ ചെന്നു. പരിഹാസാക്ഷേപപൂർവ്വം അദ്ദേഹത്തോടു ചിലതു കടന്നുചോദിയ്ക്കുകയും ചെയ്തു. അതിന്നു മാബലി പറഞ്ഞ മറുപടി: (മഹാഭാരതം ശാന്തിപർവ്വം 230-ം 231-ം അദ്ധ്യായങ്ങൾ നോക്കുക.) മാബലി ഇന്ദ്രപദത്തിൽനിന്നു ച്യുത (കീഴ്പതിച്ചവ)നായെങ്കിലും, അദ്ദേഹത്തിന്റെ ഉള്ളിന്ന് ഒരു ചലിപ്പും തട്ടിയിരുന്നില്ല. വൈരോചനൻ=മാബലി. ശ്രീ...ഷ്ടൻ=ശ്രീയെ വീണ്ടുകിട്ടിയതുകൊണ്ടു പുളച്ചവൻ. ഉന്നമ്ര...ണം=വളർച്ച ശാന്തതയാകുന്ന അമൃതിന്റെ തുള്ളി.

2. 'അങ്ങിപ്പോൾ പണ്ടേത്തെ ആ മാബലിതന്നെയോ?' എന്നു ചോദിച്ചതിന്നു മറുപടി: വിഭൂതി=ഐശ്വര്യം. സിന്ധു=സമുദ്രം.

ശ്രദ്ധിച്ചിടുന്നില്ല രണ്ടിലും, സിന്ധുവിൻ
സത്ത്വഗുണവെണ്മ താവും മണൽപ്പുറം.
വന്ന മലവെള്ളമൊക്കെയൊലിച്ചുപോ-
മെന്നതുകൊണ്ടു പുഴയ്ക്കെന്തു ഹാനിയാം?
നേരമെറിച്ചു,തു പുഞ്ചിരിക്കൊള്ളുന്നു
പാരം തെളിവാന്നു തൂമണൽത്തിട്ടിനാൽ!

3. മൽപ്രസാദത്തിനായ് നൃത്തം മുതിർത്തീടു-
മപ്സരസ്ത്രീകൾതൻ പൊൻകാൽച്ചിലമ്പൊലി
മത്തമരാളകളാരവം പോലെയേ
നിത്യം ശ്രവിച്ചിരുന്നുള്ളു കർണ്ണങ്ങൾ മേ.
കാററാകുമൂഞ്ഞാലിലാടിക്കളിക്കുന്ന
കാശമലർക്കുലയെന്നതിലേറെയായ്
ഉല്ലസിപ്പിച്ചിരുന്നില്ലെൻമനസ്സിനെ-
യുല്ലോളിതമായ പള്ളിവെൺചാമരം.
പാലൊളിക്കൊററക്കുടയോ, മടക്കിക്കു,
മൂലോകസാമ്രാജ്യമൈതാനവാഴ്ചയിൽ
മൌലിക്കു മേൽദ്ദിവി തെല്ലിട ചാഞ്ചല്യ-
മേലാതെ നിന്നൊരു വെൺമേഘമണ്ഡലം!

---

മനസ്വികൾ സമ്പത്തു വരുന്നതിലും പോകുന്നതിലും ശ്രദ്ധിക്കാറില്ലെന്നല്ല, അതു പോകുന്ന സന്ദർഭത്തിലായിരിക്കും അവർ സന്തോഷിക്കുക എന്നു താൽപര്യം.

3. തന്റെ ഇന്ദ്രപദഭോഗങ്ങളെ ശരൽക്കാലാനുഭവങ്ങളോടു സാദൃശ്യപ്പെടുത്തുന്നു: മത്ത......വം=മദിച്ച അരയന്നങ്ങളുടെ മനോഹരശബ്ദം. കാശം=കതിരവാൽപ്പുല്ല്. ഉല്ലോളിതം=വീശപ്പെട്ടത്. വെൺ......ലം=വൃത്താകൃതിയിലുള്ള വെൺകാറ്. അരയന്നങ്ങളുടെ ശബ്ദവും, കാശപ്പൂങ്കുലയുടെ ചാഞ്ചാട്ടവും, വെണ്മേഘവും ആഹ്ലാദപ്രദങ്ങളാണെന്നല്ലാതെ, അവയിൽ ആർക്കും മമതാഭിമാനമോ ഗർവമോ ഉണ്ടാകാറില്ലല്ലോ.

4. അശ്ശരദ്വേളയെനിക്കു കഴിഞ്ഞുപോയ്:
വിശ്വത്തിലാരുള്ളു കാലവിലംഘിയായ്?
ഇപ്പൊഴോ, ശ്രീതന്നിരിപ്പിടമാകിന
പൊൽപ്പൂ മുടിഞ്ഞുപോം ഹേമന്തമായി മേ.

5. വമ്പു ചൊല്ലായ്കിജ്ജയത്താൽ മതി മറ-
ന്നേ;ൻഭുജപ്രൗഢിക്കു സാക്ഷികളല്ലയോ,
‘തമ്പുരാൻ മാബലി’ മേവിന ദിക്കിനും
കുമ്പിട്ടുപോന്ന ഭവാദൃക്ശിരസ്സുകൾ?

6. കാലത്തിനെപ്പോൾക്കറുക്കുന്നുവോ മുഖ,-
മീ ലോകമപ്പോളിരുട്ടിൽപ്പതിക്കയായ്;
കാലമെപ്പോളൊന്നു പുഞ്ചിരിക്കൊണ്ടിടു,-
മീ ലോകമപ്പോൾത്തെളിഞ്ഞു ലസിക്കയായ്.
മീതെ വർത്തിച്ചവർ താഴെയാം കാൽക്ഷണാൽ,
മീതെയാം കാൽക്ഷണാൽ താഴെ വർത്തിച്ചവർ:
നമ്മളെക്കൊണ്ടൊക്കെയിട്ടു തെരുതെരെ-
യമ്മാനമാടുന്നു കാലംതിരുവടി.

---

4. ശരദ്വേള=ശരൽക്കാലം. വിലംഘി = അതിക്രമിക്കുന്നവൻ. ഹേമന്തത്തിൽ താമര നശിക്കും. ശരത്തു പോയി ഹേമന്തം വരുന്നതിൽ ആരും വ്യസനിക്കാറില്ല; ഉവ്വെങ്കിൽത്തന്നെ, എന്നും ഒരാൾക്കു ശരൽക്കാലം വേണമെന്നുവെച്ചാൽ കിട്ടുമോ?

5. ‘എങ്കിലും ഞാൻ ജയിച്ചുവല്ലോ!’ എന്നാണെങ്കിൽ എന്തു ജയം! ഭുജപ്രൗഢി=കയ്യൂക്ക്. ഭവാ...സ്സുകൾ=അങ്ങയെപ്പോലുള്ളവരുടെ (ദേവവർഗ്ഗത്തിന്റെ) ശിരസ്സുകൾ. മാബലി ഇന്ദ്രപദത്തിലിരിക്കെ, ഇന്ദ്രനുൾപ്പെടെയുള്ള ദേവകൾ ‘നമസ്തസ്യൈ ദിശേ ചാസ്തു യസ്യാം വൈരോചനോ ബലിഃ’ എന്നു നമസ്കരിക്കാറുണ്ടത്രേ (ഭാരതം).

6. അത്ര കയ്യൂക്കുള്ള ഞാൻ തോല്പിക്കപ്പെട്ടതു കാലത്താൽ മാത്രമാണെന്ന്: രാപ്പകലുകളാണ് ഇതിൽ അധ്യവസാനവിഷയം.

7. ഇന്ദ്രന്റെ വേഷത്തിനെന്നെ നിയോഗിച്ചി-
തിന്നലെ സ്വേച്ഛയാലി,ന്നു ഭവാനെയും;
നാളെയെന്നെത്താൻ വിളിച്ചുവെന്നാവ്വരാം,
കാലാഖ്യനാമിക്കളിയോഗനായകൻ.

8. ഞാനും ഭവാനും കണക്കെ നൂറായിരം
വാനവേന്ദ്രന്മാരുണക്കിലയ്ക്കൊപ്പമേ
പാറിപ്പറന്നുകഴിഞ്ഞിരിയ്ക്കുന്നു, കെ-
ല്ലേറും കൃതാന്തന്റെ നേരിയൊരൂത്തിനാൽ.

9. കാല,മതിന്റെ കനത്ത കരംകൊണ്ടു
ലീലയാലൊന്നു പിടിച്ചുകുലുക്കിയാൽ
പാടേ പതറിക്കൊഴിഞ്ഞുപോം, ബ്രഹ്മാണ്ഡ-
പാദപപ്പൂക്കളാം താരങ്ങൾക്കൂടിയും!

10. പോരുമീ വിഭ്രാന്തി: മോദവും ഖേദവും
വൈരോചനിയ്ക്കില്ല ലബ്ധനഷ്ടങ്ങളിൽ;
കാലം തരുന്നു, തിരിച്ചെടുക്കുന്നു, തൻ-
ബാലരാം നമ്മെക്കളിപ്പിച്ചുകൊണ്ടഹോ.

---

7. 'നാളെ......വരാം'—ഇനിയത്തെ മന്വന്തരത്തിൽ മാബലിയായിരിയ്ക്കും ഇന്ദ്രൻ എന്നാണല്ലോ പൌരാണികമതം.

8. നമുക്കു തമ്മിൽ കൈമാറുവാനുള്ള ഒരു സ്ഥാനവുമല്ല ഇതെന്ന്: കൃതാന്തൻ=എല്ലാററിനും അവസാനം വരുത്തുന്നവൻ—കാലം.

9. ഇന്ദ്രപദത്തിലെ ഉണക്കിലകളുടെ കഥ പോകട്ടെ; ബ്രഹ്മാണ്ഡവൃക്ഷത്തിന്റെ അഗ്രത്തിലുള്ള നക്ഷത്രപ്പൂക്കളെത്തന്നെ പാടേ കൊഴിയ്ക്കുവാൻ കാലത്തിന്നു പ്രയാസമില്ല.

10. അതുകൊണ്ട്: വിഭ്രാന്തി=(മാബലിയ്ക്കിതിൽ വിഷാദമുണ്ടെന്ന) അന്ധാളിത്തം. ലബ്ധനഷ്ടങ്ങൾ=കിട്ടിയതും, ചേതപ്പെട്ടതും.

11. ബുദ്ധിമാന്മാർക്കിത്ര മഞ്ഞളിയ്ക്കില്ല ക-
ണ്ണ,സ്ഥിരവൃത്തിയാം ലക്ഷ്മിതൻ മിന്നലിൽ:
എത്രനേരം നിലക്കൊള്ളുമൊരേടത്തി-
ല,ബ്ധിത്തിരകൾതൻ കൂടെപ്പിറപ്പവൾ!

12. കാലജിതന്റെ സ്വജിതനെന്നെണ്ണായ്ക;
മൌലി നോവിയ്ക്കായ്ക ഗർവ്വിൻചുമടിനാൽ.
ലോലനാകാതെ ഭുജിച്ചുകൊണ്ടാലു,മീ
നാലഞ്ചു നാളെയ്ക്കു കൈവന്ന ലക്ഷ്മിയെ”

13. ഭാരതീയന്റെയല്ലാത്ത മുഖത്തോടു
ചേരാത്തതാമിശ്ശമോക്തിതൻ ഗൌരവാൽ
താണുപോയ് ദേവേശ്വരന്നു, മദൌദ്ധത്യ-
മാർന്നിരുന്ന ശിരസ്സുത്തംസഭാസുരം,
ഐന്ദ്രമാമപ്പെരുംചെംകോലിനാൽത്തന്നെ-
യൂന്നുകൊടുക്കിലും പൊങ്ങാതെയാംവിധം.

---

11. കൂടാതെ, സമ്പത്തു സ്ഥിരവുമല്ലല്ലോ; ഇത്ര—ഇപ്പോൾ അങ്ങയ്ക്കു പദവിയത്ര. അസ്ഥിരവൃത്തി=ഉറച്ചുനില്ക്കാത്തവൾ. സമുദ്രത്തിലെ തിരകൾ എപ്പോഴും ഒരിടത്തുനിന്നു മറ്റൊരിടത്തേയ്ക്കു പോയ്ക്കൊണ്ടിരിയ്ക്കുന്നു; അതുതന്നെയാണ്, അവയുടെ ഉടപ്പിറന്നവളായ (സമുദ്രജാതയായ) ശ്രീയുടേയും ഗതി.

12. കാലജിതൻ=കാലത്താൽ ജയിയ്ക്കപ്പെട്ടവൻ. ലോലൻ=കൊതിയോടുകൂടിയവൻ. ലോലനായാലോ, ‘നാലഞ്ചുനാൾ’ക്കുശേഷം വിഷാദിയ്ക്കേണ്ടിവരും.

13. ശമോക്തി=ശമത്തോടുകൂടിയ വാക്ക്. മദൌദ്ധത്യം=മദം കൊണ്ടുള്ള പൊങ്ങച്ചം. ഉത്തംസഭാസുരം=ശിരോഭൂഷണം (കിരീടം) കൊണ്ടു പ്രകാശിയ്ക്കുന്നത്. ഐന്ദ്രം=ഇന്ദ്രന്റേത്.

## ൭൯. ഫലപ്രാപ്തി

(വഞ്ചിപ്പാട്ട്)

1. ദീർഘദീർഘനമസ്കാരം, ദീനദയാനിധാനമേ,
വ്യാഘ്രാലയേശ്വര, ഹര, ശങ്കര, ശംഭോ!
പുഴുവെയും ത്രിവിഷ്ടപപ്പുരാനെയുമൊരുപോലേ
തഴുകിത്താലോലിക്കും നിൻവാത്സല്യലക്ഷ്മി
കാമിതത്തെത്തരുവാനാസ്ഥാത്തിരിക്കെ,യിതുവരെ-
ക്കൈ മലർത്തിക്കാണിച്ചീലാ കാതരർ ഞങ്ങൾ:
സത്യത്തിൻ നിസർഗ്ഗരമ്യവക്ത്രത്തെ മരമോന്ത വെ-
ച്ചെത്രമേൽ വികൃതമാക്കീ സ്വാർത്ഥക്കളിക്കാർ!

2. പരരെന്തെങ്കിലും പാടിപ്പരത്തട്ടേ, വാസ്തവത്തി-
ലിരുളുകളല്ല നമ്മളെളിയവരേ;
വരുവിൻ വരുവിൻ മാറിമറഞ്ഞെങ്ങാനും നില്ക്കാതെ,
നരത്വമാം വെളിച്ചത്തിൻ സമീപത്തെയ്ക്കായ്!
എങ്ങപക്വാശയർ ഞങ്ങളെ,ങ്ങീ മഹാഫലപ്രാപ്തി?-
മംഗളാത്മൻ, വെല്വൂതാക ഗാന്ധിമാമുനേ:

---

1. സത്യാഗ്രഹസമരത്താൽ വൈക്കം ക്ഷേത്രവീഥി കീഴ്ജാതിക്കാർക്കു സഞ്ചാരാർഹമാണെന്നു രാജവിളംബരം പുറപ്പെട്ടപ്പോൾ, അവർക്കു പാടിനടപ്പാനായി എഴുതിയത്: നിധാനം=ഇരിപ്പിടം. വ്യാഘ്രാലയം=വൈക്കം. കാതരർ=ഭീരുക്കൾ. സത്യം—ഈശ്വരനു പുഴുവും പുരാനും ഒരുപോലെ വാത്സല്യപാത്രമാണെന്നത്. മരമോന്ത=ഈശ്വരനും അയിത്തം പാറുമെന്നും മറ്റും.

2. ഇരുളാണെങ്കിലല്ലേ, വെളിച്ചത്തെയ്ക്കു വരുവാൻ പേടിയ്ക്കേണ്ടൂ! അപക്വാശയർ=മനസ്സിന്നു പാകം വരാത്തവർ.

എങ്ങുമടച്ചിട്ടിരുന്ന തുംഗാധ്വാവെത്തുറപ്പിച്ച-
ത,ങ്ങയുടെ തത്താദൃശതപശ്ശക്തിതാൻ!

3. ആരുടെയീ വിളംബര,മാത്തനഗ്നക്കോരംബര,-
മാത്മസംസ്കാരാഡംബര,മൈക്യവിണ്മരം,
സത്യഗ്രഹഗുരുവിന്റെ സത്തമോപദേശം പോലെ
മുക്തിമാഗ്ഗത്തിങ്കലെല്ലു കേററി നമ്മളെ;
മാതുലനെപ്പോലേ ശുഭഹേതുലസച്ചരിതയ,-
സ്സേതുലക്ഷ്മീഭായി, വഞ്ചിക്ഷ്മാതലേശ്വരി.
ക്ഷേത്രങ്ങളിലാട്ടുകോഴിഗാത്രശോണിതത്താലതി-
മാത്രപങ്കിലമാം ബലിവേദികയെയും,
നീളെത്തീണ്ടൽച്ചേർ പുരണ്ട പാരിനെയുമെന്നെല്ലു-
ക്ഷാളനം ചെയ്തുവല്ലോ തൽപ്രേമപ്രവാഹം! (മായ്

4. പരർതൻജീവരക്തത്താലെരിതൃഷ്ണതീത്തുപോന്ന
പെരിയ ദേവതകളും നരരുമിതാ,
പൈശാചികദശയിൽനിന്നാശു നിമ്മുക്തരായ്,
നാശനമാം ദേവിയുടെയനുഗ്രഹത്താൽ! (പാപ-
അമ്മത്തമ്പുരാട്ടിതന്നേ നമ്മൾക്കിപ്പോൾതമ്പുരാട്ടി;
ധമ്മരാജ്യംതന്നെ ദേവി വാഴുമീ രാജ്യം.

---

3. അംബരം=വസ്ത്രം. ആഡംബരം=ഭൂഷണം. മാതുലൻ—മൂലം തിരുനാൾ മഹാരാജാവ്. ശുഭ...ത=മംഗളത്തിനു കാരണമായിശ്ശോഭിക്കുന്ന പ്രവൃത്തികളോടുകൂടിയവൾ. അതി...ലം=ഏററവും ചളിയിഴുകിയത്. മഹാറാണി, വേണാട്ടിലെ ക്ഷേത്രങ്ങളിൽ ജന്തുബലി പാടില്ലെന്നു് ആജ്ഞാപിക്കുകയുണ്ടായല്ലോ.

4. മഹാരാജ്ഞിയുടെ ഈ വിളംബരങ്ങൾകൊണ്ടു്, ആട്ടുകോഴികൾക്കും അയിത്തജാതിക്കാർക്കുമുണ്ടായ രക്ഷയിരിക്കട്ടെ; പെരിയ ദേവതകൾക്കും പെരിയ മനുഷ്യർക്കുംകൂടി രക്ഷ കിട്ടി.

ഇത്തിരുമേനിയ്ക്കാരോഗ്യമൊത്ത ചിരായുസ്സു നല്കാൻ
മൃത്യുഞ്ജയഭഗവാനോടർത്ഥിയ്ക്ക നമ്മൾ.

ദീർഘദീർഘനമസ്കാരം, ദീനദയാനിധാനമേ,
വ്യാഘ്രാലയേശ്വര, ഹര, ശങ്കര, ശംഭോ!

---

# ൮൯. കാലം മാറി

(കേക)

1. ചെമ്പരുത്തിപ്പൂച്ചൂട്ടും കോഴികൾ ചെവികൾക്കൊ-
രിമ്പത്തെക്കൊടുക്കുന്ന കാഹളമൂതിക്കൊണ്ടാർ.
കൂരിരുട്ടുകളെന്തോ മന്ത്രിച്ചു തമ്മിൽത്തമ്മിൽ:—
'ആരിതു കിഴക്കുഭാഗത്തൊരു കൃശഗാത്രൻ,
ദാരിദ്ര്യം വെളുപ്പിച്ചുകൊടുത്തോരുടുപ്പുമായ്
നേരിട്ടു നമ്മെ നോക്കിനില്ക്കുന്നു നിരാശങ്കം?
ദിങ്മുഖങ്ങളിലെല്ലാം കരി തേപ്പിച്ചോരായ
നമ്മുടെ നേരേ നോക്കാനേവനീ വെണ്ണീർക്കൊച്ചൻ!'

2. ചിലതു മിഴി ചിമ്മീ നക്ഷത്രപ്പരിഷയിൽ,-
ച്ചിലതോ, മുന്നേപ്പോലെ നിശ്ചലം നിലകൊണ്ടു.

3. പക്ഷികൾ കളഗീതം പാടിനാർ:—'ശുക്രൻ! ശുക്രൻ!
അക്ഷയജ്യോതിർമ്മൂർത്തേ, സ്വാഗതം ഭഗവാനേ!
നിന്തിരുവടിയുടെ സൌമ്യമാം തേജസ്സാലും,
വൻതമസ്സുകൾ—രാവാം രാക്ഷസിയുടെ മക്കൾ—
സന്ത്രസിച്ചുഴലുന്നു, തഴച്ച തൻഗാത്രത്തി-
ലന്തകദംഷ്ട്രാഗ്രങ്ങൾ തറച്ചാലത്തെപ്പോലെ!

---

1. കോഴി കൂകിയതു കേട്ട് ഇരുട്ടുകൾ കിഴക്കുദിച്ച ശുക്രനക്ഷത്രത്തെ നോക്കി പറയുന്നു: 'ദാരിദ്ര്യ.....പ്പുമായ്'—ശുക്രന്റെ നേർത്ത പ്രകാശത്തെ, ദാരിദ്ര്യം അലക്കിക്കൊടുത്ത ഉടുപ്പായി കല്പിച്ചിരിക്കുന്നു. വെണ്ണീർക്കൊച്ചൻ=ഒരു വെണ്ണീറിൻതരിപോലിരിക്കുന്നവൻ.

2. പുലർകാലമടുത്താൽ ചില ചില നക്ഷത്രങ്ങൾ കെടുമല്ലോ.

3. അക്ഷ.....ർത്തി=നാശമററ തേജസ്സ്വരൂപൻ. സന്ത്രസിക്കു

4. ആലയങ്ങളേ, നിങ്ങൾ കൺമിഴിച്ചുരുഭക്തി-
ജ്ജ്വാലയാലുപചാരദീപങ്ങൾ കൊളുത്തുവിൻ!'

5. ഉൾത്തട്ടിലിരുട്ടുകൾക്കഭയസ്ഥാനം നല്കു-
മുദ്ധതസമുദ്രത്തിൻ ഗർജ്ജനം മേന്മേൽപ്പൊങ്ങീ;
എന്നാലതാരും തീരെഗ്ഗണിച്ചീലി, തേവരെ
നന്ദിച്ചു മൂളിപ്പോന്ന കൂമരും മൌനം തേടീ!
പ്രത്യുത, പ്രജകൾക്കബ്ഭീഷണഘോഷം ശുഭ-
പ്രത്യൂഷപ്പെരുംപറദ്ധ്വാനമായത്രേ തോന്നീ!

6. മാമരത്തോപ്പിങ്കലും മറവുമായ്ക്കൂട്ടംകൂടീ
ഭീമരാം തിമിരങ്ങൾ:—"എന്തൊരാശ്ചര്യം, നമ്മൾ
ആകാശംവരെക്കെട്ടിപ്പൊക്കിയ കരിങ്കല്ലിൻ-
പ്രാകാരം കളിമണ്ണിൻേറതു പോലുടയുന്നു!
നന്നു, നമ്മുടെ ചവുട്ടടിയിലമന്ന പാഴ്-
കുന്നുകൾ തല പൊക്കിനില്ക്കാനും തുടങ്ങിയോ!

---

കു=അമ്പരക്കുക. ശുക്രൻെറ സുകുമാരങ്ങളായ കിരണാഗ്രങ്ങൾ ഇരുട്ടുകൾക്ക് അന്തകദംഷ്ട്രാഗ്രങ്ങളാണ്.

4. പുലർകാലത്തു വീടുകളിൽ വിളക്കു കൊളുത്തിക്കാട്ടാറുള്ളതിനെപ്പററി, ഉപ......പങ്ങൾ=ആദരിക്കുവാനുള്ള വിളക്കുകൾ.

5. സമുദ്രത്തിന്നുള്ളിൽ പ്രകാശം കടക്കാത്തതുകൊണ്ട്, അവിടെ ഇരുട്ടുകൾക്ക് എപ്പോഴും പേടിക്കാനില്ലല്ലോ. പ്രത്യൂഷം=പ്രഭാതം.

6. ഇരുട്ടു വെളിസ്ഥലങ്ങളിൽനിന്നു ചുരുങ്ങിച്ചുരുങ്ങി മരത്തോപ്പു മുതലായ മറവുള്ള സ്ഥലങ്ങളിൽ കൂടിനിന്നു; പലരും കൂടിയിരുന്നു വല്ലതിനേയുംപററി സംസാരിക്കുന്നതിന്നും 'കൂട്ടംകൂടുക' എന്നു പറയാറുണ്ട്. പ്രാകാരം=മതിൽ. ആകാശത്തുനിന്ന് ഇരുട്ടു കീഴ്പ്പോട്ട് ഇടിഞ്ഞിറങ്ങുന്നു; ഇരുൾ മൂടിക്കിടന്ന ചെറുകുന്നുകളുടേയും മുകൾബ്ഭാഗത്തു പ്രകാശം തട്ടുന്നു. ഇരുട്ടിൻെറ മേൽബ്ഭാഗത്തു പ്രകാശം പരക്കു

നന്മാംസഖണ്ഡം പോലീ ബ്രഹ്മാണ്ഡം വിഴുങ്ങിയ
നമ്മളെ നരപ്പിയ്ക്കുമീ വെള്ളിയെന്നോ വന്നൂ!

7\. പൂക്കളാൽച്ചിരിപൂണ്ടു ചില്ലയാലാംഗ്യം കാട്ടി
നേക്കു നീ പിറുപിറുക്കുന്നതെന്തിളംകാറേ:
'നിങ്ങൾ കണ്ടിട്ടില്ലാത്ത നാണ്യങ്ങൾ ചിലതുണ്ടു
തുംഗമാം പ്രകൃതിതൻതൃക്കലവറയ്ക്കുള്ളിൽ;
കേവലമതുകളിലൊന്നിനെ വെളിയ്ക്കെടുത്തി-
ച്ചീ, 'വെള്ളി' തനിത്തങ്കം പൂശിയ്ക്കുമുലകത്തെ!
ആവതില്ലിനിച്ചളിപ്രായരേ, നില്ക്കുവാൻ നിങ്ങൾ-
ക്കാവലിൻചിറകിനാൽപറന്നുപോയ്ക്കൊൾകെന്നോ!"

8\. കാടിപ്പോയ് ചിക്കെന്നിരുൾക്കാട്ടാളർ, കാടായ്നിന്ന
നാടിൻെറ നൈസർഗ്ഗികസൌഭഗം വെളിപ്പെട്ടു;
അപ്പഞ്ഞക്കരിമ്പടം കടലിൽക്കളഞ്ഞുംവെ-
ച്ചി,പ്പൂർവ്വഘരിത്തിതാ, ചാരുനീരാളം ചാർത്തി;

---

ഞതിനെ നരയ്ക്കലായിക്കല്പിച്ചിരിയ്ക്കുന്നു; 'ഇനിയെന്തുവേണ്ടു?' എന്ന ചിന്തകൊണ്ടും തല നരയ്ക്കുമല്ലോ.

7\. പുലർകാലക്കാററു വീശി; മരച്ചില്ലകൾ ഇളകുന്നു; പൂക്കൾ വിരിയുന്നു. "അതുകളിലൊന്നു"—സൂര്യൻ എന്നു താൽപര്യം. 'വെള്ളി' തുച്ഛമാണെന്നു കരുതേണ്ട; അതു ലോകത്തെ തങ്കം പൂശിയ്ക്കും! പ്രഭാതത്തിൽ ആവലുകൾ അങ്ങിങ്ങു പറന്നുപോകുന്നതിനെ ഇരുട്ടു പറന്നുപോകുന്നതായി സംഭാവനംചെയ്യുന്നു.

8\. നൈസർഗ്ഗികം=സ്വതേ ഉള്ളത്. പഞ്ഞക്കരിമ്പടം=ഇരുട്ട്.

അലസം പ്രബുദ്ധമായ്; മലിനം വിശുദ്ധമായ്;
കലുഷം പ്രസന്നമായ്; കാലമത്രയും മാറീ!

---

പൂർവ്വഹരിത്ത് = കിഴക്കേദിക്ക്. പുലർകലേത്തുടപ്പ് നല്ലവണ്ണം പരന്നു.
അലസം = മടിപിടിച്ചുകിടന്നത്. പ്രസന്നം = തെളിഞ്ഞത്.

871

871

871 871

# സാഹിത്യമഞ്ജരി

(ഏഴാം ഭാഗം—സടിപ്പണീകം)

871 871 1702

ഗ്രന്ഥകത്താവ്:
വള്ളത്തോൾ

871

മൂന്നാം പതിപ്പ്, കോപ്പി ൧൦൦൦.

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ.
൧൧൨൦

വില ക. 1—8—0

(പകപ്പവകാശം ഗ്രന്ഥകത്താവിന്നു്. എല്ലാ പ്രതികളിലും ഗ്രന്ഥകത്താവിന്റെ ഒപ്പടയാളമുണ്ടായിരിക്കും.)